

''നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ''
ഉല്പ. 41: 55

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 90 ലക്കം 09 മാർച്ച് 2018

# ഉള്ളടക്കം

നോമ്പുകാല സന്ദേശം Ref: 3063/K-5/KCBC/OL/DS ......... 1
സർക്കുലർ 18 Ch.190-265 ......................................... 16
സർക്കുലർ 18 Ch.191-266 ......................................... 19
സർക്കുലർ 18 Ch.192-267 ......................................... 24
കച്ചേരിക്കാര്യം ......................................... 26
അതിരൂപതാദിനാചരണം ......................................... 33
MARIOS ......................................... 35
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ......................................... 36
പാസ്റ്ററൽ കൗൺസിൽ ......................................... 37
സന്ദേശനിലയം ......................................... 38
ചെറുപുഷ്പ മിഷൻലീഗ് ......................................... 41
ഫാമിലി അപ്പോസ്റ്റലേറ്റ്. ......................................... 43
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........... 47
AKCC ......................................... 49
യുവദീപ്തി ......................................... 53
കെ.സി.എസ്.എൽ. ......................................... 56
ജീവകാരുണ്യനിധി ......................................... 57
ചാസ് ......................................... 59
ആത്മതാകേന്ദ്രം ......................................... 66
കെയർ ഹോംസ് ......................................... 68
കരിസ്മാറ്റിക് നവീകരണം ......................................... 71
ദലിത് കത്തോലിക്കാ മഹാജനസഭ ......................................... 72
വിൻസെൻഷ്യൻ വേദി ......................................... 73
ഫ്രാൻസിസ്കൻ അല്മായസഭ ......................................... 75
ദീപിക ഫ്രണ്ട്സ് ക്ലബ് ......................................... 77
ബൈബിൾ കൺവൻഷൻ റിപ്പോർട്ട് ......................................... 78
ആവേമരിയ ......................................... 81
പൗരോഹിത്യ ആദ്ധ്യാത്മികത ......................................... 82
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ......................................... 88
Engagements. ......................................... 95

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org



സാർവ്വത്രികസഭയുടെ സംരക്ഷകനും
നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥനുമായ
**മാർ യൗസേപ്പ് പിതാവിന്റെ**
തിരുനാളാശിസ്സുകൾ

# പ്രാർത്ഥനാശംസകൾ




## നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

## അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്

## അതിരൂപതാ കുടുംബത്തിന്റെ

## പ്രാർത്ഥനാശംസകൾ

# പ്രാർത്ഥനാശംസകൾ



നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

## അഭിവന്ദ്യ പവ്വത്തിൽ പിതാവിന്

അതിരൂപതാ കുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ

# പ്രാർത്ഥനാശംസകൾ



**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**
**വെരി റവ. ഡോ. ജോസഫ് മുണ്ടകത്തിലിന്**
**അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംകൾ**

# അഭിവന്ദ്യ പിതാക്കന്മാർക്ക്
# ചങ്ങനാശേരി അതിരൂപതയുടെ
# പ്രാർത്ഥനാശംസകൾ!



**മാർ ജോൺ നെല്ലിക്കുന്നേൽ**
നിയുക്ത മെത്രാൻ, ഇടുക്കി രൂപത




**മാർ ജെയിംസ് അത്തിക്കളം**
നിയുക്ത മെത്രാൻ, സാഗർ രൂപത




**റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
സഹായമെത്രാൻ, ആലപ്പുഴ രൂപത

# 18–ാം ചരമവാർഷികം

**2018 മാർച്ച് 23**



## മാർ ആന്റണി പടിയറ



ബത്തേരി, പുത്തൂർ രൂപതകളുടെ
മെത്രാനായിരുന്ന
**ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്**
**പിതാവിന്**
ചങ്ങനാശേരി അതിരൂപതയുടെ
ആദരാഞ്ജലികൾ

Ref: 3063/K-5/KCBC/OL/DS

30.1.2018

# 2018-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തുവരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാനസാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പുകാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിതത്തിന്റെ എല്ലാമേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചുവരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കുകൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: "അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)

ഈ വാക്കുകൾ മിശിഹായുടെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസഹനം തുടുങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു ഈശോയുടെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളുകളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചുപോകും.

### വ്യാജപ്രവാചകന്മാർ

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജപ്രവാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.

"പാമ്പുപിടിത്തക്കാരെ"പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റുള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയി

ക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴിയും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീകരിക്കപ്പെടുന്നത്! അവ യഥാർഥസുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. 'എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.'

വ്യാജപ്രവാചകന്മാർക്ക് "മുറിവൈദ്യന്മാരാ"യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ചവടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു. അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാസത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യ ഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന് ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടുത്തുചെന്നു നോക്കണം മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദയത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ചറിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

**തണുത്ത ഹൃദയം**

ദാന്തെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞുപോകുമെന്ന് നമ്മോടുതന്നെ നാം ചോദിക്കണം.നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്?

പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്"

(1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാധാനത്തെയും ഉപേക്ഷിക്കും; അവിടത്തെ വാക്കിലും കൂദാശകളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയിക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയല്ക്കാർ എന്നിവർക്ക് എതിരേ ഉള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദ സാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യം കൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു. നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച ആകാശം മരണകരമായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏററവും വ്യക്തമായ അടയാളങ്ങളെ എവാഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർത്ഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ അശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

**നാം എന്താണു ചെയ്യേണ്ടത്?**

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ അമ്മയും അധ്യാപികയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമ

ദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിന്തുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ, ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്നതിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

## ഈസ്റ്ററിന്റെ അഗ്നി

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട "24 മണിക്കൂർ കർത്താവിനുവേണ്ടി" എന്ന കർമ്മം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ അത് മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന "അങ്ങു പാപം പൊറുക്കുന്നവനാണ്" എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണുക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമ്മം ഒരിക്കൽക്കൂടി നടത്തും. "പുതിയ തീയിൽ" നിന്നെടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ലിറ്റർജിക്കൽ സമ്മേളനത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. "മഹത്ത്വത്തിൽ ഉയിർക്കുന്ന മിശിഹായുടെ പ്രകാശം നമ്മുടെ ഹൃദയങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന് 1 നവംബർ 2017
സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**സർക്കുലർ** 18 Ch.190-265

# വലിയ നോമ്പ്

## മാനസാന്തരം – അനുതാപം – അനുരഞ്ജനം – നവീകരണം

ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

വലിയ നോമ്പാചരണം പാതിവഴി പിന്നിട്ടിരിക്കുന്നു. നോമ്പാചരണത്തിന്റെ ലക്ഷ്യങ്ങളായ മാനസാന്തരം, അനുതാപം, അനുരഞ്ജനം, നവീകരണം എന്നിവയിൽ എത്രമാത്രം മുന്നേറാൻ സാധിച്ചു എന്ന് ആത്മശോധന ചെയ്ത് ലക്ഷ്യത്തിലെത്താനുള്ള തീവ്രമായ പരിശ്രമത്തിന്റേതാകട്ടെ ഇനിയുള്ള ദിവസങ്ങൾ.

മാനസാന്തരത്തിനുള്ള ആഹ്വാനം ബൈബിളിലുടനീളം നമുക്കു കാണാൻ കഴിയും. തിന്മയിൽനിന്ന് നന്മയിലേക്കുള്ള മാറ്റമാണ് മാനസാന്തരം. അതായത് പാപമാർഗ്ഗങ്ങൾ വെടിഞ്ഞ് ദൈവം കാണിച്ചുതന്ന വഴിയിലൂടെ യാത്ര ചെയ്യാനുള്ള ദൃഢനിശ്ചയമാണിത്. മനസ്സിന്റെ നിലപാടാണ് ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്വാധീനിക്കുന്നത്. ദൈവഹിതത്തിന് വിരുദ്ധമായ എല്ലാത്തിൽനിന്നും പിന്തിരിഞ്ഞ് – അത് ചിന്തയിലോ വാക്കിലോ പ്രവൃത്തിയിലോ ആകാം – ദൈവകല്പനകൾ പാലിച്ചുകൊണ്ടുള്ള ജീവിതമാണ് മാനാസാന്തരം അർത്ഥമാക്കുന്നത്. മനുഷ്യകുലത്തിന്റെ മുഴുവൻ മാനസാന്തരത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഇടപെടലുകളും പ്രബോധനങ്ങളും വെളിപ്പെടുത്തലുകളും ശിക്ഷണങ്ങളുമാണ് രക്ഷാചരിത്രം. പഴയനിയമത്തിൽ ഇസ്രായേൽ ജനത്തോട് മാനസാന്തരപ്പെടാൻ പ്രവാചകന്മാരിലൂടെ ദൈവം ആവർത്തിച്ച് ആവശ്യപ്പെടുകയുണ്ടായി. ഉപവാസവും പ്രാർത്ഥനയുംവഴി മാനസാന്തരപ്പെട്ട നിനവേ നിവാസികൾ ശിക്ഷയിൽനിന്നു മോചിതരായി.

മാനസാന്തരത്തിന് ആഹ്വാനം ചെയ്തുകൊണ്ടാണ് യോഹന്നാൻ മാംദാന തന്റെ ദൗത്യം ആരംഭിക്കുന്നത്. മാനസാന്തരപ്പെടുവിൻ എന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ് ഈശോയും പരസ്യജീവിതം ആരംഭിക്കുന്നത്. ഈ ആഹ്വാനം ദൈവവചനത്തിലൂടെ ഇന്നും നമ്മുടെ കാതുകളിൽ മുഴങ്ങുന്നു. അത് നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കാൻ ഇടയാകുമ്പോഴാണ് മാനസാന്തരം സംഭവിക്കുന്നത്.

പാപബോധവും അതിന്റെ ഏറ്റുപറച്ചിലും, അതിന് പരിഹാരം ചെയ്യാനുള്ള സന്നദ്ധതയുമാണ് അനുതാപം. അനുതപിക്കയില്ലെങ്കിൽ നിങ്ങൾ നശിക്കും എന്നുള്ള ഈശോയുടെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ നാം ശ്രദ്ധിക്കണം. പാപബോധമുണ്ടാകാൻ സത്യസന്ധമായ ആത്മശോധന ആവശ്യമാണ്. സ്വന്തം തെറ്റുകൾ കണ്ടെത്തുക, അതംഗീകരിക്കുക എന്നത് അത്ര എളുപ്പമല്ല. സ്വന്തം തെറ്റുകൾ മറച്ചുവയ്ക്കാനും സ്വയം നീതീകരിക്കാനുമുള്ള പ്രവണത നമ്മിലുണ്ട്. ചുങ്കക്കാരന്റെ പ്രാർത്ഥനയിലും ധൂർത്തപുത്രന്റെ ഉപമയിലും നല്ലകള്ളന്റെ അപേക്ഷയിലും സക്കേവൂസിന്റെ തീരുമാനത്തിലും സമറിയാക്കാരി സ്ത്രീയുടെ ഏറ്റുപറച്ചിലിലും യഥാർത്ഥമായ അനുതാപം നമുക്കു കാണാം. ആത്മശോധനയും പാപബോധവും ഏറ്റുപറച്ചിലും അവിടെയുണ്ട്. സ്വന്തം കണ്ണിലെ തുലാം കാണാതെ അന്യന്റെ കണ്ണിലെ തുരുമ്പ് കാണാനുള്ള വ്യഗ്രതയാണ് പലർക്കുമുള്ളത്. അത് കാപട്യവും വ്യർത്ഥാഭിമാനവും അഹന്തയുമാണ്. ഒരുവനെ അനുതാപത്തിലേക്കു നയിക്കുന്നത് വിനയവും സത്യസന്ധതയുമാണ്. അനുതപിക്കുന്നവരെക്കുറിച്ച് സ്വർഗ്ഗത്തിലുണ്ടാകുന്ന സന്തോഷത്തെക്കുറിച്ച് ഈശോ പഠിപ്പിക്കുന്നുണ്ടല്ലോ. വാക്കാലോ പ്രവൃത്തിയാലോ വിചാരത്താലോ ഉപേക്ഷയാലോ ചെയ്തുപോകുന്ന തെറ്റുകളൊക്കെ കണ്ടെത്തി അനുതാപക്കണ്ണീരിൽ കഴുകിക്കളയണം.

ദൈവത്തിന്റെ രക്ഷാകരപദ്ധതി അനുരഞ്ജനത്തിന്റേതാണെന്നു പറയാം. ദൈവത്തോടും സഹോദരങ്ങളോടും രമ്യതപ്പെട്ട് സ്നേഹകൂട്ടായ്മയാകാനുള്ള വിളിയാണ് നമുക്കു ലഭിച്ചിരിക്കുന്നത്. അനുരഞ്ജനത്തിനുവേണ്ടി തുറന്ന ഹൃദയമാണ് ദൈവത്തിനുള്ളത്. ദൈവത്തിന്റെ ക്ഷമ അനന്തമാണ്. നമ്മോടു ക്ഷമിക്കുന്ന ദൈവം നമ്മളും ക്ഷമിക്കണമെന്ന് ആവശ്യപ്പെടുന്നു. നമ്മൾ മറ്റുള്ളവരോട് ക്ഷമിക്കുന്നതാണ് ദൈവം നമ്മോട് ക്ഷമിക്കുന്നതിനുള്ള വ്യവസ്ഥയെന്ന് കർത്തൃ പ്രാർത്ഥന നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു.

എല്ലാ തലങ്ങളിലും അനുരഞ്ജനം ആവശ്യമാണ്. കുടുംബങ്ങളിൽ കുടുംബങ്ങൾ തമ്മിൽ, ഇടവകകളിൽ, മെത്രാന്മാരിൽ, വൈദികരിൽ, സമർപ്പിതരിൽ, അല്മായരിൽ, ഇവരെല്ലാം തമ്മിലുള്ള ബന്ധങ്ങളിൽ. മുഖംമൂടി ധരിക്കാത്ത ജീവിതശൈലി സ്വായത്തമാക്കിയെങ്കിലേ യഥാർത്ഥമായ അനുരഞ്ജനം സാധിക്കൂ. ആത്മാർത്ഥമായ പങ്കുവെയ്ക്കൽ, വിവേചനം പുലർത്താത്ത മനോഭാവവും സമീപനങ്ങളും, സമത്വഭാവം, അംഗീകരിക്കാനും ആദരിക്കാനുമുള്ള വിനയം ഇവയെല്ലാം അനുരഞ്ജനത്തിന്റെ ഭാവങ്ങളാണ്. വിദ്വേഷവും പകയും പ്രതികാരചിന്തയും പാടേ അകറ്റണം.

സത്യത്തെ തമസ്കരിക്കുകയോ വളച്ചൊടിക്കയോ ചെയ്യുന്ന മാധ്യമ പ്രവർത്തനങ്ങൾ, പക്ഷപാതപരമായ അവതരണങ്ങൾ തുടങ്ങിയവ അനുരഞ്ജനത്തിന്റെ വഴി അടച്ചുകളയുകയാണ്.

ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം, കണ്ണിനെയും നാവിനെയും ചെവിയെയും നിയന്ത്രിക്കൽ, ചിന്തകളെ വരുതിയിലാക്കൽ, ദൈവവചനം ശ്രവിച്ചും ധ്യാനിച്ചും മനസ്സിനെ ശുദ്ധീകരിക്കൽ കർത്താവിന്റെ പീഡാസഹനങ്ങളെ ധ്യാനിച്ച് ആ സഹനത്തിൽ ആത്മീയമായി പങ്കുചേരൽ ഇവയെല്ലാം നോമ്പാചരണത്തിന്റെ ഭാഗമാകണം.

ഇപ്രകാരം ആത്മീയ നവീകരണത്തിലൂടെ, പാപത്തിന്റെ ലോകത്തിനു മരിച്ച് ആത്മാവിൽ ജീവിക്കുന്നവരാകണം നമ്മൾ. അതാണ് മിശിഹായോടുകൂടി സഹിച്ച്, മരിച്ച്, സംസ്കരിക്കപ്പെട്ട്, ഉയിർപ്പിക്കപ്പെടുന്ന അനുഭവം. തിന്മയുടെമേൽ ഈശോ നേടിയ മഹാവിജയത്തിൽ പങ്കുചേർന്ന് ആത്മീയ സന്തോഷത്തിൽ നിറയാൻ ഉയിർപ്പുതിരുനാൾ അവസരമാകട്ടെയെന്ന് ആശംസിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*N.B: പുരാതനവും അർത്ഥവത്തുമായ സഭാപാരമ്പര്യമാണ് വലിയ ശനിയാഴ്ച പ്രവേശക കൂദാശകൾ നൽകുക എന്നത്. സാധിക്കുന്നിടത്തോളം അപ്രകാരം ചെയ്യാൻ വികാരിയച്ചന്മാർ താല്പര്യമെടുക്കണമെന്നും ആളുകൾക്കു മുൻകൂട്ടി ഇക്കാര്യം വിശദീകരിച്ചുകൊടുത്ത് അവരെ ഒരുക്കണമെന്നും താല്പര്യപ്പെടുന്നു.*

---

*ഈ സർക്കുലർ മാർച്ച് 4-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch.191-266

# പിന്നോക്കാവസ്ഥയിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളുടെ ക്ഷേമവും അവരുടെ സമുദ്ധാരണവും

ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

1. മനുഷ്യകുടുംബം എന്ന് നമ്മൾ പറയാറുണ്ട്. മനുഷ്യരെല്ലാവരും ഏക കുടുംബാംഗങ്ങളാണ് എന്നാണല്ലോ അതിന്റെ അർത്ഥം. ഏകസത്യ ദൈവ വിശ്വാസികളായ നമ്മൾ ദൈവം ഒന്നേ ഉള്ളൂവെന്നും ആ ദൈവം എല്ലാവരുടെയും പിതാവാണെന്നും വിശ്വസിക്കുന്നവരാണ്. അതിനാൽ എല്ലാ മനുഷ്യരും നമുക്കു സഹോദരീസഹോദരന്മാരാണ്. ഈ സത്യം നമ്മുടെ മനോഭാവങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും പ്രതിഫലിക്കണം. ജീവിതശൈലിയിൽ വൈവിധ്യങ്ങളുണ്ടെങ്കിലും മനുഷ്യകുലത്തിന്റെ അടിസ്ഥാനപരമായ ഐക്യവും സമത്വവും ആർക്കും നിഷേധിക്കാനാവില്ല. ഈ യാഥാർത്ഥ്യം പൂർണ്ണമായും ഉൾക്കൊണ്ടു ജീവിച്ച ആദിമക്രൈസ്തവസമൂഹത്തിന്റെ മാതൃക നമുക്കെന്നും മാർഗ്ഗദർശിയാണ്. ഏറ്റവും ചെറിയവരിൽ തന്നെത്തന്നെ കണ്ട് അവർക്കു സ്നേഹശുശ്രൂഷ നൽകണമെന്നാഹ്വാനം ചെയ്ത നമ്മുടെ കർത്താവ് ഈശോമിശിഹായുടെ വാക്കുകൾ നമുക്ക് അനുവർത്തിക്കാം. 'ഒരു ശരീരത്തിൽ അനേകം അവയവങ്ങൾ ഉള്ളതുപോലെ നാം പലരാണെങ്കിലും മിശിഹായിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ് (റോമ. 12:4-5) എന്നുള്ള പൗലോസ്ശ്ലീഹായുടെ പ്രബോധനവും നമുക്ക് അനുസ്മരിക്കാം.

2. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മിശിഹായിലുള്ള രക്ഷയുടെയും സന്ദേശവുമായാണ് തോമ്മാശ്ലീഹാ ഇന്ത്യയിലെത്തിയത്. ഈ സുവിശേഷം ഏറ്റുവാങ്ങി ഒരു സ്നേഹകൂട്ടായ്മയായി വളർന്ന് നൂറ്റാണ്ടുകൾ പിന്നിട്ട മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സമൂഹത്തിന്റെ പിൻതുടർച്ചയുള്ള മുഖ്യസഭാവിഭാഗമാണ് നമ്മുടെ സീറോമലബാർ സഭ. ജാതിവിവേചനം ക്രൈസ്തവദർശനത്തിൽ ഇല്ലെങ്കിലും, ഭാരതത്തിൽ പിന്നീട് ശക്തി പ്രാപിച്ച ജാതിചിന്ത നമ്മുടെ സഭയിലും കുറെയൊക്കെ സ്വാധീനം ചെലുത്തി. സവർണ്ണർ, അവർണ്ണർ, മേൽജാതി, കീഴ്ജാതി, തൊട്ടുകൂടാത്തവർ എന്നൊക്കെയുള്ള തരംതിരിവിൽ ഭാരതജനത വിഭജിക്കപ്പെട്ടു. ആര്യന്മാരുടെ അധിനിവേശവും അവർ നടപ്പിലാക്കിയ ജാതിവ്യവസ്ഥയുമാണ് അതിനു കാരണമായത്. ഒരു കാലത്ത് പൊതു

സമൂഹത്തിൽ മുൻനിരയിൽത്തന്നെയായിരുന്ന ദലിതർ ചാതുർവർണ്യ വ്യവസ്ഥിതിയിൽ പുറന്തള്ളപ്പെടുകയും അടിമകളെന്നപോലെ കരുതപ്പെടുകയും ചെയ്തു. അയിത്തത്തിനും അവഗണനകൾക്കും ഇരയായ ദലിതർ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലെല്ലാം പിന്നോക്കാവസ്ഥയിലായി.

ഈ സാഹചര്യത്തിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശവുമായെത്തിയ ക്രൈസ്തവമിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി ദലിതർ ധാരാളമായി ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. കേരളത്തിൽ ദലിതരുടെയിടയിൽ സുവിശേഷവേല ചെയ്ത് അവരെ സുറിയാനികത്തോലിക്കാസഭയിലേക്ക് സ്വീകരിച്ച പുണ്യചരിതരായ പ്രേഷിതശ്രേഷ്ഠരാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (1805 –1871), പാലാക്കുന്നേൽ വല്യച്ചൻ (1831–1900), ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ (1836–1908), വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ (1891–1973) തുടങ്ങിയവർ.

3. ഇന്ന് നമ്മുടെ അതിരൂപതയിൽ ദലിത് വിഭാഗത്തിൽനിന്ന് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവർ 126 ഇടവകകളിലായി ഏകദേശം 3060 കുടുംബങ്ങളും 14235 അംഗങ്ങളുമാണുള്ളത്. ക്രിസ്തീയവിശ്വാസം സ്വീകരിച്ചെങ്കിലും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഈ സഹോദരങ്ങളുടെ ഉന്നമനത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്ത നിരവധി വൈദികർ നമ്മുടെ അതിരൂപതാംഗങ്ങളായുണ്ട്. ദലിത്, പിന്നോക്ക സമുദായങ്ങൾക്കു ലഭിക്കുന്ന പ്രത്യേക സർക്കാർ ആനുകൂല്യങ്ങൾ ക്രിസ്തീയവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ നിഷേധിക്കപ്പെടുന്നവരാണ് ദലിത് ക്രൈസ്തവർ. ഇവർക്കുവേണ്ടി പല ക്ഷേമപദ്ധതികളും അതിരൂപത നടപ്പിലാക്കിയിട്ടുണ്ട്. തന്മൂലം വിദ്യാഭ്യാസരംഗത്ത് ഏറെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതുവഴി വിദ്യാഭ്യാസസ്ഥാപനങ്ങളിലും മറ്റ് വിവിധ പ്രൊഫഷണൽ സ്ഥാപനങ്ങളിലും നിരവധിപേർക്ക് ജോലി കരസ്ഥമാക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസ പ്രവേശനത്തിനും തൊഴിൽരംഗത്തും 10% സംവരണം അതിരൂപത നൽകുന്നുണ്ട്. അതിരൂപതയിലെ വിവിധങ്ങളായ അജപാലന സമിതികളിൽ ദലിത് സഹോദരങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഇതൊക്കെയാണെങ്കിലും പല കാര്യങ്ങളിലും ഏറെ ബുദ്ധിമുട്ടുകളും പരിമിതികളും പിന്നോക്കാവസ്ഥയും നമ്മുടെ ദലിത് സഹോദരങ്ങൾ അനുഭവിക്കുന്നുണ്ട്.

**നാടാർ സമുദായം**

1960–ടു കൂടി അതിരൂപതയുടെ അജപാലനപരവും പ്രേഷിതപരവുമായ പ്രവർത്തനങ്ങൾ അമ്പൂരി, തിരുവനന്തപുരം, കൊല്ലം ഭാഗങ്ങളി

ലേക്കും കന്യാകുമാരിയിലേക്കും വ്യാപിച്ചതോടെ ആ പ്രദേശങ്ങളിലുള്ള നാടാർ സമുദായാംഗങ്ങളും ക്രിസ്തീയ വിശ്വാസം സ്വീകരിക്കാനിടയായി. കന്യാകുമാരിമിഷൻ തക്കല രൂപതയായി വളർന്നിരിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയിൽ അമ്പൂരി, തിരുവനന്തപുരം, കൊല്ലം - ആയൂർ ഫൊറോനാകളിലായി ഇപ്പോൾ 800 - ലധികം കുടുംബങ്ങളും 3000 ത്തോളം അംഗങ്ങളുമാണ് നാടാർ കത്തോലിക്കരായുള്ളത്. ഇവരിൽ ബഹു ഭൂരിപക്ഷവും സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്നവരാണ്. വളരെ ചുരുക്കം കുടുംബങ്ങൾക്കേ സാമ്പത്തിക ഭദ്രത ഉള്ളൂ. തന്മൂലം വിദ്യാഭ്യാസകാര്യത്തിലും വളരെ പിന്നോക്കാവസ്ഥയിലാണ് ഈ സഹോ ദരങ്ങൾ. ചുരുക്കം ചിലർക്കു മാത്രമേ സ്ഥിരം ജോലി ഉള്ളൂ.

ക്രൈസ്തവരായതിന്റെ പേരിൽ ദലിത് ക്രൈസ്തവരുടെ കാര്യത്തി ലെന്നപോലെ ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടവരാണ് ഇവരും. വെല്ലുവിളികൾ പലതുണ്ടെങ്കിലും കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനില്ക്കാൻ പൊതുവെ ഇവരെല്ലാം ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ചിലർ മറ്റു സ്വാധീനങ്ങൾക്ക് വിധേയരാകുന്നുണ്ട്. പ്രത്യേകമായ ക്ഷേമപദ്ധതി കളൊന്നും തന്നെ ഇവർക്കായി ഇപ്പോഴില്ല.

5. നമ്മുടെ അതിരൂപതാകുടുംബത്തിൽ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഇരുവിഭാഗങ്ങളിലുംപെട്ട ഈ സഹോദരങ്ങളെ പ്രത്യേകം പരിഗണിച്ച് ഉദ്ധരിക്കാൻ അതിരൂപതാംഗങ്ങൾ എന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമുക്കു ഗൗരവമായ കടമയുണ്ട്. അടുത്ത കാലത്താണ് നാടാർ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കാനും നേതൃത്വം നൽകാനുമായി ഒരു വൈദികനെ പ്രത്യേകമായി നിയോഗിച്ചത്. അതി നുശേഷം അവർക്കുവേണ്ടിയുള്ള ശുശ്രൂഷ കൂടുതൽ ശക്തമായിട്ടുണ്ട്.

6. ബഹുമാനപ്പെട്ട വൈദികരേ, സഹോദരങ്ങളേ, അതിരൂപതയിൽ നാമൊരു കുടുംബം എന്നത് എല്ലാ അതിരൂപതാ മക്കൾക്കും അനുഭവമാ കണം. അവഗണന, പുച്ഛമനോഭാവം, തരംതാഴ്ത്തൽ, വിവേചനം, അനാ ദരവ് തുടങ്ങിയവയൊന്നും ആരോടും പുലർത്തരുത്. വേദപുസ്തകം പഠിപ്പിക്കുന്നതുപോലെ ഒരു ശരീരത്തിലെ അവയവങ്ങൾപോലെ സ്നേഹ ത്തിലും ഐക്യത്തിലും കഴിയാൻ എല്ലാവരും ശ്രദ്ധിക്കണം. ഓരോ ഇട വകയിലും സ്ഥാപനങ്ങളിലും ഇത് യാഥാർത്ഥ്യമാക്കണം. അവശത അനു ഭവിക്കുന്നവരെ പ്രത്യേക വാത്സല്യത്തോടെയും കരുണയോടെയും പരി പാലിക്കണം. പ്രത്യേകമായി ദലിത്, നാടാർ സമുദായങ്ങളിൽനിന്ന് കത്തോലിക്കാവിശ്വാസം സ്വീകരിച്ചു നമ്മുടെ അതിരൂപതാംഗങ്ങളായി രിക്കുന്ന സഹോദരങ്ങളുടെ ക്ഷേമത്തിനായി ചില കാര്യങ്ങൾ ചെയ്യാൻ നിങ്ങളെല്ലാവരുടെയും നല്ല മനസ്സ് ഞാൻ അഭ്യർത്ഥിക്കയാണ്. അവരുടെ

വിദ്യാഭ്യാസത്തിനും വിശ്വാസ പരിശീലനത്തിനുമാണ് മുഖ്യ പ്രാധാന്യം കൊടുക്കേണ്ടത്. അതുപോലെതന്നെ അവരുടെ കുടുംബജീവിതഭദ്രത ഉറപ്പാക്കുകയും വേണം.

7. ഈ ലക്ഷ്യത്തോടെ കുറഞ്ഞത് ഒരു കോടി രൂപയുടെ ഒരു ക്ഷേമ നിധി സമാഹരിക്കാൻ ആഗ്രഹിക്കുന്നു. അതിപ്രകാരമാണ് ഉദ്ദേശിക്കുന്നത്. നമ്മൾ ആണ്ടുതോറും വലിയ നോമ്പുകാലത്ത് കാരിത്താസ് ചങ്ങനാശ്ശേരിക്കുവേണ്ടി ഒരു ദിവസം ഉപവാസമനുഷ്ഠിച്ച് സമാഹരിക്കുന്ന തുക ഈ വർഷം ഈ ക്ഷേമനിധിയ്ക്കായി വിനിയോഗിക്കുകയാണ്. ഒരു കുടുംബം ശരാശരി 200 രൂപാ നൽകിയാൽ ഇക്കാര്യം സാധിക്കും. കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി അല്പം ത്യാഗം സഹിച്ച് ഇത് ചെയ്യുമ്പോൾ അതിന് കൂടുതൽ മഹത്ത്വവും ദൈവസന്നിധിയിൽ വലിയ വിലയുമുണ്ട്. കോറിന്തോസ് സഭയിൽനിന്ന് സംഭാവന ശേഖരിക്കുന്നതിനെപ്പറ്റി പൗലോസ്ശ്ലീഹാ പറയുന്ന വാക്കുകൾ ഇവിടെ പ്രസക്തമാണ്.

> "അല്പം വിതയ്ക്കുന്നവൻ അൽപം മാത്രം കൊയ്യും ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും. ഓരോരുത്തരും സ്വന്തം തീരുമാനമനുസരിച്ചുവേണം പ്രവർത്തിക്കുവാൻ. വൈമനസ്യത്തോടെയോ നിർബന്ധത്തിനു കീഴ്വഴങ്ങിയോ ആകരുത്. സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്. നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം സദാ സമൃദ്ധമായി ഉണ്ടാകാനും സത്കൃത്യങ്ങൾ ധാരാളമായി ചെയ്യാനും വേണ്ട എല്ലാ അനുഗ്രഹങ്ങളും സമൃദ്ധമായി നൽകാൻ കഴിവുറ്റവനാണ് ദൈവം. എഴുതപ്പെട്ടിരിക്കുന്നതുപോലെ അവൻ വാരി വിതറി. അവൻ ദരിദ്രർക്കു ദാനം ചെയ്തു. അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു. വിതക്കാരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്നവൻ നിങ്ങൾക്കു വിതയ്ക്കാനുള്ള വിത്തു തരുകയും അതിനെ വർദ്ധിപ്പിക്കുകയും നിങ്ങളുടെ നീതിയുടെ വിളവ് സമൃദ്ധമാക്കുകയും ചെയ്യും" (2 കൊറി. 9:6-10).

8. നമ്മുടെ സഭയിൽ യാതൊരു വിഭാഗീയതയും ഉണ്ടാകരുതെന്നും എല്ലാവരും സഹോദരങ്ങളെപ്പോലെ ജീവിക്കണമെന്നും ജാതിയുടെ പേരിൽ ഉച്ചനീചത്വം പാടില്ലെന്നും അങ്ങനെയുള്ള ചിന്ത അവസാനിപ്പിക്കണമെന്നും നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ നമ്മുടെ സഭാനേതൃത്വം ആഗ്രഹിച്ചു പ്രവർത്തിച്ചിരുന്നതായി 1785-ൽ പറേമ്മാക്കൽ തോമ്മാകത്തനാർ എഴുതിയ വർത്തമാനപ്പുസ്തകത്തിൽനിന്ന് മനസ്സിലാക്കാം. നമ്മുടെ നസ്രാണിസഭയുടെ നിയോഗമനുസരിച്ച് റോമിലെത്തി മാർപ്പാപ്പായ്ക്ക് സമർപ്പിച്ച അപേക്ഷയിൽ പറയുന്ന ഒരു കാര്യമിതാണ്. കരിയാറ്റി മല്പാനച്ചനും തോമ്മാ കത്തനാരുമായിരുന്നു അപേക്ഷ സമർപ്പിക്കാൻ നിയോഗിക്ക

പ്പെട്ടത്. അവരുടെ അപേക്ഷയിലെ പ്രസക്തഭാഗം താഴെ ചേർക്കുന്നു.

"അതുപോലെതന്നെ വലിയ ഉതപ്പിനും കാര്യദോഷങ്ങൾക്കും ഇടയാക്കുന്ന മറ്റൊരു ക്രമക്കേടിനെയും ഇല്ലായ്മ ചെയ്യേണ്ടതുണ്ട്. ആ നാട്ടിലുള്ള ക്രിസ്ത്യാനികൾ തെക്കുംഭാഗരായാലും വടക്കുംഭാഗരായാലും മറ്റു കൂറ്റുകാരോ വിഭാഗക്കാരോ ആയാലും ജാതിശ്രേഷ്ഠത അവകാശപ്പെടുകയോ ക്രിസ്തീയ ഉപവിക്കും ഐക്യമത്യത്തിനും ചേരാത്ത തർക്കങ്ങളിൽ അകപ്പെടുകയോ ചെയ്യാതെ ഒരു ശരീരത്തിന്റെ അവയവങ്ങൾപോലെ ജീവിക്കുവാനും ഭേദചിന്ത കൂടാതെ പെരുമാറുവാനും കല്പനയുണ്ടാകണം. പുറംജാതികളിൽനിന്നു ക്രിസ്തുമതം സ്വീകരിച്ചവരെ ബിംബാരാധനക്കാരെന്നും മറ്റും പറഞ്ഞു മാറ്റി നിർത്താതെയും നിന്ദിക്കാതെയും ഈശോയിൽ സഹോദരന്മാരെന്ന നിലയ്ക്ക് ദയാപൂർവ്വം പെരുമാറണമെന്നും അവിടെയുള്ള നസ്രാണികൾക്കു പ്രത്യേകമായി എഴുതി അയക്കുമാറാകണം. അങ്ങയുടെ സിംഹാസനത്തോട് വലിയ ഭക്തിയും വിധേയത്വവും അവിടെയുള്ളതിനാൽ മാർപ്പാപ്പായുടെ പേരിലുള്ള ഒരു എഴുത്തു കാണുമ്പോൾ അവിടെയുള്ള ഭിന്നതകൾ അകന്ന് ഐക്യം സംജാതമാകുമെന്നതിൽ സംശയമില്ല" (വർത്തമാനപുസ്തകം 47-ാം പദം, 2).

സഭയിലെങ്ങും അവശ്യം പുലരേണ്ട ഈ കൂട്ടായ്മയും സ്നേഹവും നമ്മുടെ അതിരൂപതയിൽ എല്ലാ തലങ്ങളിലും സംജാതമാക്കാൻ നമുക്കു ഒന്നുചേർന്നു പ്രവർത്തിക്കാം. എല്ലാവരും നല്ല മനസ്സോടെ സഹകരിക്കുമെന്നുള്ള പ്രതീക്ഷയോടെ,

സ്നേഹപൂർവ്വം

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*N.B: കുടുംബക്കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ കൂട്ടായ്മ ലീഡേഴ്സിന്റെയും പ്രതിനിധിയോഗാംഗങ്ങളുടെയും നേതൃത്വത്തിൽ സംഭാവനകൾ സമാഹരിച്ച് മാർച്ചുമാസത്തിൽത്തന്നെ അതിരൂപതാ കേന്ദ്രത്തിലെത്തിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ക്രമീകരണങ്ങൾ നടത്തണമെന്നഭ്യർത്ഥിക്കുന്നു. ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നിക്ഷേപിക്കാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെ ചെയ്യാം.*

*Canara Bank Changanacherry Branch*

*A/c No. 0705101060490*

*IFSC - CNRB0000705*

---

*ഈ സർക്കുലർ മാർച്ച് 11-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch.192-267

# കത്തോലിക്ക കോൺഗ്രസ്

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, ഇടവകാംഗങ്ങളേ,

സീറോമലബാർ സഭയിലെ അൽമായ പ്രസ്ഥാനമായ കത്തോലിക്ക കോൺഗ്രസ് രൂപതാടിസ്ഥാനത്തിൽ പുത്തൻ ഉണർവ്വോടെ പ്രവർത്തിച്ചുവരികയാണല്ലോ. നമ്മുടെ അതിരൂപതയിലും പ്രസ്ഥാനം ഏറെ ഉത്സാഹത്തോടെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ കത്തോലിക്ക കോൺഗ്രസിനെ ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്. സമുദായത്തിന്റെ ഉത്തരവാദിത്വമുള്ള പൗരന്മാർ എന്ന നിലയിൽ തികഞ്ഞ സമുദായബോധവും ഐക്യവുമുള്ള ദൈവജനമായി അൽമായരെ രൂപപ്പെടുത്തി പ്രവർത്തന സജ്ജരാക്കുക എന്ന ലക്ഷ്യമാണ് കത്തോലിക്ക കോൺഗ്രസിനുള്ളത്.

1918–ൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് സ്കൂളിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആരംഭം കുറിച്ച കത്തോലിക്ക കോൺഗ്രസ് ഈ വർഷം ശതാബ്ദി ആഘോഷിക്കുകയാണ്. ഈ ശതാബ്ദിവർഷത്തിൽ പ്രസ്ഥാനത്തെ നമ്മുടെ എല്ലാ ഇടവകകളിലും ശക്തിപ്പെടുത്താൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അതിരൂപതയിലെ 16 ഫൊറോനാകളിലും സമിതികൾ നിലവിൽ വന്നു. ഇനിയും യൂണിറ്റുകൾ സ്ഥാപിക്കാത്ത ഇടവകകളിൽ ഈ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അവ സ്ഥാപിക്കാൻ ശ്രദ്ധിക്കണം. ഫൊറോനാ, അതിരൂപതാ ഭാരവാഹികൾ ഇക്കാര്യത്തിൽ നേതൃത്വം നൽകുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പ്രതിനിധിയോഗാംഗങ്ങളും ആവശ്യമായ പിന്തുണയും നേതൃത്വവും നൽകി കത്തോലിക്ക കോൺഗ്രസിനെ ശക്തിപ്പെടുത്തണമെന്ന ഭ്യർത്ഥിക്കുന്നു.

സ്വന്തം സമുദായത്തോട് കൂറു പുലർത്തുന്നവരും പൊതുനന്മയ്ക്കുവേണ്ടി നിലകൊള്ളുന്നവരും പക്വമതികളും നിസ്വാർത്ഥരുമായ ഉത്തമ കത്തോലിക്കാ വിശ്വാസികളുടെ ഒരു കൂട്ടായ്മയാകണം കത്തോലിക്ക കോൺഗ്രസ്. ഇക്കാര്യങ്ങളൊക്കെ കണക്കിലെടുത്തുവേണം യൂണിറ്റുകൾ സ്ഥാപിക്കാൻ. സമുദായബോധവും ഐക്യവും കുറഞ്ഞു വരികയും ഭിന്നതയും കലഹവും വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സമൂഹത്തിന്റെ കെട്ടുറപ്പ് സംരക്ഷിക്കേണ്ടതാവശ്യമാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ നാം സജ്ജരാകണം. ഭൗതികശക്തികളിൽ ആശ്രയിച്ച് മുന്നേറാൻ നമുക്കു സാധിക്കയില്ല.

നമ്മുടെ വിശ്വാസത്തിന്റെ അടിത്തറയും ധാർമ്മികബോധവും തകർന്നുപോകാൻ പാടില്ല. ദുരാരോപണങ്ങളുടെ മുമ്പിൽ പതറിപ്പോകരുത്. ക്രൂരതയും പീഡ

നങ്ങളും അഴിമതിയും അച്ചടക്കരാഹിത്യവും അവസാനിക്കണം. അക്രമരാഷ്ട്രീയം രാജ്യത്തെ രക്ഷിക്കയില്ല. ലഹരി വസ്തുക്കളും മയക്കുമരുന്നുകളും ഇളം തലമുറയെപ്പോലും സ്വാധീനിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെയും ധീരമായ നേതൃത്വത്തിലൂടെയും കത്തോലിക്ക കോൺഗ്രസ് സമൂഹത്തിനു ശരിയായ ദിശാബോധം നൽകണം. ഇന്ത്യയുടെ ജനാധിപത്യമൂല്യങ്ങളും മതേതരത്വവും ജനങ്ങളുടെ മൗലികാവകാശങ്ങളും സംരക്ഷിക്കുന്ന ഇന്ത്യൻ ഭരണഘടനയ്ക്ക് കോട്ടം വരാൻ നാമനുവദിക്കരുത്.

ഈ മേഖലകളിലൊക്കെ ക്രിയാത്മകമായും വിജയകരമായും ഇടപെടുന്നതിന് അച്ചടക്കവും ആദർശനിഷ്ഠയും ഐക്യവുമുള്ള ഒരു പ്രസ്ഥാനമായി കത്തോലിക്ക കോൺഗ്രസ് വളരണം. ശതാബ്ദി ആഘോഷിക്കുന്ന ഈയവസരത്തിൽ എല്ലാ തലങ്ങളിലും നവോന്മേഷത്തോടെ ഉണർന്നു പ്രവർത്തിക്കാൻ കത്തോലിക്ക കോൺഗ്രസിനാകട്ടെ എന്നാശംസിക്കുന്നു. എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നർഭ്യത്ഥിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ,

സ്നേഹപൂർവ്വം

+ J. Perumthottam

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

വലിയനോമ്പ് മൂന്നാം ഞായർ

25.02.2018

---

*ഈ സർക്കുലർ മാർച്ച് 18-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

# സെഹിയോൻ ധ്യാനകേന്ദ്രം

## കുന്നന്താനം

നമ്മുടെ അതിരൂപതയുടെ ധ്യാനകേന്ദ്രമായ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ എല്ലാ മാസവും നാലാം ഞായറാഴ്ച തുടങ്ങുന്ന 'വിശ്വാസാനുഭവധ്യാനത്തിലേക്ക്' നമ്മുടെ ഇടവകകളിൽ നിന്നും ജനങ്ങളെ പ്രോത്സാഹിപ്പിച്ചുവിടുന്നത് നല്ലതാണ്. നാലാം ഞായറാഴ്ച 5:00 p.m. ന് വി. കുർബാനയോടെ ആരംഭിച്ച് വ്യാഴാഴ്ച 2:00 p.m.ന് അവസാനിക്കുന്നു. സഭയുടെ ആരാധനചൈതന്യത്തിനനുസരിച്ചുള്ള വിശ്വാസജീവിത നവീകരണം ലക്ഷ്യം വയ്ക്കുന്ന ഈ ധ്യാനത്തിന് നമ്മൾ പ്രാധാന്യം കൊടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ വർഷത്തെ വൈദിക ധ്യാനങ്ങൾക്കിടയിൽ ഞാൻ ഇക്കാര്യം സൂചിപ്പിച്ചിരുന്നതാണ്.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**




**I**

ARCHEPARCHY OF CHANGANACHERRY

JOSEPH PERUMTHOTTAM
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

## Decree on the Establishment of the Fifteenth Presbyteral Council

**C.18/GL 04** **04.01.2018**

By virtue of my pastoral office, in conformity with canons 264 – 270 of the *Codex Canonum Ecclesiarum Orientalium* and as per the provisions of the Statutes of the Presbyteral Council of the Archeparchy of Changanacherry. I, the undersigned Metropolitan Archbishop of Changanacherry, hereby constitute the Archeparchial Presbyteral Council (05 January 2018-05 January 2021) with the following members:

**I. Ex-officio Members**

1. Mar Thomas Tharayil (Protosyncellus)

**Very Rev. Fathers**

2. Mundakathil Joseph (Syncellus)
3. Puthiyidom Mani (Syncellus)
4. Palackal James (Syncellus)
5. Wadakekalam Philips (Syncellus)
6. Puthenkalam Tom (Chancellor)
7. Thayyil Philip (Procurator)
8. Puthenpura Kurian (Vicar, Metropolitan Church)
9. Valiyaparampil Sebastian (Rector, Minor Seminary)

**II. Elected Members**

Very Rev/ Rev Fathers

1. Alencherry Isaac (jr)
2. Anchil Mathew
3. Changankary Abraham
4. Chavara John
5. Choolaparampil Joseph
6. Chooravady Mathew (sr)
7. Elanjimattom Joseph

8. Ethackattu Antony
9. Kachamkode Antony
10. Kayamkulathussery Joseph
11. Kizhakkeveettil Antony
12. Kochuparampil Jose
13. Koippally Jacob
14. Kottayil Cyriac
15. Kuzhiyadiyil Joseph
16. Maleckal James
17. Manakunnel John
18. Mangalathil George
19. Mattam Mathew
20. Mattappally Thomas
21. Mukalel Jose
22. Mulavana Joseph
23. Naduviledam Gregory
24. Nelpuraparampil Philip
25. Nilavanthara Joseph
26. Odalany Mathew
27. Onamkulam Gregory
28. Padinjarekuttu Mathew
29. Panakezham George
30. Parackal Jacob
31. Pokkavarayath Antony
32. Porookara Antony
33. Punnassery Sebastian
34. Thundiyil Devasia
35. Vallayil George
36. Vaniapurackal Joseph
37. Varikkattu Jacob
38. Varuvelil Mathew
39. Viruppel Jose

**III. Nominated Members**

Very Rev/ Rev Fathers

1. Anchupankil Jacob
2. Changankary Mathew
3. Kalarickal Joseph
4. Karukaparampil Cherian
5. Mangalath Thomas
6. Moolayil Antony
7. Padiyath Thomas
8. Puthuveettilkalam Joseph (Jr)
9. Thalachelloor Antony
10. Thanamavunkal Varghese

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

**Fr. Tom Puthenkalam**
Chancellor

## II

## Transfer and Appointments

| Vicars Very Rev./Rev. Frs | Transferred from | Transferred to |
|---|---|---|
| Alencherry Isaac | Thiruvalla | Chancellor |
| Athikalam James | Aickarachira | Paipadu Lourdes |
| Cheeramvelil Jacob | Madappally | Aickarachira |
| Chethipuzha Varghese | Rajamattam | Retired |
| Kakkanattu Joseph | Paipadu Nalukody | Sec. Abp Powathil / Bp Tharayil |
| Kalapura Toms | Sehion Kunnamthanam | Muringoor Retreat Centre |

| | | |
|---|---|---|
| Kattoor Thomas | Koilmuck f. | Mithrakary |
| Kayamkulathusserry Thomas | Manalady | |
| Kezhaplackal Philipose | Pacha-Chekidikadu | Thiruvallam – Vellayany |
| Kizhakkemury Joseph | Kumarankary | Leave |
| Kocherry Damianose | Thekkekara St Johns | Narbonapuram |
| Kochuchira Joseph | Narbonapuram | Leave for Contemplative Prayer |
| Kochuparampil George | Pacha-Chekidikkadu | Manimala F |
| Kudilil James | Changanacherry Metro. | Rajamattam |
| Kunnumpuram Thomas | Laikadu | Ettumanoor |
| Kulathumkal Thomas | Etawah | CHASS, Kumarankary |
| Kuzhippally Jacob | Veroor | Leave |
| Maliyil Thomas | Koduppunna | Sick Leave |
| Manavath Varkey | Champakulam F | Manalady |
| Mancherikalam Sebastian | Manimala F | Pandy |
| Mozhurcheruvelil Joseph | Karumady | USA |
| Mudanthangelil Martin | Thottuvathala | Laikadu |
| Mullakariyil Jose | | IIT Delhi (Research) |
| Nadackal Mathew | | Anchal, Pazhayeroor |
| Naduvilekkalam Jacob | Pandy | Mayam |
| Nelluvely Emmanuel | South Africa | Cheruvandoor |
| Nereyath Antony | Manimala Holy Magi F | Pacha-Chekidikadu |
| Palakkacherry Chacko | Thiruvallam - Vellayany | Kandankary |
| Palakunnel Cherian | Vezhapra | Retired, Priests Home |
| Parappallil Scaria | Kandankary | Thiruvalla, SBC Hostel |
| Pathalil John | | Thottuvathala (addl) |
| Poovatholil Thomas | Villoonni | Karumady |
| Puthenkalam Tom | Chancellor | Tribunal residence |
| Puthenpurackal Thomas (Aji) | Kudamaloor F | Koilmuck f church |
| Puthenpurackal Thomas (Tomy) | Vadavathoor | Paurastya Vidyapitham |
| Puthenpurackal Thomas (Joshy) | Ambalapuzha | Thekkekara St Johns |
| Puthenpurackal Varghese | Ettumanoor | Vadavathoor |
| Puthiaparampil Chacko | | Madappally |

| | | |
|---|---|---|
| Srampickal Scaria | Paipad Lourdes | SBC Hostel |
| Thekkedam Mathew | Mithrakary | Study, Kudamaloor Abhayabhavan (Resi) |
| Thoompunkal Joseph (Jr) | Cheruvandoor | Vezhapra |
| Vengasserry Sunil | Alapuzha F | Koduppunna |
| **Parochial Vicars Rev. Frs** | | |
| Anithottathil Dominic | Secretary Abp Powathil | Study |
| Anakkallumkal Antony | Kurumpanadom F | Changanacherry Metropolitan |
| Chackumkal George | Edathua Koilmuck F | Leave |
| Erupathil Zachariah | Koothrappally | Pacha –Chekidikadu, study |
| Kossakkal Varghese | Thiruvananthapuram F | Villoonni |
| Muttel Thomas | Kudamaloor F | Alapuzha F |
| Pallichira Joseph | Pulinkunnu F | Athirampuzha F |
| Pazhayamadam Varghese | Changanacherry Metro. | Kurumpanadam Assum. |
| Thottackattukalayil Joseph | Athirampuzha F | Champakulam F |
| Vanchickal Thomas | Athirampuzha F | Poonthope |
| Vellanickal Thomas | Champakulam F | Vocation Promoter, Etawah |
| Vengasserry Paul | Kottayam F | Pulinkunnu F |
| Manelil Saji | Kurumpanadom Assum | Relieved |
| Panachinkal Antony | | Kudamaloor F |
| Chorattuchamakala Joseph | | Mammoodu |
| Kakkaparampil Antony | | Veroor |
| Kiliyattusseril Varghese | | Kudamaloor F |
| Kochuparampil Varghese | | Thathampally |
| Malyeckal Matthew | | Nalukody Paipadu |
| Mampara Sebastian | | Kurumpanadam F |
| Meenatheril Francis | | Manimala F |
| Pakalomattam Jose | | Athirampuzha F |
| Panachinkal Varghese | | Changanacherry Metropolitan |
| Plamparambil Varghese | | Ayarkunnam |
| Pulickaparampil Joseph | | Kottayam F |
| Puthenparampil Joseph (Libin) | | Nedumkunnam F |
| Puthiyidam Joseph | | Champakulam F |

| | | |
|---|---|---|
| Thundathil Thomas | | Thiruvanathapuram F |
| Thycheril George | | Edathua Koilmuck F |
| Velanagattusserry Joseph | | Ettumanoor |
| Vengasserry Thomas | | Koothrappally |
| **Religious Priests Rev. Frs** | | |
| Chakalackal Soji MCBS | | Ambalapuzha |
| Edathiparampil Mathew MST | Anchal, Pazhayeroor | Relieved |
| Kalathil Reny CMI | | Cheepunkal |
| Kallukalam Cherian CMI | Chethipuzha | Relieved |
| Kanayinkal Joseph VC | Poonthope | Relieved |
| Mavelil John MCBS | | Vadakkeamichakary |
| Molipadavil Johncy CMI | | Madappally |
| Ottalankal Chacko MSFS | Mayam | Relieved |
| Vadakkummuriyil Paul CMI | Cheepunkal | Relieved |
| Valamparampil Justin CMI | | Chethipuzha |
| Valiyamangalam Jinto CMI | | Mudiyoorkara |

## III

### ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സെഹിയോൻ ധ്യാന ഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

മൂന്നു ബാച്ച് ധ്യാനങ്ങളുടെ തീയതികളും ധ്യാനഗുരുക്കന്മാരുടെ പേരുകളും.

**ബാച്ച് 1 – 2018 ജൂലൈ 29 മുതൽ ആഗസ്റ്റ് 3 വരെ**
ധ്യാനഗുരു – റവ. ഫാ. ദാനിയേൽ പൂവണ്ണത്തിൽ

**ബാച്ച് 2 – 2018 ആഗസ്റ്റ് 5 മുതൽ 10 വരെ**
ധ്യാനഗുരു – മാർ പ്രിൻസ് പാണേങ്ങാടൻ

**ബാച്ച് 3 – 2018 സെപ്റ്റംബർ 9 മുതൽ 14 വരെ**
ധ്യാനഗുരു – റവ. ഫാ. അനിൽദേവ്

ബഹു. അച്ചന്മാർ മേൽപ്പറഞ്ഞ തീയതികളിൽ സൗകര്യാർത്ഥം ഏതെങ്കിലും ഒരു ബാച്ചിൽ പങ്കെടുക്കുവാൻ നിർദ്ദേശം നൽകണമെന്നാഗ്രഹിക്കുന്നവർ മാത്രം ജൂൺ 15-നകം sms/E-mail മുഖേന അതിരൂപതാ കച്ചേരിയെ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. മൂന്നു ബാച്ചുകളുടെ ലിസ്റ്റ് അടുത്ത മാസത്തെ മദ്ധ്യ

സ്ഥനിൽ പ്രസിദ്ധികരിക്കുന്നതാണ് (Mob. 9447598624, 8547461903, 9947232312, E-mail chancellorchry@gmail.com).

അതിരൂപതയ്ക്ക് വെളിയിൽ സേവനത്തിലോ, പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികൾക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ള പക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസിലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ധ്യാനാവസരത്തിൽ ബഹു. വൈദികർ എല്ലാവരും അവരവരുടെ കുർബാന കണക്കുപുസ്തകം പരിശോധനക്കായി കൊണ്ടുവരേണ്ടതാണ്. അനുരഞ്ജനകൂദാശ പത്തേന്തി പുതുക്കാനുള്ളവർ അത് കൊണ്ടുവരാൻ ശ്രദ്ധിക്കണം.

## IV
## പ്രതിനിധിയോഗങ്ങളുടെ കാലാവധി

അതിരൂപതയിലെ അജപാലന ശുശ്രൂഷാ സംവിധാനങ്ങളുടെ പുനക്രമീകരണം സംബന്ധിച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത 2015 ഏപ്രിൽ മാസത്തിൽ നൽകിയ സർക്കുലറിൽ (15 Ch 145 –214, വേദപ്രചാര മദ്ധ്യസ്ഥൻ, ഏപ്രിൽ 2015, പേജ് 9–12) വിവിധ ഇടവകകളിലെ പ്രതിനിധിയോഗങ്ങളുടെ കാലാവധി പുനക്രമീകരിച്ച് നൽകിയിരുന്നു. 2014 സെപ്തംബർ 30 നുശേഷം രൂപീകൃതമായിരിക്കുന്ന എല്ലാ പ്രതിനിധിയോഗങ്ങളുടെയും കാലാവധി 2019 മാർച്ച് 31 വരെയായിരിക്കുമെന്ന് ഈ സർക്കുലർ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ 2019 ഏപ്രിൽ 1 ന് എല്ലാ ഇടവകകളിലും പുതിയ പ്രതിനിധിയോഗം ആരംഭിക്കത്തക്കവിധത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

## V
## വൈദികസമ്മേളനം - അതിരൂപതാകേന്ദ്രത്തിൽ

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസമ്മേളനം ഈ വർഷം ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ച സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവെച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9:45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്.

## VI
## മ്ശംശാന പട്ടം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ ദൈവശാസ്ത്ര പഠനം നടത്തിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളിൽ മ്ശംശാനപട്ടം സ്വീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവർക്ക് 2018 മാർച്ച് 24-ാം തീയതി ശനിയാഴ്ച രാവിലെ 6.30 ന് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽവെച്ച് മ്ശംശാനപട്ടം നല്കുന്നതാണ്. അർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

## VII
### പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയ ശനി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ നമ്മുടെ ആരാധനാക്രമത്തിനനുസൃതമായി സായംകാലത്തു മാത്രം ദൈവാലയങ്ങളിൽ പരികർമ്മം ചെയ്യേണ്ടതാണ്.

## VIII
### അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് ആൺകുട്ടികൾക്ക് ഏപ്രിൽ മാസം 2-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 4-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കുന്ന വിധത്തിൽ കുറിച്ചി മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 300 രൂപയായിരിക്കും.

പൗരോഹിത്യ ജീവിതത്തിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന 10, 12, ഡിഗ്രി മറ്റു പ്രൊഫഷണൽ കോഴ്സുകൾ ഇവ പൂർത്തിയാക്കിയ യോഗ്യരായ കുട്ടികളെ പ്രസ്തുത ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇറ്റാവ മിഷനിൽ ചേരാനാഗ്രഹിക്കുന്നവരെയും മറ്റു കോൺഗ്രിഗേഷനുകളിൽ ചേർന്ന് വൈദികരാകാൻ ആഗ്രഹിക്കുന്നവരെയും പ്രസ്തുത ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കും.

## IX
### പ്രത്യേക പിരിവുകൾ

1. **നോമ്പുകാല പിരിവ് (Lenten Collection):** ഓശാന ഞായറാഴ്ച നമ്മുടെ പള്ളിയിൽ എടുക്കുന്ന സ്ത്രോത്രക്കാഴ്ച വിശപ്പിനും, രോഗത്തിനുമെതിരെയുള്ള പ്രത്യേക പദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇന്ത്യ'ക്ക് അയച്ചുകൊടുക്കാനുള്ളതാണ്.
2. **വൈദിക പരിശീലന ഫണ്ട്:** പെസഹാ വ്യാഴാഴ്ച വി. കുർബാന മധ്യേ നടത്തുന്ന സ്തോത്രകാഴ്ച വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ളതാണ്.
3. **വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവ വെള്ളിയാഴ്ച നമ്മുടെ പള്ളികളിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായി പരിശുദ്ധ പിതാവിന് നൽകാനുള്ളതാണ്.
4. **ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോംമിഷൻ ഫണ്ടിനായുള്ളതാണ്.
5. **കാരിത്താസ് ചങ്ങനാശേരി**

നോമ്പുകാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഇടവകാംഗങ്ങൾ ഒരു ദിവസം ഉപവസിച്ച്, അതിൽ നിന്ന് ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തര ദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശേരിക്കു'വേണ്ടി സമാഹരിക്കേണ്ടതാണ്.

ഈ പിരിവുകൾ നടത്തി ലഭിക്കുന്ന തുക 2019 ഏപ്രിൽ മാസം 15-ാം തീയതിക്കു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

ചങ്ങനാശ്ശേരി അതിരൂപത

# 131 –ാമത് അതിരൂപതാദിനാചരണം

## 2018 മെയ് 19
## തുരുത്തി മർത്ത് മറിയം ഫൊറോനാപള്ളിയിൽ
## രാവിലെ 09.00 മുതൽ ഉച്ചയ്ക്ക് 01.30 വരെ

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,

സുഖമെന്ന് കരുതുന്നു. നമ്മുടെ ഈ വർഷത്തെ അതിരൂപതാദിനം 2018 മെയ് 19–ാം തീയതി ശനിയാഴ്ച തുരുത്തി മർത്ത് മറിയം ഫൊറോന ഇടവകയിൽ നടത്തുന്ന വിവരം അറിഞ്ഞു കാണുമല്ലോ. അതിരൂപതാദിനാചരണത്തിന്റെ സുഗമമായ നടത്തിപ്പിന് ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ അറിയിക്കുന്നു.

1. ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി, ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോനാ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരും കത്തോലിക്ക കോൺഗ്രസ്, മിഷൻലീഗ്, യുവദീപ്തി, മാതൃവേദി, പിതൃവേദി, DCMS, KLM, CHASS, DFC കുടുംബകൂട്ടായ്മ, തുടങ്ങിയ സംഘടനകളുടെ പ്രതിനിധി, കണക്കൻ, ദൈവാലയശുശ്രൂഷി എന്നിവരിൽനിന്നും 12 അംഗങ്ങളാണ് ഓരോ ഇടവകയിൽനിന്നും അതിരൂപതാദിന പൊതുസമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. ഇടവകയിൽനിന്നും സംബന്ധിക്കുന്ന ആളുകളുടെ പേരുവിവരങ്ങൾ അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഫോമിൽ രേഖപ്പെടുത്തി മെയ് 19 –ാം തീയതി രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ കൗണ്ടറിൽ ഏല്പിക്കേണ്ടതാണ്. ഇതിനുള്ള രജിസ്ട്രേഷൻ ഫോറം തപാലിൽ ലഭ്യമാക്കുന്നതാണ്.

2. 2018 ആഗോള കത്തോലിക്കാ സഭ യുവജനവർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ വിവിധ മേഖലകളിൽ മികവ് തെളിയിച്ച യുവപ്രതിഭകളെ ആദരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. 15 മുതൽ 35 വരെ പ്രായമുള്ള താഴെപ്പറയുന്ന മേഖലകളിൽ മികവു തെളിയിച്ച യുവജനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. 2018 ഏപ്രിൽ 20 നകം അപേക്ഷകൾ ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**യുവകർഷകൻ**
**യുവസംരഭകൻ**
**യുവകലാകാരൻ**
**വിവിധ മേഖലകളിൽ മികവു പുലർത്തുന്ന ഭിന്നശേഷിയുള്ള വ്യക്തികൾ**

3. മുൻ കാലങ്ങളിൽ യുവദീപ്തിയുടെ യൂണിറ്റ്/ഫൊറോന/അതിരൂപത തലങ്ങളിൽ ഭാരവാഹികളായിരുന്നവരും ഇപ്പോൾ വിവിധ മേഖലകളിൽ മികവ് പുലർത്തുന്നവരുമായ വ്യക്തികളെയും അതിരൂപത പ്രത്യേകമായി ആദരിക്കു

വാൻ ആഗ്രഹിക്കുന്നു. വ്യക്തികൾക്ക് ബഹു. വികാരിയച്ചന്മാർ മുഖേനയും, അതിരൂപതാ യുവദീപ്തി കണ്ടെത്തുന്ന വ്യക്തികൾക്ക് ടി സംവിധാനം വഴിയും നോമിനേഷൻ നല്കാവുന്നതാണ്.

**അതിരൂപതാദിനത്തിൽ ആദരിക്കുന്നതിന് അംഗീകാരം നേടിയവർ**

സംസ്ഥാന, ദേശീയ, അന്തർദേശീയതലത്തിൽ അംഗീകാരം നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാ ദിനത്തിൽ ആദരിക്കുന്നു. ടി വ്യക്തികളുടെ ബയോഡേറ്റാ കൃത്യമായ അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി 2018 ഏപ്രിൽ 20 മുമ്പായി അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**പാരീഷ്ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി**

മികച്ച പാരീഷ് ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി എന്നിവ തിരഞ്ഞെടുക്കുന്നതിനായി ഓരോന്നിന്റെയും ഒരു കോപ്പി വീതം 2018 മെയ് 2-നു മുമ്പായി ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. (2017 മെയ് 1 നും 2018 ഏപ്രിൽ 30 നും ഇടയിൽ പ്രസിദ്ധീകരിച്ചത്.)

**മാർ തോമസ് തറയിൽ**
(സഹായ മെത്രാൻ)



# അഭിനന്ദനങ്ങൾ

ചങ്ങനാശേരി അതിരൂപത 15-ാം പ്രസ്ബിറ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ബ. ജോസ് നിലവന്തറയച്ചന് പ്രാർത്ഥനാംശസകൾ.

# ഡിപ്ലോമ കോഴ്സ് - രണ്ടാം ബാച്ച്

മാർ അപ്രേം റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷത്തെ ബൈബിൾ കോഴ്സ് നടത്തുന്നു. ആദ്യബാച്ചിൽ 27 പേർ പഠനം പൂർത്തിയാക്കി. രണ്ടാം ബാച്ച് ഏപ്രിൽ മാസം 12-ാം തീയതി ആരംഭിക്കുന്നു. എല്ലാ ചൊവ്വാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.30 വരെയാണ് ക്ലാസ്. വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന ടെലിഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

മാർത്തോമ്മാ വിദ്യാനികേതൻ : 0481-2421891
ഫാ. തോമസ് പാടിയത്ത് : 944 620 1820

# മാർ അപ്രേം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

മാർ അപ്രേം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 24-ാം തീയതി 'സീറോ മലബാർ സഭയുടെ അജപാലനാവകാശ പുനഃസ്ഥാപനം: സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ അധികരിച്ച് അസംപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ ഏകദിന സിമ്പോസിയം നടത്തി. ഭാരതത്തിൽ മുഴുവൻ സീറോ മലബാർ സഭയ്ക്ക് മാർപാപ്പ അജപാലനാവകാശം പുനഃസ്ഥാപിച്ചു നൽകിയത് സഭാചരിത്രത്തിലെ നിർണായക സംഭവമാണെന്നും ഇതു ഭാരതസഭയെ ശക്തിപ്പെടുത്തുമെന്നും ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഓർമ്മപ്പെടുത്തി.

സഭയുടെ ആരാധനാപൈതൃകവും ദൈവശാസ്ത്രവും ഭരണക്രമവും തനിമയിൽ സൂക്ഷിക്കണമെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ ഉദ്ബോധിപ്പിച്ചു. അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ ആമുഖസന്ദേശം നൽകി. ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ, മല്പാൻ റവ.ഡോ. മാത്യു വെള്ളാനിക്കൽ, റവ.ഫാ.ജോസഫ് കടുപ്പിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

അഡ്വ. ജോജി ചിറയിൽ, ഡോ. സി. അമല എസ്.എച്ച്., റവ. ഡോ. ഫ്രാൻസിസ് ഇലവുത്തങ്കൽ എന്നിവർ മോഡറേറ്റർമാരായിരുന്നു. ഉച്ചകഴിഞ്ഞു നടന്ന സമ്മേളനത്തിൽ സീറോമലബാർ സഭയുടെ വളർച്ചയ്ക്ക് ദിശാബോധവും നിസ്തുലസംഭാവനകളും നൽകിയ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത, മല്പാൻ റവ. ഫാ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. സേവ്യർ കൂടപ്പുഴ എന്നിവരെ ചങ്ങനാശേരി അതിരൂപത ആദരിച്ചു. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ സമാപന സന്ദേശം നൽകി.

ഇന്ത്യയുടെ മൂന്നിൽ രണ്ട് ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി രൂപീകരിച്ച സീറോ മലബാർ രൂപതയായ ഷംഷാബാദ് രൂപതയ്ക്ക് എല്ലാ പിന്തുണയും അതിരൂപത വാഗ്ദാനം ചെയ്തു. അജപാലനപ്രവർത്തന രംഗത്തും സുവിശേഷ പ്രഘോഷണരംഗത്തും ഇരുരൂപതകളും സഹകരിച്ചു പ്രവർത്തിക്കാൻ ധാരണയായി. സമ്മേളനത്തിൽ തക്കല രൂപത വികാരി ജനറൽ റവ. ഫാ. ജോസ് മുട്ടത്തുപാടം, ചങ്ങനാശേരി അതിരൂപത വികാരി ജനറൽ റവ. ഡോ. ജയിംസ് പാലയ്ക്കൽ, റവ. ഡോ. സേവ്യർ കൂടപ്പുഴ, റവ. ഡോ. തോമസ് പാടിയത്ത് തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ, ഫാ. വർഗീസ് താനമാവുങ്കൽ, ഫാ. ടോണി മുരിയൻകാവുങ്കൽ, ഫാ. റോബി തലച്ചെല്ലൂർ എന്നിവർ നേതൃത്വം നല്കി.

**ഫാ. തോമസ് പാടിയത്ത്**

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**വാർഷിക വിലയിരുത്തൽ യോഗം**

അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതിയുടെ വാർഷിക വിലയിരുത്തൽ യോഗം ഫെബ്രുവരി 28 ബുധനാഴ്ച നടന്നു. സമിതിയുടെ ചുമതലയുള്ള വികാരി ജനറാൾ വെ. റവ. ഡോ. ജെയിംസ് പാലയ്ക്കൽ സന്നിഹിതനായിരുന്നു. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് പി.ആർ.ഓ. അഡ്വ. ജോജി ചിറയിൽ അവതരിപ്പിച്ചു. പി.ആർ.-ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുവെന്നും പുതിയ ഓഫീസ് സംവിധാനം ഉപയോഗിച്ച് പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ശ്രദ്ധിക്കണമെന്നും നിരീക്ഷണമുണ്ടായി. അടുത്ത വർഷം പ്രത്യേക ശ്രദ്ധനൽകി പ്രവർത്തിക്കുന്ന മേഖലകളെപ്പറ്റി കോഡിനേറ്റർ ഫാ. ആന്റണി തലച്ചെല്ലൂർ സംസാരിച്ചു.

**പി. ആർ.-ജാഗ്രതാ സമിതിക്ക് പുതിയ ഓഫീസ്.**

പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതിക്ക് പുതിയ ഓഫീസ് സംവിധാനമായി. മാരിയോസ് സെന്ററിന്റ പുതിയ കെട്ടിടത്തിൽ ക്രമീകരിച്ചിരിക്കുന്ന ഓഫീസ് ഫെബ്രുവരി 17 ശനിയാഴ്ച അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത വെഞ്ചരിച്ചു. ഇത് അതിരൂപതയുടെ ഫ്രണ്ട്ഓഫീസ് എന്ന നിലയിൽ സജ്ജമാക്കുവാനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു.

**ജാഗ്രതാ സംഗമവും പഠനശിബിരവും തുരുത്തിയിൽ നടന്നു.**

ഇടവകതല പി. ആർ.-ജാഗ്രതാസമിതി അംഗങ്ങളുടെ അതിരൂപതാതല സംഗമം ഫെബ്രുവരി 17 ശനിയാഴ്ച തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ നടന്നു. വിവിധ ഇടവകകളിൽ നിന്നായി 150 – ഓളം പേർ പങ്കെടുത്ത യോഗം അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ മതേതരത്വം നേരിടുന്ന വെല്ലുവിളിലകൾ എന്ന വിഷയത്തിൽ പ്രൊഫ. റോണി. കെ. ബേബി ക്ലാസ്സ് നയിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. ഗ്രിഗറി ഓണംകുളം ഫാ. ആന്റണി തലച്ചല്ലൂർ, അഡ്വ. ജോർജ്ജ് വർഗീസ്, ഡോ. ഡോമിനിക്ക് വഴീപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. അതിരൂപതാ പി. ആർ-ജാഗ്രതാസമിതി അംഗങ്ങൾ, തുരുത്തി ഇടവക ജാഗ്രതാ സമിതി, എ.കെ.സി.സി ഭാരവാഹികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

# XIV PASTORAL COUNCIL
## ARCHEPARCHY OF CHANGANACHERRY

## പാസ്റ്ററൽ കൗൺസിൽ സമ്മേളനം റിപ്പോർട്ട്

14-ാമത് പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളനം 27.01.2018 ന് രാവിലെ 10.00 മണി മുതൽ 1.00 മണിവരെ മാർ ജയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. ഡോ. സ്കറിയ വർഗീസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രസിഡന്റ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. പഞ്ചവത്സര അജപാലന പദ്ധതിയിൽ പ്രത്യേകമായി കുടുംബങ്ങളേയും യുവജനങ്ങളേയും അനുധാവനം ചെയ്യേണ്ടതിന്റെ ആവശ്യകത പിതാവ് ഊന്നിപ്പറഞ്ഞു. ഭാരതത്തിൽ സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ വർദ്ധിച്ചുവരുന്നതിലുള്ള ഉത്കണ്ഠ സ്വാഗതപ്രസംഗത്തിൽ അഭി. തോമസ് തറയിൽ പിതാവ് പങ്കുവച്ചു. അഭി. ജോസഫ് പവ്വത്തിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സഭയിലുണ്ടാകുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും ഒരുമയോടെ നേരിടുവാൻ സഭാമക്കൾക്ക് കഴിയണമെന്ന് അഭി. പിതാവ് അഭിപ്രായപ്പെട്ടു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, ഭരണഘടനാശില്പി, പ്രസിഡന്റ് എന്നീ നിലകളിൽ സമഗ്രസംഭാവനകൾ നൽകിയ ജോസഫ് പവ്വത്തിൽ പിതാവിനെ യോഗം ആദരിച്ചു. ജോസഫ് പെരുന്തോട്ടം പിതാവ് മെമന്റോ നൽകുകയും തോമസ് തറയിൽ പിതാവ് പൊന്നാടയണിയിക്കുകയും ചെയ്തു.

അതിരൂപതാ പഞ്ചവത്സര അജപാലന പദ്ധതി മാർഗ്ഗരേഖയുടെ പ്രകാശനം തോമസ് തറയിൽ പിതാവിന് കോപ്പി നൽകിക്കൊണ്ട് ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിച്ചു. തുടർന്ന് റവ. ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ (കൺവീനർ, മാർഗ്ഗരേഖ ഡ്രാഫ്റ്റിംഗ് കമ്മറ്റി) മാർഗ്ഗരേഖ അവതരിപ്പിച്ചു.

'യുവജന സൗഹൃദ ഇടവക' എന്ന പദ്ധതി സംബന്ധിച്ച് കൗൺസിൽ ഉപസമിതി തയ്യാറാക്കിയ രൂപരേഖ യുവജനസമിതി കൺവീനർ ശ്രീ. പ്രിൻസ് അറയ്ക്കലും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ന്യൂനപക്ഷ-സാമൂഹ്യക്ഷേമ പദ്ധതികൾ ഇടവകയിലെ അർഹരായവരിലേക്ക് എത്തിക്കുന്നതിന് ഉപസമിതി തയ്യാറാക്കിയ കർമ്മപദ്ധതി രൂപരേഖ സാമൂഹ്യക്ഷേമ കമ്മിറ്റി ചെയർമാൻ റവ. ഫാ. ജോസഫ് കളരിക്കലും പാലിയേറ്റീവ് ആൻഡ് ഫാമിലി ഹെൽത്ത് കെയർ സെന്ററുകൾ ഇടവകയിൽ എന്ന വിഷയം റവ. ഫാ. സോണി മുണ്ടുനടയ്ക്കലും യോഗത്തിൽ അവതരിപ്പിച്ചു. പ്രസ്തുത വിഷയങ്ങളിൽ നടന്ന ചർച്ചയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും പെരുന്തോട്ടം പിതാവും തറയിൽ പിതാവും മോൺ. ജയിംസ് പാലയ്ക്കലും മറുപടി നൽകി.

റവ. ഫാ. അബ്രഹാം വെട്ടുവയലിൽ, റവ. ഫാ. ജോബി കറുകപ്പറമ്പിൽ, ശ്രീ. ഡെന്നീസ് ജോസഫ്, ശ്രീ. ജോസഫ് മറ്റപ്പറമ്പിൽ എന്നിവരുടെ പിതാക്കന്മാരുടെ നിര്യാണത്തിൽ അനുശോചിക്കുകയും മൗനമാചരിക്കുകയും ചെയ്തു.

ഡോ. ഡൊമിനിക് ജോസഫ് (Ph.D.-ഇക്കണോമിക്സ്), അഡ്വ. ജോജി ചിറയിൽ (K.C.C. സെക്രട്ടറി), റവ. ഫാ. ജോസ് നിലവുന്തറ (പ്രസിബിറ്ററൽ കൗൺസിൽ സെക്രട്ടറി), ശ്രീ. വർഗീസ് ആന്റണി (A.K.C.C. പ്രസിഡന്റ്), ശ്രീ. ബിനു കണ്ണന്താനം (തുടർച്ചയായി 77 മണിക്കൂർ പ്രസംഗിച്ച് റിക്കാർഡ്), ശ്രീ. ജോബി പ്രാക്കുഴി (K.C.C. മെമ്പർ), റവ. ഫാ. മാത്യു ഓടലാനി (പാസ്റ്ററൽ കൗൺസിൽ ന്യൂമെമ്പർ), റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശേരി (ഡയറക്ടർ, DCMS), പ്രൊഫ. ജാൻസെൻ ജോസഫ് (A.K.C.C. ഗ്ലോബൽ കമ്മറ്റി മെമ്പർ), ഡോ. ജോസഫ് പട്ടാണി (ന്യൂ ഹെൽത്ത് കെയർ പ്രോജക്ട്), ഡോ. സോണി കണ്ടങ്കരി, ശ്രീ. ജോസ് ആനിത്തോട്ടത്തിൽ, കുമാരി സൗമ്യ ജോസഫ് (കെ. സി.സി. മെമ്പർ), റവ. സി. റോസ് ആന്റോ (ഹോളി ഫാമിലി) - വൃക്കദാനം ചെയ്ത അതിരൂപതാംഗം - എന്നിവരെ യോഗം അനുമോദിച്ചു. യോഗത്തിന് ശ്രീ. ജോസ് ആനിത്തോട്ടത്തിൽ കൃതജ്ഞതയർപ്പിച്ചു.

സ്നേഹപൂർവ്വം,

| | |
|---|---|
| **ശ്രീ. ജോസ് ആനിത്തോട്ടത്തിൽ** | **ഡോ. സോണി കണ്ടങ്കരി** |
| (അസി. സെക്രട്ടറി) | (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി) |

## സന്ദേശനിലയം

പ്രിയമുള്ളവരേ,

വലിയ നോമ്പിന്റെ നാളുകളിലൂടെ കടന്നുപോവുകയാണല്ലോ. വിശ്വാസം വീണ്ടെടുക്കാനും വിശ്വാസത്തിൽ ഉണർവുള്ളവരാകുവാനും ഉള്ള നാളുകൾ. ഇനിയുള്ള നോമ്പ് ദിനങ്ങൾ വർദ്ധിച്ച വിശ്വാസത്തോടും തീക്ഷ്ണതയോടും കൂടി നമുക്കനുഷ്ഠിക്കാൻ ശ്രദ്ധയുള്ളവരാകാം. കഴിഞ്ഞ നാളുകളിലെ വീഴ്ച കൾക്കും കുറവുകൾക്കും പരിഹാരമായി ഇനിയുള്ള നാളുകളിൽ നമുക്ക് ജാഗരൂകതയോടെ തപസനുഷ്ഠിക്കാം. ഇത് വിശുദ്ധവാരത്തിനുള്ള ഒരുക്ക ങ്ങൾക്ക് കൂടുതൽ ഉണർവേകും. വിശ്വാസോത്സവ പരിശീലന പരിപാടികൾ വിവിധ ഫൊറോനകളിൽ നടന്നുവരുന്നു. ഇടവകകളിൽ വിശ്വാസോത്സവം നടത്തുവാൻ സഹകരിക്കുന്ന എല്ലാവരും നിർബന്ധമായും പരിശീലന സെമിനാറിൽ പങ്കെടുക്കണം. അതിരൂപതാ നിർദ്ദേശങ്ങളോട് സഹകരിച്ചു കൊണ്ട് ഭംഗിയായും ഫലപ്രദമായും ക്രമീകരിക്കുന്നതിൽ ശ്രദ്ധിക്കുമല്ലോ.

മാർച്ച് 19 നാമഹേതുകതിരുനാൾ ആചരിക്കുന്ന യൗസേപ്പ് നാമധാരികളായ എല്ലാവർക്കും തിരുനാൾ ആശംസകൾ.

ആഴമായ വിശ്വസത്തിന്റെയും പ്രാർത്ഥനയുടെയും അനുഷ്ഠാനങ്ങളുടെയും ദിനങ്ങളാകട്ടെ ഈ നോമ്പുകാലം. ഉത്ഥിതനായ ഈശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടാകട്ടെ.

സ്നേഹത്തോടെ, പ്രാർത്ഥനയോടെ നിങ്ങളുടെ,

**ജോബിയച്ചൻ**
**ജോസിയച്ചൻ**

**2018 മാർച്ച്**

| | | |
|---|---|---|
| 3 ശനി | : | CLT ക്ലാസ്സ് |
| 10 ശനി | : | CLT ക്ലാസ്സ്, MCC Class |
| 17 ശനി | : | CLT ക്ലാസ്സ് |
| 18 ഞായർ | : | **രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ** |
| 19 തിങ്കൾ | : | മാർ യൗസേപ്പ്, അതിരൂപതാ മദ്ധ്യസ്ഥൻ മാർ ജോസഫ് പെരുന്തോട്ടം മാർ ജോസഫ് പവ്വത്തിൽ നാമഹേതുകത്തിരുന്നാൾ, ഓഫീസ് അവധി |
| 25 ഞായർ | : | **ഓശാന ഞായർ** (28 ബുധൻ മുതൽ ഏപ്രിൽ 1 ഞായർ വരെ ഓഫീസ് അവധിയായിരിക്കും) |
| 30 വെള്ളി | : | **പീഡാനുഭവവെള്ളി** |
| 31 ശനി | : | വലിയശനി |

**ഏപ്രിൽ**

| | | |
|---|---|---|
| 1 ഞായർ | : | **ഉയിർപ്പുതിരുനാൾ** |

| | | |
|---|---|---|
| 2 തിങ്കൾ | : | **വിശ്വാസോത്സവ ആരംഭം**<br>(വിശ്വാസോത്സവം ഏപ്രിൽ 2 മുതൽ 15 വരെ ദിവസങ്ങളിൽ ഏതെങ്കിലും പത്തു ദിവസം) |
| 6 വെള്ളി | : | ഉയിർപ്പ് ഒന്നാം വെള്ളി,<br>സകലവിശുദ്ധരുടെയും തിരുനാൾ |
| 17 ചൊവ്വ | : | നവോദയ സൈനിക സ്കൂൾ കുട്ടികളുടെ വിശ്വാസപരിശീലനക്യാമ്പ് (17, 18,19 തീയതികളിൽ) |
| 21 ശനി | : | **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ** |

**പ്രത്യേകശ്രദ്ധയ്ക്ക്**

- രണ്ടാം ഘട്ടം **സപ്ലിമെന്ററി പരീക്ഷ മാർച്ച്** 18-ാം തീയതി ഞായറാഴ്ചയായിരിക്കും.
- വിശ്വാസോത്സവ ക്രമീകരണങ്ങളിൽ **ഇടവക തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾക്കായി മതബോധനകലണ്ടർ പേജ് 58, 59, 60 കാണുക.**

**രണ്ടാംഘട്ട സപ്ലിമെന്ററി പരീക്ഷ സിലബസ്**

1 മുതൽ 3 വരെ ക്ലാസ്സുകൾക്ക് - പാഠപ്പുസ്തകത്തിലെ നമസ്കാരങ്ങളും ബൈബിൾ വാക്യങ്ങളും

| | | |
|---|---|---|
| ക്ലാസ്സ് 4 | : | നമസ്കാരങ്ങൾ, ആഘോഷമായ വി.കുർബാന സ്വീകരണത്തിനുള്ള നാഥാ വന്നു വസിച്ചാലും എന്ന പുസ്തകം (1 മുതൽ 4 വരെ പാഠങ്ങൾ). |
| ക്ലാസ്സ് 5,6 | : | നമസ്കാരങ്ങൾ, ഉപപാഠപുസ്തകം (CML പ്രസിദ്ധീകരണം) |
| ക്ലാസ്സ് 7 | : | നമസ്കാരങ്ങൾ, ഭാരതസഭ ചരിത്രവഴികളിലൂടെ എന്ന പുസ്തകം |
| ക്ലാസ്സ് 8 | : | നമസ്കാരങ്ങളും ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾ (പാഠങ്ങൾ 4, 5, 6, 8) |
| ക്ലാസ്സ് 9 | : | നമസ്കാരങ്ങളും രാജ്യപുരോഗതിയ്ക്ക് ക്രൈസ്തവ സംഭാവനകൾ (പാഠങ്ങൾ 3, 4 , 8, 9)<br>(കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 16-17 കാണുക) |

**വിശ്വാസോത്സവം 2018 അദ്ധ്യാപക പരിശീലനം**

പുതുതായി തയ്യാറാക്കപ്പെട്ട വർക്കുബുക്കുകളുടെ പരിചയപ്പെടുത്തൽ ആയതിനാൽ അധ്യാപകർ പരിശീലന സെമിനാറിൽ ആദ്യന്തം പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സെമിനാറിന്റെ സമയം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4:00 മണിവരെയായിരിക്കും. സെമിനാറിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഓർഗനൈസറച്ചന്റെ നേതൃത്വത്തിൽ ഫൊറോന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തന്നിരിക്കുന്ന സമയക്രമീകരണങ്ങളോട് എല്ലാ ഫൊറോനകളും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതാതു ഫൊറോനകളിലെ പരിശീലന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾക്കായി ഫൊറോന സെക്രട്ടറിമാരുമായി ബന്ധപ്പെടുക.

## മാർച്ച് മാസത്തിലെ വിശ്വാസോത്സവ പരിശീലനം നടത്തപ്പെടുന്ന ഫൊറോനകൾ

| | | |
|---|---|---|
| മാർച്ച് 3 ശനി | - | തൃക്കൊടിത്താനം, തുരുത്തി |
| മാർച്ച് 4 ഞായർ | - | കുടമാളൂർ, അതിരമ്പുഴ |
| മാർച്ച് 10 ശനി | - | എടത്വാ, അമ്പൂരി, കോട്ടയം |
| മാർച്ച് 11 ഞായർ | - | തിരുവനന്തപുരം, നെടുംകുന്നം |
| മാർച്ച് 17 ശനി | - | മണിമല, കുറുമ്പനാടം |

**അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**

ഏപ്രിൽ 21-ാം തീയതി ശനിയാഴ്ച സ്ക്കോളർഷിപ്പ്പരീക്ഷ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 28 കാണുക.

**നവോദയ സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്**

നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 17, 18, 19 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. മാർച്ച് 19നകം പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിക്കുമല്ലോ. രജി. ഫീസ് 1000 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 27, 28 കാണുക.

**ആദരാഞ്ജലികൾ**

ചേപ്പുംപാറ മർത്ത് മറിയം സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ പി. ജെ. ജോസിന്റെ മാതാവിന്റെയും ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിംഗ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. എൽസമ്മ മാത്യുവിന്റെ മാതാവിന്റെയും തടിയൂർ സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. തമ്പി ഊന്നുകല്ലിലിന്റെ പിതാവിന്റെയും മാമ്പുഴക്കരി ലൂർദ്ദ് മാതാ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജിമ്മി ആന്റണിയുടെ പിതാവിന്റെയും നാലുകോടി സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ഏലിയാമ്മ തോമസിന്റെ ഭർത്താവിന്റെയും വെളിയനാട് സെന്റ് സേവ്യേഴ്സ് സൺഡേസ്കൂൾ അധ്യാപകനും CRT അംഗവുമായ ശ്രീ. തോമസുകുട്ടി മാമ്പറമ്പിലിന്റെ മാതാവിന്റെയും പച്ച - ചെക്കിടിക്കാട് ലൂർദ്ദ് മാതാ സൺഡേസ്കൂൾ അദ്ധ്യാപകനും അതിരൂപതാ CRT അംഗവുമായ ജേക്കബ് മാത്യു ചെത്തിക്കളത്തിലിന്റെ മാതാവിന്റെയും ചെത്തിപ്പുഴ ഡോൺ ബോസ്ക്കോ സൺഡേസ്കൂൾ അദ്ധ്യാപകനും അതിരൂപതാ CRT അംഗവുമായ ജോണിക്കുട്ടി സ്കറിയാ കോവുകുന്നേലിന്റെ സഹോദരന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരെ,

നോമ്പുകാല ചൈതന്യത്തിലൂടെ കടന്നുപോകുന്ന ഈ ദിനങ്ങൾ അനുതാപ ചൈതന്യത്തോടെ ഈശോയുടെ കരുണയും സ്നേഹവും സ്വീകരിക്കുവാനുള്ള അവസരമാണ്. നമ്മിലുള്ള തിന്മകളെ ദൂരീകരിച്ച് മാനസാന്തര ജീവിതത്തിലൂടെ ആത്മീയജീവൻ പ്രാപിക്കുന്ന വ്യക്തികളായി നമുക്കു മാറാം. നമ്മുടെ ഹൃദയങ്ങളോടു സംസാരിക്കുന്ന ദൈവത്തെ ശ്രവിച്ചു കൊണ്ട് നമ്മുടെ ഓരോ കാലടികളും മുൻപോട്ടു വയ്ക്കാം. അവിടുത്തെ തിരുഹിതം നിറവേറ്റി ജീവിക്കുന്നവരാകുവാൻ നമുക്കു പരിശ്രമിക്കാം.

കുട്ടികൾക്ക് പരീക്ഷയുടെ നാളുകളാണല്ലോ. നന്നായി പഠിച്ച് പരീക്ഷ എഴുതുവാനും നല്ല വിജയം കൈവരിക്കുവാനുമുള്ള കൃപാവരം സർവ്വശക്തനായ ദൈവം നിങ്ങളിൽ വർഷിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

**ജോബിയച്ചൻ**
**ജോസിയച്ചൻ**

## അറിയിപ്പുകൾ

**മാർച്ച്**

| | | |
|---|---|---|
| 18 ഞായർ | : | രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ |
| 19 തിങ്കൾ | : | മാർ യൗസേപ്പ്, അതിരൂപതാ മദ്ധ്യസ്ഥൻ<br>മാർ ജോസഫ് പെരുന്തോട്ടം<br>മാർ ജോസഫ് പവ്വത്തിൽ നാമഹേതുകത്തിരുന്നാൾ, ഓഫീസ് അവധി |
| 25 ഞായർ | : | ഓശാന ഞായർ |
| 28 ബുധൻ | : | പെസഹാ ബുധൻ |
| 29 വ്യാഴം | : | പെസഹാ വ്യാഴം, പൗരോഹിത്യ ദിനം |
| 30 വെള്ളി | : | പീഡാനുഭവവെള്ളി |
| 31 ശനി | : | വലിയ ശനി (28 ബുധൻ മുതൽ ഏപ്രിൽ 1 വരെ ഓഫീസ് അവധി) |

**ഏപ്രിൽ**

| | | |
|---|---|---|
| 1 ഞായർ | : | ഉയിർപ്പു ഞായർ |
| 2 തിങ്കൾ | : | വിശ്വാസോത്സവ് ആരംഭം |
| 21 ശനി | : | അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ |
| 23 – 25 | : | അതിരൂപതാ നേതൃപരിശീലന ക്യാമ്പ് |

**അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ്**

ചങ്ങനാശേരി അതിരൂപതയിലെ കുഞ്ഞുമിഷനറിമാർക്കായി ചങ്ങനാശേരി ഫാത്തിമാപുരം എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ഏപ്രിൽ 23, 24, 25 തീയതികളിൽ നേതൃത്വ പരിശീലന ക്യാമ്പ് നടത്തപ്പെടുന്നു. ഒരു ശാഖയിൽനിന്ന് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുമാണ് പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്.

**ശാഖാ - മേഖലാ തിരഞ്ഞെടുപ്പ്**

2017 – 18 പ്രവർത്തനവർഷം മുതൽ ശാഖാ മേഖലാ തലത്തിൽ കുട്ടികളുടെ ഭാരവാഹികളുടെ പ്രവർത്തന കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ 2018–19 പ്രവർത്തന വർഷത്തേയ്ക്കുള്ള കുട്ടികളുടെ ശാഖാതല ഭാരവാഹികളെ 2018 മാർച്ച് മാസത്തിലും കുട്ടികളുടെ മേഖലാതല ഭാരവാഹികളെ ഏപ്രിൽ മാസത്തിലും തെരഞ്ഞെടുക്കേണ്ടതും മേഖലാ ഭാരവാഹികളുടെ പൂർണ്ണമായ ലിസ്റ്റ് 2018 ഏപ്രിൽ 30 നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്.

**മിഷൻ വോയ്സ് പത്രമത്സരം**

അതിരൂപതാതലത്തിൽ നടന്ന മിഷൻവോയ്സ് പത്രമത്സരത്തിൽ നെടുംകുന്നം മേഖലയിൽനിന്നും സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് യൂണിറ്റ് പ്രോത്സാഹന സമ്മാനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

**മേഖലാ ഡയറക്ടേഴ്സിന് നന്ദി**

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നേതൃത്വം നല്കിയ മേഖലാ ഡയറക്ടർമാരായിരുന്ന

റവ. ഫാ. സുനിൽ വേങ്ങാശ്ശേരി (ആലപ്പുഴ)
റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടു കാലായിൽ (അതിരമ്പുഴ)
റവ. ഫാ. ബിജു മണവത്ത് (ചമ്പക്കുളം)
റവ. ഫാ. ഫിലിപ്പോസ് കേഴപ്ലാക്കൽ (എടത്വ)
റവ. ഫാ. പോൾ വേങ്ങാശ്ശേരി (കോട്ടയം)
റവ. ഫാ. തോമസ് മുട്ടേൽ (കുടമാളൂർ)
റവ. ഫാ. ജേക്കബ് ചീരംവേലിൽ (കുറുമ്പനാടം)
റവ. പാ. ജോസഫ് കാക്കനാട്ട് (തൃക്കൊടിത്താനം)
റവ. ഫാ. വർഗീസ് കൊശാക്കൽ (തിരുവനന്തപുരം)

ഇവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.


**വിവാഹ ഒരുക്ക ധ്യാനം**

**2018 മാർച്ച്**

**5, 6, 7 (സിയോൻ)    16, 17, 18 (സിയോൻ)**

**22, 23, 24 (ചങ്ങനാശേരി)**

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ പ്രിയരേ,

വ്യത്യസ്ത കർമപരിപാടികളുമായി പുതിയ പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം ഓരോ ഫൊറോനയിലും നടന്നുകൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ ഓരോ സമ്മേളനവും ഓരോ കുടുംബക്ഷേമ പരിപാടിയും കഴിയുമ്പോഴും സന്തോഷത്തേക്കാളേറെ വെല്ലുവിളികളാണുയരുന്നത്. ഇനിയുമെത്രയോ ഏറെ പ്രവർത്തിക്കാനുണ്ട് എന്ന വെല്ലുവിളി. എന്നാൽ മിക്കവാറും എല്ലായിടത്തു നിന്നും ലഭിക്കുന്ന നല്ല പ്രതികരണങ്ങൾ കൂടുതൽ പ്രവർത്തിക്കാനുള്ള വലിയ ഊർജ്ജവും നമുക്കു നൽകുന്നുണ്ട്. കുട്ടികൾക്കായി മിഷൻലീഗും സൺഡേ സ്കൂളും യുവജനങ്ങൾക്കായി യുവദീപ്തിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ കുട്ടികളും യുവജനങ്ങളും മാതാപിതാക്കളുമെല്ലാമടങ്ങുന്ന മുഴുവൻ കുടുംബത്തെ മുൻനിർത്തിയുള്ളതാണ്. അതിനാൽ തന്നെ ഇടവകയിലും ഫൊറോനയിലും പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ കുടുംബത്തെ മുഴുവനും ഉൾക്കൊള്ളിക്കുന്നതും കുടുംബത്തിനാകെ പ്രയോജനം ചെയ്യുന്നതുമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ശ്രദ്ധിച്ചാൽ നന്നായിരുന്നു.

ജീവന്റെ സുവിശേഷം സ്വജീവിതത്തിലൂടെ പ്രഘോഷിച്ച വി. ജിയന്നായുടെ തിരുശേഷിപ്പു പ്രയാണം അതിന്റെ സമാപനത്തിലേയ്ക്കു കടക്കുകയാണ്. ഒരു വർഷത്തോളമെടുത്ത് നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലൂടെയും ജീവന്റെ സന്ദേശവുമായി നമ്മുടെ പ്രോലൈഫ് പ്രവർത്തകർ കടന്നുചെന്നു. ഓരോ ദിവസവും കടന്നു ചെല്ലുന്ന ഇടവകയ്ക്കു ചൈതന്യവും അവിടുത്തെ സംഘടനയ്ക്ക് ഉണർവ്വും പങ്കെടുക്കുന്ന വ്യക്തികൾക്കു പ്രചോദനവും നൽകിക്കൊണ്ടാണ് നമ്മുടെ പ്രയാണം മുന്നോട്ടു പോയത്. ഈ വരുന്ന മാർച്ച് 24 ന് അതിവിപുലമായ പരിപാടികളോടെ തിരുശേഷിപ്പു പ്രയാണത്തിന്റെ സമാപനം കുറിക്കുകയാണ്. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സംഗമവും അതിരൂപത മുഴുവന്റെയും പ്രാതിനിധ്യമുള്ള റാലിയും അഭിവന്ദ്യപിതാക്കന്മാരും മറ്റു വിശിഷ്ടവ്യക്തികളും പങ്കെടുക്കുന്ന സമ്മേളനവും മറ്റുമെല്ലാം ചേർന്ന് അതിബൃഹത്തായ പരിപാടികളോടെയാണ് നാം ഈ വർഷത്തെ പ്രോലൈഫ് ദിനം കൊണ്ടാടുന്നത്. അതിലും ഏവരും കൈ മെയ് മറന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ ജോസഫ് ഇലഞ്ഞിമറ്റം**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

**'അഗാപ്പേ' പ്രവർത്തന വർഷം ഉദ്ഘാടനം നടത്തി**

അതിരൂപത മാതൃവേദി - പിതൃവേദി പ്രവർത്തനവർഷോദ്ഘാടനം 'അഗാപ്പേ' ജനുവരി 27 ശനിയാഴ്ച രാവിലെ 9:30 ന് ചങ്ങനാശ്ശേരി SB ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അതിരൂപതാ സഹായ മെത്രാൻ

മാർ തോമസ് തറയിൽ പിതാവ് മാർഗ്ഗരേഖാപ്രകാശനവും ഉദ്ഘാടനവും നടത്തി. അതിരൂപത മാതൃവേദി പ്രസിഡന്റ് ഡോ. റോസമ്മ സോണി അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ശ്രീ. വർഗീസ് ആന്റണി, യുവദീപ്തി അതിരൂപത ഡെപ്യൂട്ടി പ്രസിഡന്റ് കുമാരി ട്രീസ ആന്റണി, അതിരൂപത പിതൃവേദി സെക്രട്ടറി ശ്രീ. ജോൺസി കാട്ടൂർ, ശ്രീമതി ലാലിമ്മ ടോമി എന്നിവർ പ്രസംഗിച്ചു. ഫാ. ജോസഫ് ഇലഞ്ഞിമറ്റം, സി. ജോബിൻ FCC എന്നിവർ ചർച്ചകൾ നയിച്ചു. അതിരൂപതാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി. 1 മണിക്ക് ഉച്ചഭക്ഷണത്തോടുകൂടു സമാപിച്ചു.

**ഫൊറോന വാർഷികവും പ്രവർത്തന വർഷോദ്ഘാടനവും**

അതിരമ്പുഴ ഫൊറോന വാർഷികവും പ്രവർത്തനവർഷോദ്ഘാടനവും കോട്ടക്കപ്പുറം കുടമാളൂർ - ഫൊറോന വാർഷികവും പ്രവർത്തനവർഷോദ്ഘാടനവും മുടിയൂർക്കര യൂണിറ്റിൽ വെച്ച് നടത്തി. അവാർഡ് ജേതാവ് ശ്രീ. ജിമ്മി ഫിലിപ്പിനെ ആദരിച്ചു. കൊല്ലം - ആയൂർ - ഫൊറോന വാർഷികവും പ്രവർത്തന വർഷോദ്ഘാടനവും ആയൂർ യൂണിറ്റിൽവെച്ച് ഫെബ്രുവരി 13-ാം തീയതി നടത്തി. വിവാഹ സുവർണ്ണജൂബിലി, രജതജൂബിലി ആഘോഷിച്ചവർക്ക് ആശംസകൾ നൽകി.

ചമ്പക്കുളം ഫൊറോന വാർഷികവും പ്രവർത്തന വർഷോദ്ഘാടനവും ജനുവരി 28 ഞായറാഴ്ച 3 മണിക്ക് ചമ്പക്കുളം പള്ളിയിൽവെച്ച് നടത്തി.

ആലപ്പുഴ ഫൊറോന വാർഷികം ജനുവരി 21-ാം തീയതി പഴവങ്ങാടി യൂണിറ്റിലും പ്രവർത്തന വർഷോദ്ഘാടനം ഫെബ്രുവരി 25-ാം തീയതി തത്തംപള്ളി യൂണിറ്റിലും വെച്ച് നടന്നു.

പുളിങ്കുന്ന് ഫൊറോന വാർഷികവും പ്രവർത്തനവർഷോദ്ഘാടനവും ഫെബ്രുവരി 3-ാം തീയതി പുളിങ്കുന്ന് പള്ളിയിൽ വെച്ച് നടന്നു.

തുരുത്തി ഫൊറോന വാർഷികവും ഉദ്ഘാടനവും ജനുവരി 7-ാം തീയതി ഞായറാഴ്ച 2:30 ന് നടന്നു.

അതിരമ്പുഴ ഫൊറോന വാർഷികവും ഉദ്ഘാടനവും ഫെബ്രുവരി 11 ഞായറാഴ്ച കോട്ടക്കുപുറം പള്ളിയിൽ വെച്ച് നടന്നു.

തിരുവനന്തപുരം ഫൊറോന പ്രവർത്തന വർഷോദ്ഘാടനവും ഗോൾഡൻ യൂത്ത് മീറ്റ് ഉം ഫെബ്രുവരി 25 ന് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നടത്തി.

തൃക്കൊടിത്താനം ഫൊറോന വാർഷികവും മാതൃപിതൃവേദി ഉദ്ഘാടനവും ഫെബ്രുവരി 25-ാം തീയതി ഫാത്തിമാപുരം യൂണിറ്റിൽ വെച്ച് നടത്തി.

അമ്പൂരി ഫൊറോന വാർഷികവും പ്രവർത്തനവർഷോദ്ഘാടനവും ഫെബ്രുവരി 4-ാം തീയതി അമ്പൂരി യൂണിറ്റിൽ വെച്ച് നടന്നു.

മാവേലിക്കര സെന്റ് അൽഫോൻസാ ദൈവാലയത്തിൽ പിതൃവേദി സംഘടന ഫെബ്രുവരി 25-ാം തീയതി ആരംഭിച്ചു.

നാൽപാത്തിമല സെന്റ് തോമസ് യൂണിറ്റിൽ പ്രവർത്തന വർഷോദ്ഘാട

നവും വചനം പകർത്തിയെഴുതിയവർക്കുള്ള സർട്ടിഫിക്കേറ്റും ലഹരി വിരുദ്ധ സെല്ലും ആരംഭിച്ചു.

കണ്ണാടി സെന്റ് റീത്താസ് യൂണിറ്റിൽ പ്രവർത്തനവർഷോദ്ഘാടനവും വിവാഹ വാർഷികത്തിന്റെ സുവർണ്ണ, രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്ക് മംഗളങ്ങൾ നേർന്നു.

കൊല്ലാട് ലിറ്റിൽ ഫ്ളവർ യൂണിറ്റിൽ പ്രവർത്തന വര്ഷോദ്ഘാടനവും കുടുംബജ്യോതി, മാതൃപിതൃവേദി അംഗത്വ തീവ്രപ്രചരണം ഉദ്ഘാടനം ചെയ്തു.

## മാർച്ച് മാസത്തെ പ്രോഗ്രാമുകൾ

**ഫൊറോന പ്രവർത്തവർഷോദ്ഘാടനങ്ങൾ**

നെടുങ്കുന്നം ഫൊറോന പ്രവർത്തനവർഷോദ്ഘാടനം മാർച്ച് 3-ാം തീയതി നെടുങ്കുന്നത് വച്ച്

മണിമല ഫൊറോന പ്രവർത്തനവർഷോദ്ഘാടനം മാർച്ച് 3 എടത്വായിൽ

കോട്ടയം പ്രവർത്തനവർഷോദ്ഘാടനം വടവാതൂർ യൂണിറ്റിൽ മാർച്ച് 11ന്

മാർച്ച് 1 പ്രോലൈഫ് എക്സിക്യൂട്ടീവ്

മാർച്ച് 2 അറുന്നൂറ്റുംപാടം നവോമി സംഗമം

മാർച്ച് 3 പുളിങ്കുന്ന് ഫൊറോന സംഗമം. നെടുങ്കുന്നം - മണിമല ഫൊറോന പ്രോലൈഫ് റീജണൽ കൺവൻഷൻ നെടുങ്കുന്നം പള്ളിയിൽ

ചങ്ങനാശേരി റീജിയൺ (കുറുമ്പനാടം, തൃക്കൊടിത്താനം, തുരുത്തി, ചങ്ങനാശേരി ഫൊറോനകൾ) കൺവൻഷൻ പാറേൽപള്ളിയിൽ

മാർച്ച് 4 പ്രോലൈഫ് കൺവെൻഷൻ അതിരമ്പുഴ

മാർച്ച് 11 പുന്നവേലി യുവദമ്പതി ധ്യാനം

മാർച്ച് 16 കാക്കനാട് സീറോമലബാർ ഡയറക്ടേഴ്സ് മീറ്റ്

മാർച്ച് 17 അദ്ധ്യാപക-മതാദ്ധ്യാപക പ്രോലൈഫ് കൺവെൻഷൻ കത്തീഡ്രലിൽ

മാർച്ച് 20, 21 പ്രോലൈഫ് ദ്വിദിന കൺവെൻഷൻ

മാർച്ച് 24 പ്രോലൈഫ് റാലി- പാറേൽ പള്ളിയിൽനിന്ന് കത്തീഡ്രലിലേക്ക്

മാർച്ച് 25 പ്രോലൈഫ് ഡേ

അജാത ശിശുക്കൾക്കു വേണ്ടിയുള്ള സ്മാരത്തിന്റെ വെഞ്ചരിപ്പ് കത്തീഡ്രൽ അങ്കണത്തിൽ

വി. ജിയന്നയുടെ തിരുശേഷിപ്പ് പ്രയാണം- കൊല്ലം, അമ്പൂരി, തിരുവനന്തപുരം ഫൊറോനകളിൽ നടത്തപ്പെട്ടു

കൊല്ലം ഫൊറോന വികാരി വെരി. റവ. ഫാ. എബ്രഹാം കരിപ്പിങ്ങാപ്പുറം ഫൊറോന ഡയറക്ടകർ ഫാ. ഫ്രാൻസിസ് വടക്കേറ്റം, അമ്പൂരി ഫൊറോന

ഡയറക്ടർ എം. ആന്റണി മുതലക്കടവിൽ തിരുവനന്തപുരം ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് വിരുപ്പേൽ, ഫൊറോന ഓർഗനൈസർ റവ. ഫാ. തോമസ് കാരക്കാട്ട്, ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും അതിരൂപതാ കോ-ഓഡിനേറ്റർ എബ്രഹാം പുത്തൻകളം, കൊല്ലം ഫൊറോന കൺവീനറായ ശ്രീ. ജോൺ, സെബാസ്റ്റ്യൻ, തിരുവനന്തപുരം ഫൊറോന കൺവീനറായ എബ്രഹാം ജോസ് മാതൃവേദി, പിതൃവേദി ഭാരവാഹികൾ, പ്രോലൈഫ് പ്രവർത്തകർ തുടങ്ങി പ്രയാണത്തിൽ നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ഫെബ്രു. 26-27 - വടക്കേക്കര
27-28 - ഇത്തിത്താനം
28- മാർച്ച് 1 - പൊടിപ്പാറ

മാർച്ച് 1- 2 - തുരുത്തി
2-3 - യൂദാപുരം
3-4 - പയറ്റുപാക്ക
4-5 - കാവാലം സെന്റ് ജോസഫ്
5-6 - കൈനടി
6-7 - ഈര
7-8 - കുറിച്ചി
8-9 - ചെത്തിപ്പുഴ
9-10 - ചീരംചിറ
10-11 - വെരൂർ
11-12 - പാറേൽ
13-14 - പെരുന്ന കിഴക്ക്
14-15 - മനയ്ക്കച്ചിറ
15-16 - പുഴവാത്
16-17 - കിടങ്ങറ
17-18 - പുലിമുഖം
18-19 - കുമരങ്കരി
19-20 -പറാൽ
20-21 - വെട്ടിത്തുരുത്ത്
21-22 - മഹേന്ദ്രപുരം
22-23 - കത്തീഡ്രൽ

വി. ജിയന്നയുടെ തിരുശേഷിപ്പ് പ്രയാണം സമാപനം റീജിയണൽ പ്രോലൈഫ് കൺവൻഷൻ.

മാർച്ച് 3.10 എ.എം നെടുങ്കുന്നം, 2.00 പി.എം. ചങ്ങനാശേരി, 4.00 പി.എം. കോട്ടയം

മാർച്ച് 17 - 9.30-3.30 - അദ്ധ്യാപക, മതാദ്ധ്യാപക പ്രോലൈഫ് കൺവൻഷൻ ചങ്ങനാശേരി കത്തീഡ്രൽ ഹാളിൽ. ഇടവകയിൽനിന്ന് കുറഞ്ഞത് 5 അദ്ധ്യാപകരെ പ്രതീക്ഷിക്കുന്നു.

മാർച്ച് 18 - 9.30 - 3.30 - നേഴ്സസ് പ്രോലൈഫ് കൺവൻഷൻ അതിരൂപതയിലെ നേഴ്സുമാരെ പങ്കെടുപ്പിക്കുന്നു. ചങ്ങനാശേരി സെന്റ് ജോസഫ് സ്കൂൾ ഹാളിൽ, 10.00 - 3.30 - ഡോക്ടേഴ്സ് പ്രോലൈഫ് കൺവൻഷൻ - ചങ്ങനാശേരി കത്തീഡ്രൽ മീഡിയ ഹാളിൽ

മാർച്ച് 21-22 - ദ്വിദിന പ്രോലൈഫ് കൺവൻഷൻ 9.30 - 4.30 ചങ്ങനാശേരി കത്തീഡ്രൽ ഹാളിൽ. ഇടവകയിലെ പ്രോലൈഫ് പ്രവർത്തകരെ അയയ്ക്കണം.

മാർച്ച് 24 - വി. ജിയന്നയുടെ തിരുശേഷിപ്പ് പ്രയാണ സമാപനവും പ്രോലൈഫ് ദിനാചരണവും. രാവിലെ 9.30 മുതൽ 2.30 വരെ അഖണ്ഡ പ്രോലൈഫ് ജപമാലയും ആരാധനയും പാറേൽ പള്ളിയിൽ

2.30ന് പാറേൽ പള്ളിയിൽനിന്ന് കത്തീഡ്രലിലേയ്ക്ക് - പ്രോലൈഫ് റാലി

4.00 ന് കത്തീഡ്രൽ പള്ളിഹാളിൽ - മഹാസമ്മേളനവും വി. ജിയന്ന മദ്ധ്യസ്ഥപ്രാർത്ഥനയും

മാർച്ച് 25 - unborn babies movement

# ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ആദിമസഭയുടെ ചൈതന്യത്തിൽ നമ്മുടെ കുടുംബക്കൂട്ടായ്മകളെ ഒരു സ്നേഹക്കൂട്ടായ്മയായി രൂപപ്പെടുത്തുവാൻ പുതുചൈതന്യത്താൽ നിറയ്ക്കാൻ അതിനായി നമുക്കാഗ്രഹിക്കാം, അതിനായി കൂടുതൽ പ്രയത്നിക്കാം. പഞ്ചവത്സര അജപാലന പദ്ധതിയുടെ ഔദ്യോഗിക ഓഫീസ് കുടുംബക്കൂട്ടായ്മാ ഓഫീസാണ്. അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കുമായി പ്രസ്തുത ഓഫീസിനെയാണ് സമീപിക്കേണ്ടത്. വരുന്ന വർഷങ്ങളിൽ കൂടുതൽ തീക്ഷണതയോടെ പ്രവർത്തിക്കാൻ ഈ നോമ്പുകാലത്തിൽ നമുക്ക് പ്രാർത്ഥിച്ചൊരുങ്ങാം.

സ്നേഹത്തോടെ,

**ജെന്നിയച്ചൻ**

## അറിയിപ്പുകൾ

**കുടുംബക്കൂട്ടായ്മാ ഡയറി**

കുടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയ ഡയറി ഓഫീസിൽ ലഭ്യമാണ്. ഡയറി വാങ്ങി ഉപയോഗിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വില - **75/-** രൂപ.

**ബസാലേൽ കൺവൻഷൻ**

ഉയിർപ്പുകാലം മുതൽ ഇടവകയിലെ കുടുംബക്കൂട്ടായ്മാ ലീഡർമാർക്കായി ക്രമികരിക്കാൻ ആഗ്രഹിക്കുന്ന സായാഹ്ന കൺവൻഷനാണിത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഇതു നടത്താൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെട്ട് ഒരു തീയതി നിശ്ചയിച്ച് ഇടവകയിൽ ഇതു നടത്താൻ ശ്രദ്ധിക്കുമല്ലോ.

**കെരിഗ്മ - കുടുംബക്കൂട്ടായ്മാ ഫൊറോനാതല നേതൃസംഗമം**

ഇതിനോടകം നാലു ഫൊറോനകളിൽ ഈ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ബാക്കി ഫൊറോനകളിലും ഉയിർപ്പ് - ശ്ലീഹാ കാലത്തിൽ നടത്താൻ ആഗ്രഹിക്കുകയാണ്.

**അജപാലന പദ്ധതി മാർഗ്ഗരേഖ**

മാർഗ്ഗരേഖ ലഭിക്കാത്ത ഇടവകകൾ ഉണ്ടെങ്കിൽ ഒരിടവകയ്ക്ക് 5 കോപ്പികൾ വീതം ഓഫീസിൽനിന്നും വാങ്ങവുന്നതാണ്. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഫോട്ടോകോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്.

**ബൈബിൾ**

ഈ നോമ്പുകാലത്ത് ദൈവവചനം വായിക്കാൻ കൂടുതലായി ശ്രദ്ധിക്കാം. 150 രുപ നിരക്കിൽ ബൈബിൾ ഓഫീസിൽ ലഭ്യമാണ്. കുറഞ്ഞ നിരക്കിൽ

അർഹരായവരിൽ ബൈബിൾ എത്തിക്കുന്നതിനായി ബൈബിൾ സ്പോൺസേഴ്സ് ഫോറം രൂപികരിച്ചിട്ടുണ്ട്. അതിലേയ്ക്കായി ഉദാര മനസ്ക്കരുടെ സഹായം അഭ്യർത്ഥിക്കുന്നു. ഈ വർഷം ഈ സ്കീമിൽ ലഭ്യമായ ബൈബിൾ ഓഫീസിൽ നിന്നു വാങ്ങാവുന്നതാണ്.

**കുടുംബക്കൂട്ടായ്മാ വാർഷികങ്ങൾ**

ഓരോ ഇടവകയും കുട്ടായ്മാ വാർഷികങ്ങൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അത് കുടുംബക്കൂട്ടായ്മകളെ കൂടുതൽ ഉർജ്ജസ്വലമാക്കും. ആരാധനാ വത്സരത്തിനനുസരിച്ച് മംഗളവാർത്താക്കാലത്തിൽ ആരംഭിച്ച് (ഡിസംബർ) പള്ളിക്കൂദാശക്കാലത്തിൽ (നവംബർ) വാർഷികം നടത്തുന്നത് ഉചിതമായിരിക്കും.

**ഹോംാം മിഷൻ**

അഭിവന്ദ്യ പിതാവിന്റെ അജപാലന സന്ദർശനത്തിന് മുന്നോടിയായി ബഹു. ഇടവക വികാരിയച്ചന്റെ നിർദ്ദേശത്തോടെ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോാം മിഷൻ പ്രോഗ്രാം ഇടവകകളിൽ ക്രമീകരിക്കുന്നു. ഹോം മിഷൻ പ്രോഗ്രാം നടത്താത്ത എല്ലാ ഇടവകകളും അടുത്ത 5 വർഷത്തിനുള്ളിൽ പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥനാ ഗാനം - കുടുംബക്കൂട്ടായ്മാ ആന്തം**

നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബക്കൂട്ടായ്മകളിലും പ്രാരംഭത്തിൽ ആലപിക്കാനുള്ള പ്രാർത്ഥനാ ഗാനത്തിന്റെയും സമാപനത്തിലെ ആന്തത്തിന്റെയും പാട്ടുകളടങ്ങിയ സി. ഡി ഓഫീസിൽ ലഭ്യമാണ്. വാട്സാപ്പിൽ വേണ്ടവർ 944 777 6920 എന്ന നമ്പരിൽ ബന്ധപ്പെട്ടാൽ ഓഡിയോ ഫയൽ അയച്ചു തരുന്നതാണ്. നമ്മുടെ എല്ലാ സമ്മേളനങ്ങൾക്കും ഈ ഗാനങ്ങൾ ഉപയോഗിക്കുന്ന രീതി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

സ്നേഹത്തോടെ,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

# ഇറ്റാലിയൻ ഭാഷാ പഠനം

**തുരുത്തി - കാനാ**

ചങ്ങനാശ്ശേരി - തുരുത്തി കാനാ ജോൺ പോൾ രണ്ടാമൻ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇറ്റാലിയൻ ഭാഷാ പഠനവും പരിശീലനവും 2018 ജൂൺ 3 മുതൽ 30 വരെ.

1. വിദഗ്ദരായ അദ്ധ്യാപകർ
2. വൈദികർക്കും സന്ന്യസ്തർക്കും പ്രത്യേക പരിശീലനം
3. താമസസൗകര്യം ലഭ്യമാണ്.

**ഫോൺ: 9497391968, 8289833641**

# കത്തോലിക്ക കോൺഗ്രസ് പ്രവർത്തനവീഥിയിൽ

**വലിയ നോമ്പാശംസകൾ...**

അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഫൊറോന സമിതി തിരഞ്ഞെടുപ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ശതാബ്ദി നേതൃസംഗമം ഉൾപ്പെടെയുള്ള പരിപാടികൾ വിജയിപ്പിക്കുകയും ചെയ്ത നിങ്ങളോരോരുത്തർക്കും അഭിനന്ദനങ്ങൾ നേരുന്നു.

നമ്മുടെ സജീവമായ ഇടപെടലുകൾ ആവശ്യമായ അടുത്ത മൂന്നു മാസത്തെ പ്രവർത്തനങ്ങളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**പരിപാടികളുടെ സംക്ഷിപ്ത രൂപം**

1. **മാർച്ച് 3 :** കുട്ടനാട്ടിലെ ഓരുവെള്ളമുൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കണമെന്നും റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിന് പരിഹാരം കാണുവാനും നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കുമരകത്ത് സമരപ്രഖ്യാപന കൺവെൻഷൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ മാർച്ച് 3 ഉച്ച കഴിഞ്ഞ് മൂന്നിന് നടക്കും. മുൻമന്ത്രി അഡ്വ. മോൻസ് ജോസഫ് എം. എൽ. എ. ഉദ്ഘാടനം ചെയ്യും.
2. **മാർച്ച് 11 :** തിരുവനന്തപുരം ലൂർദ്ദ് സെന്ററിൽ ഉച്ചകഴിഞ്ഞ് 3-ന് അതിരൂപതാതല അംഗത്വവിതരണ കാമ്പയിൻ ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യും. എല്ലാ ഫൊറോനകളിലും മാർച്ച് മാസത്തിൽ അംഗത്വ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തും.
3. **പ്രവർത്തന ഫണ്ട് :** ശതാബ്ദിയുടെ കർമ്മ പരിപാടികൾ വിജയകരമായി നടപ്പിലാക്കുന്നതിന് പ്രവർത്തനഫണ്ട് ശേഖരിക്കുന്നു. 100 രൂപ മുഖവിലയുള്ള കൂപ്പണുകൾ എല്ലാ ഇടവകകളിലും വിതരണം ചെയ്ത് 50% തുക യൂണിറ്റിനും 10% തുക ഫൊറോനയ്ക്കും 40% തുക അതിരൂപതയ്ക്കും നൽകണം.
4. **മാർച്ച് 16 :** ആത്മീയ സഹവാസം മാന്നാനത്ത്: കത്തോലിക്ക കോൺഗ്രസിന് പ്രാരംഭം കുറിച്ച മാന്നാനത്ത് കത്തോലിക്ക കോൺഗ്രസ് അതിരൂപത ഭാരവാഹികൾ പ്രതിനിധി സഭാംഗങ്ങൾ ഫൊറോന ഭാരവാഹികൾ എന്നിവർ പങ്കെടുക്കുന്ന ആത്മീയ സഹവാസം മാർച്ച് 16 വെള്ളി വൈകുന്നേരം 4:30 ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കും. തുടർന്ന് കുരിശിന്റെ വഴി, ആരാധന എന്നിവ നടക്കും. ഏഴ് മണിക്ക് ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവ്വഹിക്കും.
5. **ഏപ്രിൽ 11-15 ശതാബ്ദി സമാപനവിളംബര ജ്വാലാപ്രയാണം:** ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നൂറു മണിക്കൂർ നീണ്ടു നിൽക്കുന്ന ശതാബ്ദി സമാപനവിളംബര ജ്വാലപ്രയാണം നടത്തുന്നു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മാഫിയ ശക്തികൾക്കെതിരെയുള്ള ബോധവൽക്കരണം സെമിനാറുകൾ ഫൊറോന സമ്മേളനങ്ങൾ വിവിധ മത്സരങ്ങൾ ശതാബ്ദി സമ്മേളനം എന്നീ പരിപാടികളോടെയാണ് ജ്വാലാപയാണം നടത്തുന്നത്. തിരുവനന്തപുരത്ത് 2018-ഏപ്രിൽ 11 ബുധൻ രാവിലെ 10-ന് ആരംഭിക്കുന്ന പ്രയാണം വിവിധ ഫൊറോനാ കേന്ദ്രങ്ങളിലൂടെ 2018

ഏപ്രിൽ 15-ന് ചങ്ങനാശ്ശേരിയിൽ സമാപിക്കുന്നു. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന പരിപാടികൾ യഥാസമയം ഫൊറോന സമിതികളുടെ നേതൃത്വത്തിൽ ആവിഷ്കരിക്കണം.

1. ശതാബ്ദി വിളംബരസമ്മേളനങ്ങൾ – 16 ഫൊറോനകളിൽ
2. ഏറ്റെടുത്തിരിക്കുന്ന പരിപാടികൾ സെമിനാറുകൾ പ്രചരണങ്ങൾ എന്നിവ വിജയകരമായി പൂർത്തീകരിക്കണം.
3. വിളംബര ജ്വാലയ്ക്ക് സ്വീകരണം ഒരുക്കണം.
4. ഫണ്ട് ശേഖരണത്തിനായി നൽകിയിരിക്കുന്ന കൂപ്പണുകൾ വിറ്റഴിച്ച് അതിരൂപതാ വിഹിതം യൂണിറ്റ് പ്രസിഡന്റ്മാർ തിരിച്ച് ഏൽപ്പിക്കണം.
5. അംഗത്വവിപുലീകരണത്തിനായി നൽകിയിട്ടുള്ള ബുക്കുകൾ അംഗത്വലിസ്റ്റ് അടക്കം തിരിച്ചേൽപ്പിക്കണം.
6. ന്യൂനപക്ഷപീഡനങ്ങൾ അവസാനിപ്പിക്കുക, മാർപ്പാപ്പയുടെ ഭാരതസന്ദർശനം യാഥാർത്ഥ്യമാക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുള്ള ഇടവകകളിലെ ഒപ്പു ശേഖരണം പൂർത്തിയാക്കി പ്രയാണസംഗമവേദിയിൽ ഏൽപ്പിക്കണം.
7. ശതാബ്ദിസ്മാരക ചർച്ച് ക്വയർ മത്സരത്തിന്റെ നടത്തിപ്പ് ആലോചിക്കണം.
8. ശതാബ്ദി സമാപനത്തോടനുബന്ധിച്ച് തൃശൂരിൽ നടക്കുന്ന ഗ്ലോബൽ സംഗമം ഏപ്രിൽ 15-ന് ചങ്ങനാശ്ശേരിയിൽ നടക്കുന്ന അതിരൂപതാ സംഗമം എന്നിവ വിജയിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം.
9. കുട്ടനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കണമെന്നും റബ്ബർ മലയോരകർഷകരുടെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ **'സ്നേഹമതിൽ'** (തീയതി പിന്നീട് അറിയിക്കും) തീർക്കുന്ന പ്രോഗ്രാം വിജയിപ്പിക്കണം.
10. 2018 മെയ് 13-ന് തൃശൂരിൽ നടക്കുന്ന ശതാബ്ദി ഗ്ലോബൽ സംഗമത്തിൽ പങ്കെടുക്കുന്നതിന് യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ ബുക്ക് ചെയ്യണം.

**ചർച്ച് ക്വയർ :** അതിരൂപതമത്സരം 2018 മെയ് 6-ന് നെടുങ്കുന്നം ഫൊറോനയിലെ കൂത്രപ്പള്ളി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടത്തുന്നതാണ്. ഒന്നാം സമ്മാനം 10001 രൂപയും, രണ്ടാം സമ്മാനം 5001 രൂപയും മൂന്നാം സമ്മാനം 3001 രൂപയും ആയിരിക്കും. ഫൊറോന മത്സരങ്ങൾ 2018 മാർച്ച് 11 നും ഏപ്രിൽ 30 നും ഇടയിൽ നടത്തേണ്ടതാണ്.

**അംഗത്വ വിപുലീകരണം :** എല്ലാ യൂണിറ്റുകളിലും നിലവിലുള്ള അംഗങ്ങൾക്ക് പുറമേ പരമാവധി അംഗങ്ങളെ പുതിയതായി ചേർക്കുകയും പത്ത് ആയുഷ്കാല അംഗങ്ങളെ ചേർക്കുകയും വേണം. യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റുകൾ സമയബന്ധിതമായി ആരംഭിക്കുകയും വേണം.

മേൽപറഞ്ഞ എല്ലാ പ്രവർത്തന പരിപാടികൾക്കും എല്ലാവരുടേയും ആത്മാർത്ഥമായ സഹായകഹകരണങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**വർഗീസ് ആന്റണി** (പ്രസിഡന്റ്) **ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**രാജേഷ് ജോൺ** (ജനറൽ സെക്രട്ടറി) **സിബി മുക്കാടൻ** (ട്രഷറർ)

**2017 ഡിസംബർ 01**

ഉണർവ് – അതിരൂപത ഭാരവാഹികളുടെ യൂണിറ്റ് സന്ദർശന പരിപാടിയായ ഉണർവ്, ഇത്തിത്താനം, കൂത്രപ്പള്ളി, പുന്നത്തറ തുടങ്ങിയ ഇടവകകളിൽ നടന്നു.

**ഡിസംബർ 02**

പുഴവാത് സെന്റ് മേരീസ് പള്ളിയിൽ ഭാരവാഹികളുടെ യൂണിറ്റ് സന്ദർശനം നടന്നു.

**ഡിസംബർ 09**

എറണാകുളത്ത് നടന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പ്രവർത്തന ഉത്ഘാടനത്തിൽ അതിരൂപതാ ഭാരവാഹികളും, കൗൺസിൽ അംഗങ്ങളും അടക്കം 25 പേർ പങ്കെടുത്തു.

**ഡിസംബർ 10**

മണിമല, കുടമാളൂർ, പുളിങ്കുന്ന് തുടങ്ങിയ ഫൊറോനകളിൽ ഡയറക്ടറുടെയും ഫൊറോന വികാരിയുടെയും മേൽനോട്ടത്തിൽ ഇലക്ഷൻ നടന്നു.

**ഡിസംബർ 12**

ന്യൂനപക്ഷങ്ങൾക്കുള്ള വിദ്യാഭ്യാസ അവകാശം സർക്കാർ ഉത്തരവിലൂടെയും, നിയമ നിർമാണത്തിലൂടെയും നിഷേധിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ചു.

**ഡിസംബർ 17**

മദ്ധ്യപ്രദേശിലെ സത്നയിൽ വൈദികരേയും വൈദിക വിദ്യാർത്ഥികളെയും അകാരണമായി മർദ്ദിച്ചതിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ഇടവകകളിൽ പ്രാർത്ഥനാദിനവും പ്രതിഷേധ യോഗങ്ങളും നടന്നു.

**ഡിസംബർ 17**

ചമ്പക്കുളം, എടത്വ, അതിരമ്പുഴ, നെടുംകുന്നം ഫൊറോന ഇലക്ഷനുകൾ നടന്നു.

**ഡിസംബർ 18**

സത്ന സംഭവത്തിൽ പ്രതിഷേധിച്ച് കോട്ടയത്ത് ഗാന്ധി പ്രതിമ മുതൽ ഹെഡ് പോസ്റ്റ് ഓഫീസ് ജംഗ്ഷൻ വരെ വായ് മൂടിക്കെട്ടി പിന്നോട്ട് നടന്നുകൊണ്ടുള്ള പ്രതിഷേധത്തിലും ധർണയിലും അതിരൂപതാ ഭാരവാഹികളും ഫൊറോനാ ഭാരവാഹികളും പങ്കെടുത്തു.

**ഡിസംബർ 20**

എറണാകുളത്തു നടന്ന ഗ്ലോബൽ സമിതി വർക്കിംഗ് കമ്മറ്റിയിൽ 5 അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**ഡിസംബർ 21**

അതിരൂപതാ മാർഗ്ഗ രേഖ കമ്മറ്റി കൂടി.

**ഡിസംബർ 22**

അനാഥരുടെയും അശരണരുടെയും അഭയകേന്ദ്രമായിരുന്ന കുറ്റിക്കൽ അച്ചന്റെ ദേഹവിയോഗത്തിൽ ഭാരവാഹികൾ അനുശോചിക്കുകയും കടുവാക്കുളം ലൂർദ് മാതാ പള്ളിയിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഡിസംബർ 23**

അതിരൂപതാ സമിതി ക്രിസ്മസ് ആഘോഷം നടത്തി.

**2018 ജനുവരി 2**

ഭരണഘടനാ അവകാശങ്ങൾ നിഷേധിക്കുന്ന നടപടികളും, മതന്യൂന പക്ഷങ്ങൾക്കു നേരെ വർദ്ധിച്ചുവരുന്ന അക്രമങ്ങളിൽ ഉത്കണ്ഠരേഖപ്പെടുത്തുന്നതിനും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ ഭാരത സന്ദർശനത്തിന് അനുകൂലമായ നടപടികൾ സ്വീകരിക്കാത്ത കേന്ദ്രസർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ടും കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതി കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്ന ഭീമഹർജിയുടെ ഒപ്പുശേഖരണത്തിന്റെ ഉത്ഘാടനം അതിരൂപതാ മെത്രാപ്പോലിത്താ മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു.

**ജനുവരി 16**

കത്തോലിക്കാ കോൺഗ്രസ് ശതാബ്ദി നേതൃസംഗമത്തിന്റെ വിളംബര ദീപം വികാരി ജനറൽ മോൺ. വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ തെളിയിച്ചു. സമ്മേളനത്തിൽ അതിരൂപതാ, ഫൊറോനാ ഭാരവാഹികൾ പങ്കെടുത്തു.

**ഫെബ്രുവരി 7**

ഉണർവ്വ് – യൂണിറ്റ് സന്ദർശന പരിപാടി കുമരകത്ത് നടന്നു.

**ഫെബ്രുവരി 7**

ആശ്രയം – അതിരൂപതാ സ്വാന്തന പരിചരണ പരിപാടിയുടെ ഉത്ഘാടനം കുമരകം വടക്കുകര സെന്റ് ജോൺസ് പള്ളിയിൽ കോട്ടയം ഭദ്രാസന മെത്രാപ്പോലിത്ത റൈറ്റ്. റവ. ഡോ. തോമസ് മാർ തിമോത്തിയോസ് ഉത്ഘാടനം ചെയ്തു. വികാരി ജനറൽ അതിരൂപതാ മോൺ വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**ഫെബ്രുവരി 10**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി കുടുംബസംഗമം ഭരണങ്ങാനത്ത് നടന്നു. അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**ഫെബ്രുവരി 20**

അതിരൂപതാ സമിതി ചേർന്നു.

ഫെബ്രുനരി 18, 21, 25 – തീയതികളിൽ ഫൊറോന കൗൺസിലുകൾ നടന്നു.

**ശതാബ്ദി നേതൃസംഗമം**

കത്തോലിക്ക കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതാ ശതാബ്ദി നേതൃസംഗമവും കർമ്മപദ്ധതി പ്രകാശനവും 2018 ജനുവരി 21 ന് എസ്. ബി. ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ശതാബ്ദി നേതൃസംഗമം ഉദ്ഘാടനം ചെയ്തു. റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് നേതൃശില്പശാല നയിച്ചു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മാർഗരേഖ പ്രകാശനം നിർവഹിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജന. സെക്രട്ടറി രാജേഷ് ജോൺ, കെ.സി.ബി.സി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ജോജി ചിറയിൽ, ആനീസ് ജോർജ്, ബാബു വള്ളപ്പുര, ജോർജ്കുട്ടി മുക്കത്ത്, ജോസ് ജോൺ വെങ്ങാന്തറ, അഡ്വ. പി.പി. ജോസഫ്, തങ്കച്ചൻ പൊന്മാങ്കൽ എന്നിവർ പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം നടന്ന മാർഗരേഖ ആശയ രൂപീകരണ ചർച്ചയിൽ സൈബി അക്കര മോഡറേറ്ററായിരുന്നു ബിജു സെബാസ്റ്റ്യൻ കർമ്മപദ്ധതി അവതരിപ്പിച്ചു. ഫൊറോന പ്രസിഡന്റുമാർ, അതിരൂപതാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. 16 ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ ശതാബ്ദി നേതൃസംഗമത്തിൽ പങ്കെടുത്തു.

# യുവദീപ്തി–എസ്.എം.വൈ.എം.

**ഫൊറോനാ തെരഞ്ഞെടുപ്പുകൾ**

യുവദീപ്തി - എസ്സ്.എം.വൈ.എമ്മിന്റെ അതിരൂപതാ തെരഞ്ഞെടുപ്പിനു മുന്നോടിയായിട്ടുള്ള ഫൊറോനാ തെരഞ്ഞെടുപ്പുകൾ 2018 ജനുവരി 21, 26, 28 ഫെബ്രുവരി 4 - തീയതികളിലായി വിവിധ ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തി.

**അതിരൂപതാ തെരഞ്ഞെടുപ്പ് - ഫെബ്രുവരി 10, 11**
**സ്പിരിച്ച്വാലിറ്റി സെന്റർ - കോട്ടയം**

2018 - പ്രവർത്തനവർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള ക്യാമ്പ് ഫെബ്രുവരി 10, 11 തീയതികളിൽ മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ നടത്തി. 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച ക്യാമ്പ് 11-ാം തീയതി ഞായറാഴ്ച മൂന്നു മണിക്ക് സമാപിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ഡോ. തോമസ് എബ്രഹാം, ലാലിച്ചൻ മറ്റത്തിൽ എന്നിവർ തെരഞ്ഞെടുപ്പു ക്യാമ്പിൽ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ടോണി കരിക്കണ്ടം, സിസ്റ്റർ സെലിൻ ജോസ് എസ്. ഡി. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**പുതിയ പ്രവർത്തന വർഷത്തെ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ഷിജോ മാത്യു, ഇടയാടി, ഇത്തിത്താനം തുരുത്തി ഫൊറോനാ |
| ഡെപ്യൂട്ടി പ്രസിഡന്റ് | - | ആൻ മരിയ ജോസ് (ചിഞ്ചു) അരുവിക്കുഴി - കോട്ടയം |
| ജനറൽ സെക്രട്ടറി | - | അഖിൽ ജോർജ് ചാക്കോ മുണ്ടുപാലം - തൃക്കൊടിത്താനം |
| ട്രഷറർ | - | ടോണി മണിമലപറമ്പിൽ - മണിമല - മണിമല - ഹോളി മാഗി |

**വൈസ് പ്രസിഡന്റുമാർ**

(എ) ശ്യാം കെ. ജോസഫ്
ചേപ്പുംപാറ, കോട്ടയം

(ബി) അഞ്ജലി പി. തോമസ്
ആറാട്ടുവഴി - ആലപ്പുഴ

**സെക്രട്ടറിമാർ**

(എ) അജയ് സജീവ് - വേഴപ്ര - പുളിങ്കുന്ന്

(ബി) റോസ് മരിയ സെബാസ്റ്റ്യൻ - കുന്നന്താനം - തൃക്കൊടിത്താനം

**കെ. സി. വൈ. എം. സിൻഡിക്കേറ്റ് അംഗങ്ങൾ**

(എ) സിറിയക് തോമസ് - തത്തംപള്ളി - ആലപ്പുഴ

(ബി) അനു ആനി ജോസഫ് - കറിക്കാട്ടൂർ - മണിമല

**കെ. സി. വൈ. എം. സെനറ്റ് അംഗങ്ങൾ**

(എ) ആന്റോ ടി. മേപ്പുറം - വൈശ്യംഭാഗം - ചമ്പക്കുളം

(ബി) സ്നേഹാ ടോം - തിരുമല - തിരുവനന്തപുരം

**പിആർഒ**

ക്രിസ്റ്റി ഡേവീസ് - കിഴക്കേ മിത്രക്കരി - എടത്വാ

**എഡിറ്റർമാർ**

(എ) ബെക്സൺ - കൊല്ലം - കൊല്ലം, ആയൂർ ഫൊറോന

(ബി) സീനാമോൾ ചെറിയാൻ - മഹേന്ദ്രപുരം - ചങ്ങനാശ്ശേരി

**എഫാത്ത - 2018 - യുവജന കൺവൻഷൻ**

ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് പാറേൽപള്ളി മൈതാനിയിൽ 2018 ഫെബ്രുവരി 18 ഞായറാഴ്ച "എഫാത്ത - 18" യുവജനകൺവൻഷൻ നടത്തി. രാവിലെ 10 മണിക്ക് അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. മാർ ജോസഫ് പൗവത്തിൽ മെത്രാപ്പോലീത്താ "എഫാത്ത - 18" കൺവൻഷൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ റവ. ഡോ. മാണി പുതിയിടം, ഫാ. ജോമോൻ കൊച്ചുകണിയാംപറമ്പിൽ എം. സി. ബി. എസ്സ്. എന്നിവർ വചനപ്രഘോഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര വിശുദ്ധ കുർബാനയുടെ ആരാധന നയിച്ചു. കോട്ടയം ഫൊറോനാ യുവദീപ്തി - എസ്സ്. എം. വൈ. എം. ഡയറക്ടർ ഫാ. സിജോ കാച്ചാംകോട്ട് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. നിയുക്ത പ്രസിഡന്റ് ഷിജോ മാത്യൂ ഇടയാടി, ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസ് എന്നിവർ പ്രസംഗിച്ചു. പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രം വികാരി ഫാ. ജേക്കബ് വാരിക്കാട്ട്, ലാലിച്ചൻ മറ്റത്തിൽ, സിസ്റ്റർ സെലിൻ ജോസ് എസ്. ഡി. ബ്രദർ ടോണി കരിക്കണ്ടം, പാസ്റ്ററൽ കൗൺസിൽ യൂത്ത് കമ്മീഷൻ സെക്രട്ടറി പ്രിൻസ് അറയ്ക്കൽ, അഖിൽ ജോർജ് ചാക്കോ, ടോണി മണിമലപറമ്പിൽ, ശ്യാം കെ. ജോസഫ്, അജയ് സജീവ്, സിറിയക് തോമസ്, സ്നേഹാ ടോം, റോസ് മരിയ സെബാസ്റ്റ്യൻ, അനു ആനി ജോസഫ്, ആന്റോ ടി. മേപ്പുറം എന്നിവർ 'എഫാത്ത' കൺവൻഷൻ നേതൃത്വം നൽകി.

**അമ്പലപ്പുഴ - യുവജനസംഗമം**

അമ്പലപ്പുഴ സെന്റ് മേരീസ് യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ജനുവരി 26-ന് യുവജനസംഗമം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോഷി പുത്തൻപുരയ്ക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സ് നയിച്ചു.

**അമലഗിരി കോളേജിൽ സെമിനാർ**

അമലഗിരി ബി. കെ. കോളേജിലെ ഡിഗ്രി വിദ്യാർത്ഥികൾക്കായി നടത്തിയ സെമിനാറിൽ യുവദീപ്തി - എസ്സ്. എം. വൈ. എം. ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സ് നയിച്ചു.

**വാർഷികം, ഭാരവാഹികളുടെ സത്യപ്രതിജ്ഞ, യുവജനവർഷം പ്രൊജക്ട് ഉദ്ഘാടനം - മാർച്ച് 10 ശനി**

യുവദീപ്തി - എസ്സ്. എം. വൈ. എമ്മിന്റെ 2017 വർഷത്തെ വാർഷികവും, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും, പ്രോജക്ട് ഉദ്ഘാടനവും മാർച്ച് 10-ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടക്കും. അഭിവന്ദ്യ മാർ ജോസഫ് പെരുംന്തോട്ടം മെത്രാപ്പോലീത്ത പരിപാടികൾ ഉദ്ഘാടനം ചെയ്യും. അതിരൂപതയിൽ കലാമത്സരങ്ങൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനം കിട്ടിയവർക്കുള്ള സമ്മാനവും ബെസ്റ്റ് യൂണിറ്റുകൾ ബെസ്റ്റ് ഫൊറോനകൾ എന്നിവയ്ക്കുള്ള സമ്മാനങ്ങളും സമ്മേളനത്തിൽവെച്ച് നൽകുന്നതാണ്.

**മാർച്ച് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| **മാർച്ച് 4** | - | **തേക്കുപാറ** |
| ,, 3, 4 | - | അമ്പൂരി ഫൊറോനാ സന്ദർശനം |
| ,, 10 | - | അതിരൂപതാ വാർഷികം, പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞ, പ്രോജക്ട് ഉദ്ഘാടനം, യുവജനവർഷം ഉദ്ഘാടനം |
| ,, 8 | - | വനിതാദിനാചരണം |
| ,, 18 | - | ഫൊറോന സന്ദർശനം |
| ,, 19 | - | മാർ യൗസേപ്പ് പിതാവിന്റെ മരണതിരുനാൾ |
| ,, 22 | - | ലോക ജലദിനം |
| ,, 24 | - | പ്രോലൈഫ് റാലി |
| ,, 25 | - | ഓശാന പെരുന്നാൾ |
| ,, 25 | - | വലിയ ആഴ്ച |
| ഏപ്രിൽ 1 | - | ,, |

## തീർത്ഥാടനം

### നിർമ്മലപുരം കരുവള്ളിക്കാട്
## കുരിശുമല തീർത്ഥാടനം

നമ്മുടെ അതിരൂപതയിൽപ്പെട്ട നിർമ്മലപുരം കരുവള്ളിക്കാട് സെന്റ് തോമസ് കുരിശുമല തീർത്ഥാടനം ഈ വർഷം 40-ാം വെള്ളിദിനമായ 2018 മാർച്ച് 23-ാം തീയതി ഉച്ചകഴിഞ്ഞ് 2:00 ന് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ആമുഖ സന്ദേശത്തോടെ ചുങ്കപ്പാറ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിയിൽ നിന്ന് ആരംഭിക്കുന്നു. ഈ തീർത്ഥാടനത്തിന് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

തീർത്ഥാടന കമ്മറ്റിക്കുവേണ്ടി,

| | |
|---|---|
| ജോസി ഇലഞ്ഞിപ്പുറം | ഫാ. ജോസഫ് മാമ്മൂട്ടിൽ |
| (കൺവീനർ) | (വികാരി) |
| ഫോൺ: 9495523403 | ഫോൺ: 9447121927 |

# കെ. സി. എസ്. എൽ.

ഈശോയിൽ സ്നേഹമുള്ള കെ. സി. എസ്. എൽ. കൂട്ടുകാരേ,

2017-18 അദ്ധ്യയന വർഷത്തിലെ പഠനങ്ങളും പ്രവർത്തനങ്ങളും പൂർത്തിയാക്കി എല്ലാവരും വാർഷിക പരീക്ഷയ്ക്കായി ഒരുങ്ങുകയാണല്ലോ. ദൈവം നൽകിയ അനുഗ്രഹങ്ങളും കഴിവുകളും അവസരങ്ങളും നന്നായി പ്രയോജനപ്പെടുത്തി ഉന്നതവിജയം നേടാൻ ഏവർക്കും കഴിയട്ടെ എന്നു ആശംസിക്കുന്നു.

പതിവുപോലെ സ്റ്റേറ്റ് ലീഡേഴ്സ് ട്രെയിനിംഗ് ക്യാംമ്പ് & ഇലക്ഷൻ ഏപ്രിൽ മാസത്തിൽ നടക്കുന്നതാണ്. അതിനായി ഓരോ സ്കൂൾ-ൽ നിന്നും യു. പി., എച്ച്. എസ്., എച്ച്. എസ്. എസ്. വിഭാഗങ്ങളിലെ സമർത്ഥരായ ഓരോ കുട്ടികളെ തയ്യാറാക്കാൻ ആനിമേറ്റേഴ്സും പ്രഥമ അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കുട്ടികളുടെ പേരും, ഫോൺ നമ്പരും മാർച്ച് ആദ്യ ആഴ്ചയിൽതന്നെ കെ. സി. എസ്. എൽ. ഓഫീസിൽ തരേണ്ടതാണ്. ക്യാമ്പ് ഫീസും, സ്ഥലവും, തീയതിയും പിന്നീട് അറിയിക്കാം.

കെ. സി. എസ്. എൽ.-ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓരോ സ്കൂളുകളും അതിരൂപതാ ഓഫീസിൽ അടയ്ക്കേണ്ട തുകകൾ (മെമ്പർഷിപ്പ് ഫീസ്, പ്രതിഭ, സ്റ്റഡിസർക്കിൾ പുസ്തകം, കലോത്സവ ഫീസ് തുടങ്ങിയവ) എത്രയും പെട്ടെന്ന് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുക. ഈ വർഷത്തെ കലാസാഹിത്യമത്സരങ്ങളുടെ സമ്മാനങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത സ്കൂളുകൾ ഓഫീസിൽനിന്നും അതു ഏറ്റുവാങ്ങേണ്ടതാണ്. സ്കൂളുകൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും നന്ദി.

ഔദ്യോഗികമായി അദ്ധ്യാപക ജീവിതത്തിൽനിന്നു പടിയിറങ്ങുന്ന നമ്മുടെ അദ്ധ്യാപകരെ നന്ദിയോടും ആദരവോടുംകൂടി അനുസ്മരിക്കാം. അവർക്കു വേണ്ടി പ്രാർത്ഥിക്കാം.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

# ജീവകാരുണ്യനിധി – ട്രസ്റ്റ്

**കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%)**

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 1. | ഐക്കരച്ചിറ | 112980 | 45192 |
| 2. | അമ്പലപ്പുഴ | 16117 | 7000 |
| 3. | അമ്പൂരി | 93200 | 37300 |
| 4 | ആനക്കുളം | 10000 | 4000 |
| 5. | ആനിക്കാട് | 8400 | 3360 |
| 6. | ആർപ്പൂക്കര | 74885 | 29950 |
| 7. | അറുനൂറ്റുംപാടം | 57600 | 23040 |
| 8. | അതിരമ്പുഴ - ലിസ്സ്യൂ | 35990 | 14400 |
| 9. | കത്തീഡ്രൽ | 327546 | 151518 |
| 10. | ചാഞ്ഞോടി | 199440 | 79800 |
| 11. | ചീപ്പുങ്കൽ | 11900 | 4760 |
| 12. | ചേന്നങ്കരി | 65145 | 26058 |
| 13. | ചെറിയവിളനെല്ലൂർ | 8781 | 3512 |
| 14. | ചെത്തിപ്പുഴ | 468500 | 187400 |
| 15. | ചുങ്കപ്പാറ | 22760 | 9104 |
| 16. | എടത്വാ | 434558 | 173823 |
| 17. | ഇരവുചിറ | 83890 | 33556 |
| 18. | ഏറ്റുമാനൂർ | 318323 | 127329 |
| 19. | എഴുമറ്റൂർ | 13850 | 8310 |
| 20. | ഫാത്തിമാപുരം | 121170 | 48470 |
| 21. | കടയനിക്കാട് | 40240 | 16096 |
| 22. | കണ്ടങ്കരി | 26205 | 10482 |
| 23. | കണ്ണാടി-സെന്റ് റീത്താസ് | 26350 | 10540 |
| 24. | കണ്ണമ്മൂല | 33040 | 13216 |
| 25. | കരുവാറ്റ | 72220 | 28888 |
| 26. | കാവാലം | 209401 | 83760 |
| 27. | കിടങ്ങറ | 32350 | 12940 |
| 28. | കൊടിനാട്ടുകുന്ന് | 101776 | 40710 |
| 29. | കോട്ടക്കപ്പുറം | 115671 | 46268 |
| 30. | കൊട്ടാരക്കര | 19650 | 7860 |
| 31. | കുമരകം - നവ നസ്രത്ത് | 101765 | 40703 |
| 32. | കുമാരനെല്ലൂർ | 108580 | 43432 |
| 33. | കുറുമ്പനാടം | 343650 | 137460 |
| 34. | ളായിക്കാട് | 88720 | 35490 |
| 35. | മാടപ്പള്ളി | 32500 | 13000 |
| 36. | മഹേന്ദ്രപുരം | 5600 | 2240 |

| | | | |
|---|---|---|---|
| 37. | മനക്കച്ചിറ | 65230 | 26090 |
| 38. | മണലാടി | 29520 | 11808 |
| 39. | മാന്നില | 56030 | 22000 |
| 40. | മാവേലിക്കര | 17250 | 6900 |
| 41. | മായം | 20695 | 8300 |
| 42. | മീങ്കുളം | 25000 | 10000 |
| 43. | മിത്രക്കരി | 127920 | 51168 |
| 44. | മങ്കൊമ്പ് | 41700 | 16680 |
| 45. | മുണ്ടത്താനം | 22620 | 9048 |
| 46. | മുടിയൂർക്കര | 313501 | 125401 |
| 47. | മുട്ടാർ - ന്യൂ | 22440 | 8976 |
| 48. | നാൽപ്പാത്തിമല | 113685 | 45474 |
| 49. | നാലുകോടി | 317230 | 126892 |
| 50. | നർബോനപുരം | 142570 | 57028 |
| 51. | നെടുമണ്ണി | 136945 | 54778 |
| 52. | നെടുങ്കുന്നം | 187892 | 40000 |
| 53. | പച്ച - ചെക്കിടിക്കാട് | 122100 | 48840 |
| 54. | പടഹാരം | 24680 | 10307 |
| 55. | പങ്ങട | 45910 | 18364 |
| 56. | പാദുവാപുരം | 10890 | 4300 |
| 57. | പായിപ്പാട് | 122980 | 49192 |
| 58. | പള്ളിക്കുന്ന് | 64550 | 25820 |
| 59. | പനയമ്പാല | 24780 | 9912 |
| 60. | പാണ്ടി | 40405 | 16160 |
| 61. | പറാൽ | 18300 | 7320 |
| 62. | പാറമ്പുഴ | 150000 | 60000 |
| 63. | പാറേൽ | 433650 | 173460 |
| 64. | പൊടിപ്പാറ | 108715 | 43486 |
| 65. | പുളിങ്കുന്ന് | 255397 | 102167 |
| 66. | പുല്ലങ്ങടി | 45000 | 18000 |
| 67. | പുന്നത്തുറ | 85561 | 34220 |
| 68. | പുത്തനങ്ങാടി | 101920 | 40768 |
| 69. | എസ്. എൽ. പുരം | 4570 | 1742 |
| 70. | തകഴി | 48000 | 18200 |
| 71. | തത്തംപള്ളി | 359580 | 143831 |
| 72. | താഴത്തങ്ങാടി | 69200 | 27600 |
| 73. | താഴത്തുവടകര | 20500 | 20500 |
| 74. | തുരുത്തി | 399632 | 159853 |
| 75. | വടവാതൂർ | 161145 | 64458 |
| 76. | വായ്പൂർ - ന്യൂ | 69495 | 28000 |
| 77. | വാവോട് | 39625 | 15850 |
| 78. | വെരൂർ | 250000 | 100000 |
| 79. | യൂദാപുരം | 16500 | 5000 |

(തുടരും.........)

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കേരളത്തിലെ രൂപതാസോഷ്യൽവർക്ക് ഡയറക്ടർമാർക്കുവേണ്ടി, കാരിത്താസ് ശ്രീലങ്ക ഫെബ്രുവരി 23-26 തീയതികളിൽ ക്രമീകരിച്ച ഒരു exposure പരിപാടിയിൽ പങ്കെടുക്കാനവസരമുണ്ടായി. മുപ്പത് വർഷം നീണ്ടുനിന്ന അവിടുത്തെ ആഭ്യന്തര കലാപത്തിനുശേഷമുള്ള സഭയുടെ പുനരധിവാസപദ്ധതികൾ മനസിലാക്കുക എന്നതായിരുന്നു സന്ദർശന ലക്ഷ്യം. ശ്രീലങ്കയിൽ 2009 ൽ ആഭ്യന്തരയുദ്ധം അവസാനിപ്പിച്ചെങ്കിലും ആളുകളുടെ ദുരിതം ഇന്നും തുടരുന്നു. പതിനായിരക്കണക്കിനാളുകൾ മരിച്ചുവീണു, അത്രത്തോളംപേർ അപ്രത്യക്ഷരായി (Forceful disappearance), അഭയാർത്ഥികളായി അന്യനാടുകളിലേയ്ക്ക് പാലായനം ചെയ്തവർ തിരിച്ചുവരാനാവാതെ കഴിയുന്നു. കുടുംബങ്ങൾ ശിഥിലമായി; വസ്തുവകകൾ നഷ്ടപ്പെട്ടു: ഇതെല്ലാം യുദ്ധത്തിന്റെ ബാക്കിപത്രം. ഒരുരാജ്യത്തെ ഒരുവിഭാഗമാളുകൾ ഭരണകൂടത്തിനെതിരെ നടത്തുന്ന കലാപവും പ്രതികരണമായി സർക്കാർ സ്വന്തം പൗരന്മാരെ അടിച്ചമർത്തുന്നതുമാണല്ലോ ആഭ്യന്തരയുദ്ധംകൊണ്ട് വിവക്ഷിക്കുന്നത്. അർത്ഥവത്തായ ഒരു പ്രതീകം മുല്ലത്തീവിൽ ഒരു ദൈവാലയമുറ്റത്ത് കണ്ടു. കൈകാലുകൾ മുറിച്ചുമാറ്റപ്പെട്ട ഈശോമിശിഹായുടെ രൂപം. നേരിട്ടൊരുയുദ്ധം അനുഭവിക്കാത്ത നമുക്ക് വായിച്ചാലും കേട്ടാലും ചിത്രങ്ങൾകണ്ടാലും, യഥാർത്ഥ യുദ്ധത്തിന്റെ ഭികരത മനസ്സിലാവില്ല.

ദുരിതങ്ങളിൽ എന്നും സഭമാത്രമേ ജനത്തോടൊപ്പമുണ്ടായിരുന്നുള്ളൂ. യുദ്ധസമയത്തും യുദ്ധാനന്തരവും ഒരോ രൂപതയുടെയും സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലൂടെ, ഒരു ജനതയെ സാമൂഹ്യമായും, സാമ്പത്തികമായും, സാംസ്ക്കാരികമായും ഉയർത്തെഴുന്നേൽക്കാൻ സഭ സഹായിക്കുന്നു.

സാഹചര്യങ്ങൾ വ്യത്യസ്ഥമായാലും, എല്ലായിടത്തും സഭയുടെ സാമൂഹ്യശുശ്രൂഷയുടെ ചൈതന്യം ഒന്നുതന്നെയാണെന്നുതോന്നുന്നു. തങ്ങളുടെ നിസ്സഹായതയിൽ ആളുകൾ സഭയെ ആശ്രയിക്കുന്നതായി കാണാം. നമ്മുടെ നാട്ടിൽ 'ഓഖി' ആഞ്ഞടിച്ചപ്പോൾ നാനാജാതി മതസ്ഥർ ഓടിയെത്തിയത് പള്ളിമുറ്റത്തേയ്ക്കാണ്. പാർട്ടി ഓഫീസുകളിലേയ്ക്കോ സെക്രട്ടറിയേറ്റിലേയ്ക്കോ അല്ലെന്നുള്ളകാര്യം നമ്മൾ ഓർക്കണം. നമ്മുടെ സേവനം സമൂഹം എത്രമാത്രം അർഹിക്കുന്നു എന്ന തിരിച്ചറിവാണ് നമുക്കുണ്ടാവേണ്ടത്. പ്രകടനപരതയല്ല, ജനങ്ങളുടെ സമഗ്രവികസനം ഉറപ്പാക്കുന്ന പദ്ധതികളാണാവശ്യം. ഒരു സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ നമുക്ക് സമൂഹത്തോട് നീതി പുലർത്താനാവുന്നുണ്ടോയെന്ന് ആത്മശോധന നടത്താം.

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

# അറിയിപ്പുകൾ

## അസ്സീസി വിദ്യാലയം-രജത ജൂബിലി നിറവിൽ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനുവേണ്ടി ആലപ്പുഴ പൂന്തോപ്പിൽ ആരംഭിച്ച അസ്സീസി വിദ്യാലയം പ്രവർത്തനവഴിയിൽ 25 സംവത്സരങ്ങൾ പിന്നിടുന്നു. 2018 മാർച്ച് 10-ാം തീയതി ശനിയാഴ്ച പൂന്തോപ്പ്, സെന്റ് ഫ്രാൻസീസ് അസ്സീസി പാരീഷ് ഹാളിൽ ജൂബിലി ആഘോഷപരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തുന്ന പൊതുസമ്മേളനം ശ്രീ. കെ.സി. വേണുഗോപാൽ എം.പി. ഉദ്ഘാടനം ചെയ്യും. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലിത്താ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിക്കും. ആലപ്പുഴ മുനിസിപ്പൽ ചെയർമാൻ ശ്രീ. തോമസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തും. മേഖലാ പ്രസിഡന്റ് ശ്രീ. പി.ജെ. ചെറിയാൻ പേഴത്തുംമൂട്ടിൽ, പി.റ്റി.എ. പ്രസിഡന്റ് ശ്രീ. മുഹമ്മദ് സാലി തുടങ്ങിയവർ പ്രസംഗിക്കും. കുട്ടികളുടെ വിവിധ കലാമത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

**2018 മാർച്ച് മാസത്തെ പരിപാടികൾ**

**മേഖലാ PME**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| മാർച്ച് 1 | തൃക്കൊടിത്താനം | മുണ്ടുപാലം |
| മാർച്ച് 3 | അതിരമ്പുഴ | ഏറ്റുമാനൂർ |
| മാർച്ച് 5 | കുറുമ്പനാടം | മാമ്മൂട് |
| മാർച്ച് 9 | കോട്ടയം | വടവാതൂർ |
| മാർച്ച് 12 | മണിമല | മണിമല ഓൾഡ് |
| മാർച്ച് 13 | ആലപ്പുഴ | പഴവങ്ങാടി |
| മാർച്ച് 15 | നെടുംകുന്നം | നെടുംകുന്നം |
| മാർച്ച് 17 | ചങ്ങനാശ്ശേരി | വെരൂർ |
| മാർച്ച് 17 | കുട്ടനാട് | പള്ളാത്തുരുത്തി |

**യൂണിറ്റുതല പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| മാർച്ച് 2 | കുട്ടനാട് | പള്ളാത്തുരുത്തി | സ്വാശ്രയസംഘരൂപീകരണം |
| മാർച്ച് 3 | ചങ്ങനാശ്ശേരി | ഇത്തിത്താനം | തയ്യൽപരിശീലനം സമാപനം |
| മാർച്ച് 5 | കോട്ടയം | പങ്ങട | വനിതാദിനാചരണം |
| മാർച്ച് 6 | കുട്ടനാട് | കായൽപുറം, മങ്കൊമ്പ് | ബേക്കറി നിർമ്മാണ പരിശീലനം |
| മാർച്ച് 8 | കോട്ടയം | വടവാതൂർ | വനിതാദിനാചരണം |
| മാർച്ച് 12 | അതിരമ്പുഴ | വെട്ടിമുകൾ | വനിതാദിനാചരണം |
| മാർച്ച് 13 | അതിരമ്പുഴ | ഏറ്റുമാനൂർ | വനിതാദിനാചരണം |
| മാർച്ച് 13 | അതിരമ്പുഴ | ഏറ്റുമാനൂർ | സ്വാശ്രയസംഘസംഗമം |
| മാർച്ച് 15 | അതിരമ്പുഴ | ചെറുവാണ്ടൂർ | കുടനിർമ്മാണം |
| മാർച്ച് 17 | ആലപ്പുഴ | മുഹമ്മ | സ്വാശ്രയസംഘസംഗമം |
| മാർച്ച് 18 | ആലപ്പുഴ | ആറാട്ടുവഴി | കാൻസർ-ബോധവത്ക്കരണം |
| മാർച്ച് 26 | കുട്ടനാട് | കാവാലം, തോട്ടുവാത്തല | സ്വാശ്രയസംഘസംഗമം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 ഫെബ്രുവരി മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 355. ജോസഫ് ജോസഫ് | ജീവധാര | കോയിൽമുക്ക് | എടത്വാ |
| 356. ചെറിയാൻ മാത്യു | തേജസ് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 357. കെ. ഒ. തോമസ് | അനശ്വര | വെട്ടിമുകൾ | അതിരമ്പുഴ |
| 358. ഷെറീനാ ഹനീഫാ | ദർശന | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 359. ക്രിസ്റ്റി നെല്ലിക്കാമല തടത്തരികത്ത് | അപർണ്ണ | രാജഗിരി | അമ്പൂരി |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 147. സൂസമ്മ വർഗ്ഗീസ് ഏഴരയിൽ | മരിയാപുരം | എടത്വാ |
| 148. പി.എം. ജോസഫ് പനത്തറ | മുടിയൂർക്കര | കുടമാളൂർ |
| 149. ചെറിയാൻ മാത്യു ഒറ്റക്കുടശ്ശേരി | കിടങ്ങറ | ചങ്ങനാശ്ശേരി |
| 150. ബിന്ദു ജയൻ പുള്ളോലംപറമ്പിൽ | മൈലാടി | നെടുംകുന്നം |
| 151. ലീലാമ്മ ആന്റണി പാറക്കടവിൽ | മാന്നില | കുറുമ്പനാടം |
| 152. സരസ്വതി രവീന്ദ്രൻ കൊട്ടാരത്തിൽ | അറുമാനൂർ | അതിരമ്പുഴ |
| 153. ജോർജ്ജ് വർക്കി പിത്തൂക്കരി | ഐക്കരച്ചിറ | കുടമാളൂർ |
| 154. പി.ജെ. എബ്രഹാം പണ്ടാരക്കളം | ഐക്കരച്ചിറ | കുടമാളൂർ |

• **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 68. ജെയ്സമ്മ ജോൺ കുരിശുംമൂട്ടിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 69. ജോർജ്ജ് വെള്ളക്കല്ലിൽ | വള്ളംചിറ | മണിമല |

### (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2018 ഫെബ്രുവരി മാസം 2** കുടുംബങ്ങൾക്ക് ചികിത്സാചെലവായി 10,950/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| ജോസുകുട്ടി വി.ജെ. വടാന | അയർക്കുന്നം | 9275 |
| അനിതാ സത്യദാസ് സന്തീപ് ഭവൻ | ഡാൽമുഖം | 1675 |

### (4) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ഫെബ്രുവരി മാസം 19 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 42 അപേക്ഷകർക്ക് 62,000/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### ദേശീയ സർവ്വേ പരിശീലനപരിപാടികൾ

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഡൽഹി AIMS ന്റെ സഹകരണത്തോടെ ചാസ് നടത്തിവരുന്ന ദേശീയ സർവ്വേയുടെ, ലക്ഷദ്വീപിലെ സ്റ്റാഫംഗങ്ങൾക്കുവേണ്ടിയുള്ള ഒന്നാംഘട്ട പരിശീലനം ഫെബ്രുവരി 4-7 തീയതികളിൽ, കവരത്തി പഞ്ചായത്ത് ട്രെയിനിംഗ് ഹാളിൽ നടത്തപ്പെട്ടു. കേരളത്തിലെ രണ്ടാംഘട്ട പരിശീലനം ഫെബ്രുവരി 15-19 തീയതികളിൽ ചങ്ങനാശ്ശേരിയിൽ സംഘടിപ്പിച്ചു. പരിശീലന പരിപാടികൾക്ക്, കോഴിക്കോട് IMHANS ലെ ഡോക്ടർമാരും ടെക്നീഷ്യൻസും നേതൃത്വം നൽകി.

**ഹെൽപ്പ് ഡസ്ക്ക്-വിപുലീകരണയോഗം**

ചാസ് സുവർണ്ണ ജൂബിലി സ്മാരകമായി ആരംഭിച്ച ഹെൽപ്പ് ഡസ്ക്കിന്റെ പ്രവർത്തനങ്ങൾ, അതിരൂപതയിലെ വിവിധ സംവിധാന ങ്ങളുടെ സഹകരണത്തോടുകൂടി പുന:ക്രമീകരിക്കുന്നതിന്റെ ഭാഗമായി, ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ, കത്തോലിക്കാ കോൺഗ്രസ്, യുവദീപ്തി പ്രസ്ഥാനങ്ങളുടെ ഫൊറോനാ സെക്രട്ടറിമാർ, ചാസ് മേഖലാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്തയോഗം ഫെബ്രുവരി 10-ാം തീയതി രാവിലെ 11 മണിക്ക് ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിക്കപ്പെട്ടു. കേന്ദ്ര സംസ്ഥാന സർക്കരുകളുടെയും മറ്റ് ഏജൻസികളുടെയും വിവിധ പദ്ധതി കളെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടികളും സമുദായാംഗങ്ങളെ ഈ പദ്ധതികളിൽ ഗുണഭോക്താക്കളാക്കാൻ ആവശ്യമായ നടപടികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുവേണ്ടിയാണ് 'ഹെൽപ്പ് ഡസ്ക്ക്' സ്ഥാപി തമായിരിക്കുന്നത്. ഹെൽപ്പ് ഡസ്ക്കിന്റെ ഗുണഫലങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടിയാണ് അതിന്റെ പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്ന ത്. യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ അസി. സെക്രട്ടറി ശ്രീ. ജോസ് മാത്യു ആനിത്തോട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഹെൽപ്പ് ഡസ്ക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. 25 അംഗങ്ങൾ പങ്കെടുത്തു.

**യാത്രയയപ്പ് നൽകി**

ചാസ് അസിസ്റ്റന്റ് ഡയറക്ടറായും, ചാസ് റിജിയണൽ റിസോഴ്സ് സെന്ററിന്റെയും ഡി അഡിക്ഷൻ സെന്ററുകളുടേയും കോ-ഓർഡിനേറ്റ റായും സേവനം ചെയ്ത ബഹുമാനപ്പെട്ട ലിജോ കുഴിപ്പള്ളിയച്ചന് 2018 ഫെബ്രുവരി 9 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സമുചിതമായ യാത്രയയപ്പ് നൽകി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, ഖാദി മാനേജർ ശ്രീ. ജോൺ സക്കറിയാസ്, ശ്രീ. എൻ.ഐ. തോമസ് എന്നിവർ യാത്രാമംഗളങ്ങൾ നേർന്നു സംസാരിച്ചു.

**സ്വീകരണം**

ചാസ് അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റ തോമസ് കുളത്തുങ്കല ച്ചന് 2018 ഫെബ്രുവരി 14 ന് ചാസ് കേന്ദ്ര ഓഫീസിൽ ഹൃദ്യമായ സ്വീകരണം നൽകി.

**ഊർജ്ജസംരക്ഷണ ബോധവത്ക്കരണ സെമിനാർ നടത്തി**

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, കേരള എനർജി

മാനേജ്മെന്റ് സെന്റർ, സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡവലപ്പ്മെന്റ് എന്നിവയുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി, കുട്ടനാട് നിയോജക മണ്ഡലങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ശ്രീ. രാജഗോപാലൻ ആചാരി (CEM, കേരള), ശ്രീ. സി.കെ. ഉണ്ണികൃഷ്ണൻ നായർ, ശ്രീ. കണ്ണൻ പി. (എഞ്ചിനീയർ, അനേർട്ട്, കോട്ടയം) ഡോ. ജോസഫ് എബ്രഹാം (സോഷ്യൽ സയന്റിസ്റ്റ്, ചാസ്) എന്നിവർ ക്ലാസുകൾ നയിച്ചു.

**കുട്ടനാട്** : കായൽപുറം യൂണിറ്റിൽ സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ 15.02.2018 രാവിലെ 10.30 ന് പുളിങ്കുന്ന് കായൽപുറം യൂണിറ്റിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ദലീമ ജോജോ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് മൂലംകുന്നം അദ്ധ്യക്ഷത വഹിച്ചു. പുളിങ്കുന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഫ്രാൻസിസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ശ്രീ. എം. ജെ. ചെറിയാൻ നന്ദി പ്രകാശിപ്പിച്ചു. 103 അംഗങ്ങൾ പങ്കെടുത്തു.

**ചങ്ങനാശ്ശേരി** : കത്തീഡ്രൽ യൂണിറ്റിൽ സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ 15.02.2018 ഉച്ചകഴിഞ്ഞ് 2.30 ന് ചങ്ങനാശ്ശേരി കത്തീഡ്രൽ യൂണിറ്റിൽ ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻ മാത്യു മണമേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ വെരി. റവ. ഫാ. കുര്യൻ പുത്തൻപുര അദ്ധ്യക്ഷതവഹിച്ചു. 180 അംഗങ്ങൾ പങ്കെടുത്തു.

**എടത്വാ**: കൊടുപ്പുന്ന യൂണിറ്റിൽ സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ 17.02.2018 രാവിലെ 10.30 ന് എടത്വാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടെസി ജോസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങശ്ശേരി അദ്ധ്യക്ഷതവഹിച്ചു. പഞ്ചായത്ത് അംഗം ശ്രീമതി ദീപ ഗോപകുമാർ പ്രസംഗിച്ചു. 118 അംഗങ്ങൾ പങ്കെടുത്തു.

**തൃക്കൊടിത്താനം** : പായിപ്പാട് യൂണിറ്റിൽ സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ 17.02.2018 ഉച്ചകഴിഞ്ഞ് 2.30 ന് പായിപ്പാട് യൂണിറ്റിൽ പായിപ്പാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലത അശോകൻ ഉദ്ഘാടനം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. വാർഡ് മെമ്പർ ശ്രീമതി സ്വപ്ന ബിനു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോസഫ് തോമസ്. 122 അംഗങ്ങൾ പങ്കെടുത്തു.

## മേഖലാവാർത്തകൾ

### സ്വാശ്രയസംഘ ശാക്തീകരണ പരിപാടി- ഊർജ്ജിതം 2018

ചാസ് സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണത്തിനായി നടത്തിവരുന്ന 'ഊർജ്ജിതം 2018' കിഴക്കേമിത്രക്കരി യൂണിറ്റിൽ ഫെബ്രുവരി 2 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജിതിൻ കളത്തിലിന്റെ അദ്ധ്യക്ഷതയിൽ നടത്തി. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

### തയ്യൽ പരിശീലനം സമാപനം

പാണ്ടി യൂണിറ്റിൽ കഴിഞ്ഞ നാലുമാസമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 8 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവിലേക്കളത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പരിശീലനം പൂർത്തിയാക്കിയ 34 വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

### കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം

എടത്വാ മേഖലയിലെ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ സംഗമം ഫെബ്രുവരി 10 ന് മരിയാപുരത്ത് സംഘടിപ്പിച്ചു. മേഖലാ ഭാരവാഹികൾ പങ്കെടുത്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ പ്രവർത്തനത്തെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചും വിശദീകരിച്ചു.

### യൂണിറ്റ് ഉദ്ഘാടനം

കായൽപുറം യൂണിറ്റിന്റെ ഉദ്ഘാടനം ഫെബ്രുവരി 15 ന് ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് മൂലംകുന്നം അദ്ധ്യക്ഷതവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഫ്രാൻസിസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. വാർഡ് മെമ്പർ ശ്രീ. ജോസഫ് സേവ്യർ ആശംസയർപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസഫ് മര്യാലയം, സെക്രട്ടറി ശ്രീ. ജോസഫ് സേവ്യർ എന്നിവർ നേതൃത്വം നൽകി.

### സ്വാശ്രയസംഘരൂപീകരണയോഗം

പുല്ലങ്ങടി യൂണിറ്റിൽ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങൾക്കൊപ്പം സ്വാശ്രയസംഘ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഫെബ്രുവരി 23 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് എം. പാറപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ യോഗംകൂടി. ചാസ് കോ-ഓർഡിനേറ്റർ ബിന്ദു തോമസ് സ്വാശ്രയസംഘത്തിന്റെ പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷാ സ്കീമുകളും വിശദീകരിച്ചു. പ്രസിഡന്റ്

ശ്രീ. മത്തായി വർഗ്ഗീസ് അറയ്ക്കത്തറ, സെക്രട്ടറി ശ്രീ. ബേബിച്ചൻ കുന്നത്തുശ്ശേരി എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 25.01.2018 | നവോദയ | നാലുകോടി | 16 |
| 27.01.2018 | ശ്രേയസ് | ഫാത്തിമാപുരം | 19 |
| 01.02.2018 | മേരിമാത | പച്ച-ചെക്കിടിക്കാട് | 12 |
| 01.02.2018 | ഇൻഫന്റ് ജീസസ് | പച്ച-ചെക്കിടിക്കാട് | 13 |
| 01.02.2018 | ശാലോം | പച്ച-ചെക്കിടിക്കാട് | 10 |
| 03.02.2018 | സ്നേഹഗാഥ | ഫാത്തിമാപുരം | 10 |
| 05.02.2018 | ദർശന | പുഴവാത് | 19 |
| 05.02.2018 | കൃപാസനം | പുഴവാത് | 12 |
| 12.02.2018 | ഒരുമ | മങ്കൊമ്പ് | 15 |
| 16.02.2018 | യുണൈറ്റഡ് ബ്രദേഴ്സ് | കത്തീഡ്രൽ | 20 |
| 17.02.2018 | നിത്യ | ഇത്തിത്താനം | 14 |
| 22.02.2018 | ശാലോം | കൂത്രപ്പള്ളി | 20 |
| 22.02.2018 | ചെറുപുഷ്പം (CBR) | പായിപ്പാട് | 13 |
| 22.02.2018 | ചെറുപുഷ്പം | പായിപ്പാട് | 13 |

## ആശാകിരണം

**കാൻസർ ബോധവത്ക്കരണം**

| തീയതി | സ്ഥലം | പങ്കെടുത്തവർ |
|---|---|---|
| 07.02.2018 | കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി | 107 |
| 19.02.2018 | വെട്ടിക്കൽപുരയിടം | 45 |
| 25.02.2018 | മുണ്ടുപാലം | 65 |

## പരിശീലന പരിപാടികൾ

| തീയതി | യൂണിറ്റ് | പരിശീലനം | പങ്കെടുത്തവർ |
|---|---|---|---|
| 30.01.2018 | പച്ച-ചെക്കിടിക്കാട് | പഴവർഗ്ഗസംസ്ക്കരണം | 35 |
| 02.02.2018 | മങ്കൊമ്പ് | കാർപ്പറ്റ് നിർമ്മാണം | 32 |
| 09.02.2018 | തോട്ടയ്ക്കാട് | പഴവർഗ്ഗസംസ്ക്കരണം | 13 |
| 12.02.2018 | നെടുംകുന്നം | കുടനിർമ്മാണം | 20 |
| 15.02.2018 | കരിമ്പനക്കുളം | പഴവർഗ്ഗസംസ്ക്കരണം | 15 |
| 15.02.2018 | കായൽപുറം | സോപ്പ്, സോപ്പുപൊടി നിർമ്മാണം | 88 |
| 15.02.2018 | വെട്ടിമുകൾ | ആഭരണനിർമ്മാണം | 23 |
| 23.02.2018 | കോയിൽമുക്ക് | പഴവർഗ്ഗസംസ്ക്കരണം | 18 |

# ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാ കേന്ദ്രത്തിലും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണ ത്തോടെ എല്ലാ ചൊവ്വാഴ്ച്ചയും ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാ കേന്ദ്ര ത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ച്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുംങ്കുന്നം മദർ തെരേസാ ഹോമിന്റെ സഹകരണ ത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിലും, അതിരമ്പുഴ സെന്റ് മേരീസ് പള്ളി യുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, കാവാലം ലിസിയോ പള്ളിയുടെ സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളിമജായി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലിനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സാ നടത്തിവരുന്നു.

## ഹോമിയോപ്പതിക് ചികിത്സ-വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും<br>10മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും<br>10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും<br>10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും<br>10 മുതൽ 12.30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ |
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക് | എല്ലാ രണ്ടും നാലാം<br>2 മുതൽ 4 വരെ | ഡോ. സി. ജെ. ജോസഫ്<br>ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും<br>10.30 മുതൽ 12.30 വരെ | ഡോ.ഗീതാ ബാലകൃഷ്ണൻ |
| കാവാലം ലിസിയോ പള്ളി | എല്ലാ വെള്ളിയാഴ്ചയും<br>10 മുതൽ 12.30 വരെ | ഡോ.രാജു തോമസ് |

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട,ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. സമ്മേളനത്തിൽ കുട്ടികൾക്ക് 85000 രൂപയും, ന്യൂട്രീഷൻ കിറ്റും നല്കുകയുണ്ടായി.

**എ. എ. സമ്മേളനം. (ആൽക്കഹോളിക്ക്സ് അനോനിമസ്)**

മയക്കുമരുന്നുകളുടെ ഉപയോഗത്തിൽനിന്നും വിമുക്തർക്കും, വിമുക്തി ആഗ്രഹിക്കുന്നവർക്കും വേണ്ടി സമ്മേളനം എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8.30 വരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് ഫാ. തോമസ് താന്നിയത്തിന്റ നേതൃത്വത്തിൽ നടത്തിവരുന്നു.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം** മാർച്ച 22 മുതൽ മാർച്ച് 25 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ഫാ. തോമസ് കൊച്ചുള്ളേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. ബുധാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ്**
**റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**ഫോൺ: 0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

NB: ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819 / 8921505386**

# കെയർ ഹോംസ് & പാലിയേറ്റീവ് കെയർ

## ഫെല്ലോഷിപ്പ് (CFCA)

### കെയർ ഹോംസ്, മാർ കാവുകാട്ട് പാലിയേറ്റിവ് & ഹെൽത്ത് കെയർ ചങ്ങനാശ്ശേരി അതിരൂപത

ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ജീവകാരുണ്യ ധർമ്മ സ്ഥാപനങ്ങളുടെ കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പിന്റെയും (CFCA) അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേകസ്മാര കമായി തുടക്കം കുറിച്ച മാർകാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറി ന്റെയും നേതൃത്വത്തിൽ നടന്ന പ്രധാനപരിപാടികളുടെ വിശദാംശങ്ങളും അറി യിപ്പുകളും.

1. **ഫെബ്രുവരി 11 രോഗിദിനം**

ആഗോളതലത്തിൽ പരി. ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം രോഗി ദിനമായി ആചരിക്കുന്ന ലൂർദ് മാതാവിന്റെ തിരുനാൾദിനം മണിമല സെന്റ് ബേസിൽ ഇടവകയിൽവെച്ച് രോഗിദിന പ്രത്യേക പ്രാർത്ഥനയും ദിനാചരണവും നടന്നു. മാർകാവുകാട്ട് പാലിയേറ്റിവ് & ഹെൽത്ത് കെയറിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽറവ. ഡോ. ജോൺ വി തടത്തേൽ, അതിരൂപതാ ഡയറ ക്ടർ റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

2. **കെയർ ഹോംസ് (CFCA) – വാർഷിക ജനറൽബോഡി**

അതിരൂപതയുടെ കീഴിൽ നേരിട്ടും, സന്ന്യസ്തരുടെയും അൽമായരുടെയും നേതൃത്വത്തിലും പ്രവർത്തിക്കുന്ന 106-ൽ പരം ധർമ്മ-ജീവകാരുണ്യ ഹോമു കളുടെകൂട്ടായ്മയാണ് കെയർ ഹോം ഫെല്ലോഷിപ്പ് ചങ്ങനാശ്ശേരി അതിരൂപത (CFCA). ഇതിന്റെ വാർഷിക സമ്മേളനവും റിപ്പോർട്ട്, കണക്ക് അവതരണവും പദ്ധതി വിശദീകരണവും 2018 ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ 10 മുതൽ 1:30 വരെ സന്ദേശനിലയത്തിൽ നടന്നു. ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ റവ. ഫാ. റോയി വടക്കേൽ ക്ലാസ്സ് നയിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിലിന്റെ നേതൃത്വത്തിൽ നടന്ന വാർഷിക മീറ്റിംഗിൽ സി. മാലിനി (LSDP) റിപ്പോർട്ടും, സി. ക്രിസ്റ്റ SD കണക്കും അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുംന്തോട്ടം മുഖ്യസന്ദേശം നൽകി. റവ. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, റവ. ഫാ. ജോസ് നിലവന്തറ, റവ. ഫാ. സിറിയക് പഴയമഠം, റവ. ഫാ. ജോമോൻ കാടപ്രാകുന്നിൽ, സണ്ണിച്ചൻ ഇടിമണ്ണിക്കൽ ജോമോൻ തോമസ് തുടങ്ങിയവർ സംസാരിച്ചു.

3. **പാലയ്ക്കലച്ചനും, താന്നിയത്തച്ചനും നന്ദിയോടെ...**

കെയർ ഹോംസിന്റെ ചുമതല വഹിച്ചിരുന്ന വികാരി ജനറാൾ വെരി. റവ. ഫാ. ജെയിംസ് പാലയ്ക്കലച്ചനും ഡയറക്ടറായിരുന്ന ഫാ. തോമസ് താന്നിയ ത്തിനും വാർഷിക മീറ്റിംഗിനോടനുബന്ധിച്ച് പ്രത്യേക നന്ദി പ്രകാശനം നട ന്നു. വെ. റവ. ഫാ. ജെയിംസ് പാലയ്ക്കലിനും ഫാ. തോമസ് താന്നിയത്തിൽ, റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ, റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഫാ.

റോജൻ നെൽപ്പുരയ്ക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. വെ. റവ. ഫാ. ജെയിംസ് പാലയ്ക്കൽ സന്ദേശവും മറുപടി പ്രസംഗവും നടത്തി.

### 4. അതിരൂപതാതലകേന്ദ്ര ഓഫിസുകളുടെ ഉദ്ഘാടനം

സി. എഫ്. സി. എ. (CFCA) യുടെയും മാർ കാവുകാട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെയും അതിരൂപതാതല ഓഫീസിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് 2017 ഫെബ്രുവരി 17 ഉച്ചകഴിഞ്ഞ് 2:30 ന് നിർവ്വഹിച്ചു. അഭി. മാർ തോമസ് തറയിൽ, വികാരി ജനറാൾ ജോസഫ് മുണ്ടകത്തിൽ, റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഫാ. തോമസ് പാടിയത്ത്, റവ. ഫാ. റോജൻ നെൽപുരയ്ക്കൽ, അൽമായ പ്രതിനിധികൾ, കെയർ ഹോംസ് - പാലിയേറ്റീവ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. സന്ദേശനിലയത്തിലുള്ള മാരിയോസ് സെന്ററിന്റെ സമീപത്താണ് എല്ലാവിധ സൗകര്യങ്ങളോടുകൂടിയ അതിരൂപതാതല കേന്ദ്ര ഓഫീസ് തുടക്കം കുറിച്ചിരിക്കുന്നത്.

### 5. സമരിറ്റൻ പ്രാർത്ഥനാകൂട്ടായ്മ

അതിരൂപതയിലെ കെയർ ഹോംസ്, പാലിയേറ്റീവ് കെയർ സംവിധാനങ്ങളുടെ പ്രവർത്തനസമർപ്പണത്തിനും പ്രാർത്ഥനയിലുള്ള ഒരുമിച്ചുകൂടലിനുമായി അഭിവന്ദ്യ മാർ തോമസ് തറയിലിന്റെ നിർദ്ദേശപ്രകാരം തുടക്കം കുറിച്ച പ്രാർത്ഥനാകൂട്ടായ്മയാണ്സമരിറ്റൻ പ്രാർത്ഥനാ കൂട്ടായ്മ. ഇതിന്റെ ആദ്യ പ്രാർത്ഥനയും അനുഭവം പങ്കുവയ്ക്കലും 2017 ഫെബ്രുവരി 23-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 7 മുതൽ 9 വരെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ നടന്നു. ഒരു മണിക്കൂർ തിരുസന്നിധിയിൽ ആരാധനയും തുടർന്ന് നടന്ന അനുഭവങ്ങൾ പങ്കുവയ്ക്കൽ ശുശ്രൂഷയും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നേതൃത്വം നൽകി. റവ. ഫാ. ജേക്കബ് വാരിക്കാട്ട്, ഫാ. സോണി മുണ്ടുനടയ്ക്കൽ, സണ്ണി ഇടിമണ്ണിക്കൽ ജോമോൻ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി. പ്രത്യേക ക്ഷണിതാക്കളും ശുശ്രൂഷയിൽ താൽപര്യമുള്ളതുമായ 40 ഓളം പേരാണ് ആദ്യ സമരിറ്റൻ പ്രാർത്ഥനയിൽ പങ്കുകൊണ്ടത്.

### 6. പാലിയേറ്റീവ് കെയർ- പ്രത്യേക പരിശീലനപരിപാടി

ഇടവകകളിൽ സമഗ്രപരിശീലനം നേടിയ വോളണ്ടിയർമാരെ രൂപപ്പെടുത്തിയെടുക്കാനും ഇടവകയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ലക്ഷ്യം വച്ച് മാർ കാവുകാട് പാലിയേറ്റീവ് & ഹെൽത്ത് കെയർ, മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് (MMS) ഇത്തിത്താനം ആയുഷ്യയുടെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന സമഗ്രപരിശീലന കർമ്മപദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ ഇടവകയിലും പാലിയേറ്റീവ് ശുശ്രൂഷയിൽ മുഴുവൻസമയ താൽപര്യമുള്ള 20-25 അംഗങ്ങളെ പങ്കെടുപ്പിച്ച് പാലിയേറ്റിവിന്റെയും ഹോംകെയറിന്റെയും വിശദമായ പാഠ്യപദ്ധതിയാണ് തുടർച്ചയായി 6 ദിവസങ്ങളിൽ രാവിലെ 10 മുതൽ 3 വരെ സംഘടിപ്പിക്കുന്നത്. കോഴ്സിനുശേഷം 3 മാസത്തെ തുടർ പരിശീലനപരിപാടിയും ഓരോ ഘട്ടത്തിലുമുള്ള ഫോളോഅപ്പ്, വിശകലനപരിപാടികളും ഇതോടൊപ്പം നടക്കുന്നു. വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും തുടർസഹായസംവിധാനങ്ങളും ഇതോടൊപ്പം ക്രമീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കും ബുക്കിംഗിനും അതിരൂപത ഓഫിസിലോ, ഇത്തിത്താ

നം ആയുഷ്യയിലോ ബന്ധപ്പെടാം.

(ഫോൺ: ഡോ. സി. വിജയാ പുതുശ്ശേരിൽ (MMS) 9447910032
അതിരൂപത ഹെൽപ്ലൈൻ - 9946000599)

**7. പഠനസന്ദർശനങ്ങൾ, റിപ്പോർട്ട്**

അതിരൂപതാതലത്തിലുള്ള പ്രവർത്തനവിപുലീകരണത്തിനായി വിശദമായ പഠനത്തിനും റിപ്പോർട്ട് തയ്യാറാക്കാനുമായി അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കലിന്റെ നേതൃത്വത്തിൽ പാലാ, കാഞ്ഞിരപ്പള്ളി, കോതമംഗലം, ഇരിങ്ങാലക്കുട രൂപതകൾ സന്ദർശിക്കുകയും ശുശ്രൂഷയുടെ വിവിധ വശങ്ങൾ ചർച്ച് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

**പ്രത്യേകനിർദ്ദേശങ്ങൾ, ഓർത്തിരിക്കാൻ**

1. കെയർ ഹോംസിന്റെയും മാർ കാവുക്കാട് പാലിയേറ്റീവ് ഹെൽത്ത് കെയറിന്റെയും മുഴുവൻ സമയ സഹായ നമ്പർ 9946000599 അതിരൂപതാതലത്തിൽ പ്രവർത്തിക്കുന്നതാണ്.
2. അഭി. പിതാക്കന്മാരുടെ നേതൃത്വത്തിൽ ഓരോ കെയർ ഹോംസിലും ഒത്തുചേരൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഓരോ സ്ഥാപനത്തിലും രൂപീകരിക്കാനുദ്ദേശിക്കുന്ന സഹകാരികളുടെ കൂട്ടായ്മയും ഇതോടൊപ്പം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. അതിരൂപത ഓഫീസുമായി ബന്ധപ്പെട്ട് തീയതിയും സമയവും ക്രമീകരിക്കുമല്ലോ?.
3. പാലിയേറ്റീവ് ട്രെയിനിംഗ് കോഴ്സിനായി അതിരൂപതാ ഓഫിസിലോ, ഇത്തിത്താനം ആയുഷ്യയിലോ ബന്ധപ്പെടേണ്ടതാണ്.
4. അതിരൂപതാ ടീമിന്റെ കെയർ ഹോം സന്ദർശനം ഈ മാസം മുതൽ ആരംഭിക്കുന്നതാണ്. സ്ഥാപനത്തിനാവശ്യമുള്ളതിനനുസരിച്ച് വിവിധ മേഖലകളിലെ വിദഗ്ദരെയും പ്രഗത്ഭരെയും ഈ ടീമിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു. നമ്മുടെ സ്ഥാപനങ്ങൾക്ക് ഇവരുടെ സേവനം പ്രയോജനകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സൗകര്യപ്രദമായ സമയം അറിയിക്കുന്നത് ഉചിതമായിരിയ്ക്കും.
5. നിലവിൽ പാലിയേറ്റീവ് കെയർ ഉള്ള ഇടവകയിലെ പ്രവർത്തനങ്ങളും കെയർ ഹോംസുകളിൽ നടക്കുന്ന പ്രധാന പരിപാടികളും അതിരൂപത ഓഫീസിൽ അറിയിക്കുന്നത് വഴി മദ്ധ്യസ്ഥനിലും ഇതര പ്രസിദ്ധീകരണങ്ങളിലും ഉൾപ്പെടുത്തുന്നതിന് സഹായകമായിരിക്കും.

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

**സമരിറ്റൻ പ്രാർത്ഥനാകൂട്ടായ്മ**
2018 മാർച്ച് മാസത്തെ പ്രാർത്ഥനകൂട്ടായ്മ
മാർച്ച് 20 ചൊവ്വാഴ്ച വൈകിട്ട് 7 മുതൽ 9 വരെ
**പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ**

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"നമ്മിൽ നിന്നുതന്നെ പുറത്ത് കടന്നുകൊണ്ട്, നമ്മെത്തന്നെയും സുവിശേഷത്തെയും മറ്റുള്ളവരുമായി പങ്ക് വയ്ക്കുന്നതിലൂടെ, ഇല്ലായ്മയിൽ കഴിയുന്നവർക്ക് നമുക്ക് ചെയ്യാനാവുന്ന ചെറിയ സഹായത്തിലൂടെയൊക്കെ നാം ക്രിസ്തുവിനെ കണ്ടെത്തുന്നു. അങ്ങനെ അവിടുത്തെ കൃപ നമ്മിൽ ജീവിക്കുകയും സമൃദ്ധമാവുകയും ചെയ്യുന്നു. തെരുവിലേക്കിറങ്ങി പ്രവർത്തിക്കുന്ന ഒരു വ്രണിത സഭയും രോഗഗ്രസ്തമായ, ഉൾവലിഞ്ഞ ഒരു സഭയും തമ്മിൽ ഒരു തെരഞ്ഞെടുപ്പ് എനിക്കാവശ്യമായി വന്നാൽ ആദ്യത്തേതായിരിക്കും ഞാൻ സ്വീകരിക്കുക.

**-ഫ്രാൻസീസ് മാർപാപ്പ** (28.3.2013)

**നീർച്ചാൽ 2018**

പാലാ, കാഞ്ഞിരപ്പള്ളി, കോട്ടയം, ചങ്ങനാശ്ശേരി സോണുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് (South Central Sub Region) സോണൽ സർവ്വീസ് ടീമംഗങ്ങളെയും എല്ലാ മിനിസ്ട്രികളുടെയും ഉൾക്കൊള്ളിച്ചുകൊണ്ട് "നീർച്ചാൽ 2018" കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. മാർച്ച് 8-ാം തീയതി രാവിലെ 9:30 മുതൽ.

**2018 പ്രാർത്ഥനാ ഗ്രൂപ്പ് വർഷം**

"എല്ലാവർക്കും പ്രാർത്ഥനാഗ്രൂപ്പ് എല്ലായിടത്തും പ്രാർത്ഥനാഗ്രൂപ്പ്" എന്ന ലക്ഷ്യവുമായി 2018/0 വർഷം പ്രാർത്ഥനാ ഗ്രൂപ്പ് വർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സോണൽ സബ്സോണൽ സേവന സമിതികളുടെ നേതൃത്വത്തിൽ നടപ്പിലാക്കാനാണ് കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ (KCCRST) നിർദ്ദേശം.

1. അനിമേറ്ററച്ചന്റെയും, സർവ്വീസ് ടീം അംഗങ്ങളുടെയും നേതൃത്വത്തിലുള്ള പ്രാർത്ഥനാഗ്രൂപ്പ് സന്ദർശനങ്ങളുടെയും നേതൃത്വത്തിലുള്ള പ്രാർത്ഥനാഗ്രൂപ്പ് സന്ദർശനങ്ങൾ.
2. ഏകദിന കരിസ്മാറ്റിക് ശുശ്രൂഷാ ദിനങ്ങൾ ഇടവകകളിൽ.
3. കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവർക്കായി പ്രത്യേക ധ്യാനങ്ങൾ
4. കരിസ്മാറ്റിക് കുടുംബ സംഗമങ്ങൾ.
5. ഇടവക ഭവന സന്ദർശനങ്ങൾ.
6. ആത്മാവിലുള്ള നവജീവിതം (Life in the Spirit) എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറുകൾ.

ഇടവകതോറും സോണൽ സബ്സോണൽ സേവന സമിതികളും അനിമേറ്ററച്ചന്മാരും മേൽപ്പറഞ്ഞ വിഷയങ്ങളെ അധികരിച്ച് പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

സ്നേഹപൂർവ്വം, ഈശോയിൽ,

**ഫാ. മാത്യു താന്നിയത്ത്**
സോണൽ ഡയറക്ടർ

**ടോമിച്ചൻ ........കാവുങ്കൽ**
കോർഡിനേറ്റർ

## DCMS തിരഞ്ഞെടുപ്പ് സർക്കുലർ

ബഹു. പ്രിയ/അച്ചാ/സുഹൃത്തേ,

കെ.സി.ബി.സി.എസ്.സി.എസ്.റ്റി. കമ്മീഷൻ ചെയർമാൻ അഭി. ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ കൂടിയ സമ്മേളനത്തിൽ DCMS ന്റെ നിലവിലുള്ള യൂണിറ്റ്, ഫൊറോന, രൂപത, സംസ്ഥാനതലങ്ങളിലുള്ള കമ്മറ്റികൾ, കൗൺസിലുകൾ എന്നിവയുടെ കാലാവധി 2018 മാർച്ച് 31-നു അവസാനിക്കുന്നതിനാൽ അടുത്ത 3 വർഷത്തേയ്ക്കുള്ള (2018-2021) കമ്മറ്റികൾ, കൗൺസിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് നിർദ്ദേശിച്ചിരിക്കുകയാണ്. ഈ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി അതിരൂപതയിലെ ഇടവകകളിൽ ബ. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവക യൂണിറ്റു കമ്മറ്റികളുടെ തെരഞ്ഞെടുപ്പുകൾ നടന്നു വരികയാണ്. ഇപ്പോൾ താഴെപ്പറയുന്ന ഇടവകകളിലെ തെരഞ്ഞെടുപ്പുകൾ നടന്നു കഴിഞ്ഞിരിക്കുന്നു.

1. ചെത്തിപ്പുഴ തിരുഹൃദയദേവാലയം
2. മാന്നില ഹോളി ഫാമിലി
3. ആർപ്പൂക്കരയി ചെറുപുഷ്പം
4. കൊടുപ്പുന്ന സെന്റ് ജോസഫ്സ്
5. മാന്നാനം സെന്റ് ജോസഫ്സ്
6. പുളിംങ്കുന്നു സെന്റ് മേരീസ് ഫൊറോനാപള്ളി
7. കായൽപ്പുറം സെന്റ് ആന്റണീസ്
8. ചീരഞ്ചിറ - സെന്റ് ജോർജ്
9. കുറുമ്പനാടം - സെന്റ് ആന്റണീസ് ഫൊറോനാപള്ളി എന്നിവയാണ്.

## വിദ്യാർത്ഥികൾക്കായി ഏകദിന പരീക്ഷാ ഒരുക്ക സെമിനാർ

ചങ്ങനാശ്ശേരി അതിരൂപതാ DCYL-ന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി ഏകദിന പരീക്ഷാ ഒരുക്ക സെമിനാർ 13.02.2018 ചൊവ്വാഴ്ച സന്ദേശനിലയത്തിൽ നടത്തപ്പെടുകയുണ്ടായി. പ്രസ്തുത സെമിനാർ അന്നേ ദിവസം രാവിലെ 10 മണിക്ക് DCMS അതിരൂപതാ പ്രസിഡന്റ് ശ്രീ. ജയിംസ് ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു. DCYL പ്രസിഡന്റ് ശ്രീമതി സ്വാതി സി. എം. അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ DCYL മുൻ പ്രസിഡന്റ് ശ്രീ. ആൽബർട്ട് എം. ജോൺ ആശംസ അറിയിച്ച് സംസാരിച്ചു. 'പരീക്ഷകളെ എങ്ങനെ ആത്മവിശ്വാസത്തോടെ സമീപിക്കാം എന്നുള്ള വിഷയത്തെ അധികരിച്ച് എസ്. ബി. ഹൈസ്ക്കൂൾ അദ്ധ്യാപകൻ ശ്രീ. ജോൺ പീറ്റർ ക്ലാസ്സ് നയിച്ചു. ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 50-ലേറെ വിദ്യാർത്ഥികൾ സെമിനാറിൽ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെഷ്യൻ സഹോദരങ്ങളേ,

മാർച്ച് മാസം നോമ്പുകാലമാണല്ലോ. ഉപവാസവും, ഭക്ഷണക്രമത്തിൽ മിതത്വവും പാലിക്കുക എന്നതാണ് നോമ്പിൽ പ്രധാനമെന്നതാണ് നാം മനസ്സിലാക്കുന്നത്. അതിലുപരി ഒരു പുതിയ മനുഷ്യനായിത്തീരുക, അഥവാ ജീവിത നവീകരണം പ്രാപിക്കുക എന്നതാണ് പരമപ്രധാനം. ഇവിടെ പ്രാർത്ഥനയും ദാനധർമ്മത്തിനുമെല്ലാം അതിന്റെതായ അളവുകോൽ ഉണ്ട്. ഒന്നുകൂടി ആഴത്തിൽ ചിന്തിച്ചാൽ ആന്തരീക ചൈതന്യമാണ് ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ കൂടുതൽ അഗാധത്തിൽ എത്തുന്നത് എന്നു മനസിലാകും.

"നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ നിങ്ങളുടെ ദുഷ്ക്കർമ്മങ്ങൾ എന്റെ സന്നിധിയിൽനിന്നും നീക്കികളയുവിൻ. നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കുവാൻ ശീലിക്കുവിൻ; നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി പാലിക്കുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ (ഏശയ്യ 1:16-17).

പ്രാകൃത മനുഷ്യരിൽനിന്ന് പഴയ നിയമത്തിലൂടെയും, മോശയുടെ കാലഘട്ടത്തിലൂടെയും കടന്ന് പുതിയ നിയമത്തിൽ എത്തിച്ചേരുമ്പോൾ വ്യത്യസ്ഥങ്ങളായ കാഴ്ചപ്പാടുകളാണ് ഓരോ ഘട്ടങ്ങളിലും കാണുവാൻ സാധിക്കുന്നത്. ഇവിടെ ഏശയ്യായുടെ പുസ്തകത്തിലേക്കു ഒന്നുകൂടി കടന്നുചെന്നാൽ "കർത്താവിന് ഒരു ദിനമുണ്ട്. അഹന്തയും ഉന്നത ഭാവവും ഉള്ള എല്ലാറ്റിനും എതിരായ ദിനം" (2:12) എന്ന ചിന്തകൾക്ക് അതീതമായ ഒരു വാചകം കാണുവാൻ സാധിക്കും. അപ്പോൾ നമ്മുടെ ഹൃദയമാകുന്ന ഭവനം ശുദ്ധീകരിക്കാതെ ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ സുകൃതം ആർക്കും അനുഭവിക്കുവാൻ സാധിക്കുകയില്ല, എന്ന ബോധ്യം നമ്മിൽ ഉളവാകും.

വീണ്ടും മത്തായിയുടെ സുവിശേഷത്തിലേക്കു കണ്ണോടിച്ചാൽ "അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക എന്നു പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും അവിടുന്ന് ശിഷ്യരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യും. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ എന്തു പ്രതിഫലമാണു ലഭിക്കുക. ചുങ്കക്കാർപോലും അതുപോലെതന്നെ ചെയ്യുന്നില്ലേ? സഹോദരങ്ങളെ മാത്രമാണു നിങ്ങൾ അഭിവാദ്യം ചെയ്യുന്നുള്ളുവെങ്കിൽ വിശേഷ വിധിയായി എന്താണു നിങ്ങൾ ചെയ്യുന്നത്? വിജാതിയരും അതുതന്നെ ചെയ്യുന്നില്ലേ? അതുകൊണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (5:43-48). മത്തായിയുടെ തന്നെ സുവിശേഷത്തിൽ 4-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് പരസ്യജീവിതത്തിനുമുണ്ട് 40 ദിവസങ്ങൾ. ഉപവസിച്ചും പ്രാർത്ഥിച്ചും വന്ന ഈശോയ്ക്കുണ്ടായ പ്രലോഭനങ്ങളെകൂടി ഈ നോമ്പുകാലത്ത് നമ്മുടെ ചിന്തയ്ക്കു വിധേയമാക്കാം.

**പ്രസിഡന്റ് തിരഞ്ഞെടുപ്പ്**

നമുക്കറിയാവുന്നതുപോലെ കോൺഫറൻസ് തലം മുതൽ അന്തർദേശീയ പ്രസിഡന്റു തലം വരെയുള്ളവരുടെ കാലാവധി പരമാവധി ആറു (6) വർഷമാണ്. അതുപോലെ ഒരാൾക്ക് (പ്രസിഡന്റ്) ഒരു പദവി മാത്രമേ വഹിക്കുവാനും അനുവദിക്കുന്നുവുള്ളുവെന്ന് നിയമാവലി അനുശാസിക്കുന്നുണ്ടല്ലോ. ഈ സാഹചര്യം മനസ്സിലാക്കി, എ. സി. തലത്തിലോ കോൺഫറൻസുതലത്തിലോ കാലാവധി തീർന്നവരോ, തീരാറായവരോ ആയ പ്രസിഡന്റുമാർ ഉണ്ടെങ്കിൽ, സീനിയർ വൈസ് പ്രസിഡന്റുമായി ആലോചിച്ച് പുതിയ പ്രസിഡന്റിന് അംഗീകാരം കൈമാറുന്നതിനുള്ളതിനുള്ള നടപടികൾ സ്വീകരിക്കണം. അന്തർദേശീയ തലത്തിൽ നാം ഒരു കുടുംബമാണെന്നുള്ള ബോധ്യം എല്ലാവരിലും ഉളവാകണം. ഏതെങ്കിലും പ്രസിഡന്റ് തന്റെ കാലാവധി സ്വാർത്ഥതാൽപര്യം മുൻനിർത്തി നീട്ടിക്കൊണ്ടുപോകുന്നെങ്കിൽ അതു നിയമാവലിക്കു വിരുദ്ധമാണെന്നുകൂടി മനസിലാക്കേണ്ടതാണ്.

**സി. സി. മീറ്റിംഗ്**

നേരത്തെ അറിയിച്ചിരുന്നതുപോലെ അടുത്ത സി. സി. മീറ്റിംഗ് ഏപ്രിൽ മാസത്തെ രണ്ടാം ശനിയാഴ്ച മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

**ചരമ അറിയിപ്പ്**

ആലപ്പുഴ, ആറാട്ടുവഴി സെന്റ് ജോസഫ്സ് കോൺഫ്രൻസ് വൈസ് പ്രസിഡന്റ് ബ്ര. പി. ആർ. അഗസ്റ്റിൻ, പള്ളിപറമ്പിൽ (54) 17.11.2017-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതനുവേണ്ടി പ്രാർത്ഥിക്കണമേ.

**വാർഷികം**

നമ്മുടെ സി.സി.യുടെ ഈ വർഷത്തെ വാർഷികം മെയ് 20-ന് ഞായറാഴ്ച പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ പാരീഷ് ഹാളിൽ കൂടുന്നതായിരിക്കും. അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ മഹനീയ സാന്നിധ്യം പ്രസ്തുത സമ്മേളനത്തിൽ ഉണ്ടായിരിക്കും. നമ്മുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് മൽപ്പാൻ മാത്യു വെള്ളാനിയ്ക്കൽ അച്ചൻ വിരമിച്ച സാഹചര്യത്തിൽ പുതിയ ഒരാളായിരിക്കും നമ്മെ ഇനിയും നയിക്കുക. തീരുമാനം അതിരൂപതാ കേന്ദ്രത്തിൽനിന്ന് ഉടനെയുണ്ടാകുമെന്നറിയിച്ചിട്ടുണ്ട്. വാർഷികവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അടുത്ത സി. സി. മീറ്റിംഗിനും ശേഷം അറിയിക്കുന്നതായിരിക്കും.

ഓരോ കോൺഫ്രൻസുകളുടെയും എ.സി.കളുടെ സഹകരണവും ഉപദേശവും എപ്പോഴും ലഭിച്ചുകൊണ്ടാണിരിക്കുന്നത്. അതു പ്രവർത്തനങ്ങൾക്ക് കൂടുതൽ മിഴിവേകുവാനും സഹായിക്കുന്നുണ്ട്. അതുവഴി ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി. സി. പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ

(Secular Franciscan Order-SFO)

**"സമാധാനം – സൗഭാഗ്യം"**

രക്ഷാകര ചരിത്രത്തിലെ ഏറ്റവും സംഭവബഹുലമായ ദിവസങ്ങൾ ആണല്ലോ നമ്മുടെ തൊട്ടുമുമ്പിൽ വന്നെത്തിയിരിക്കുന്നത്. എന്റെ ശിഷ്യരാകണമെങ്കിൽ സർവ്വതും ഉപേക്ഷിച്ചു കുരിശും ചുമന്നുകൊണ്ട് തന്നെ പിൻചൊല്ലുവാനാണല്ലോ ഈശോ നമ്മോടാവശ്യപ്പട്ടിരിക്കുന്നത്. ഫ്രാൻസിസ്കൻ അല്മായ സഭയിലെ ഓരോ അംഗങ്ങളെ സംബന്ധിച്ചിടത്തോളം സത്യസന്ധമായി SFO യുടെ നിയമാവലിയും, ഭരണഘടനയും, പ്രാർത്ഥനയും, അനുസരിച്ച് ജീവിക്കുമ്പോൾ അത് നിരന്തരമായ സഹനജീവിതം തന്നെയാണ്. രണ്ടാം ക്രിസ്തുവായ അസ്സീസിയിലെ വി. ഫ്രാൻസിസ് തന്റെ അനുയായികൾക്കായി തന്നിരിക്കുന്ന മഹത്തായ മാതൃക എല്ലായ്പ്പോഴും സഭയോടൊത്ത് ചിന്തിക്കുക, അനുസരിക്കുക, പ്രവർത്തിക്കുക, പ്രാർത്ഥിക്കുക വഴി സഭയെ സമുദ്ധരിക്കുക എന്നതാണല്ലോ. ആയതിനാൽ വിനോദം, ആർഭാടം, മുതലായവയിലുള്ള നിയന്ത്രണത്തോടൊപ്പം പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചുകൊണ്ട് അനുരഞ്ജന കൂദാശകൾ സ്വീകരിച്ചുകൊണ്ട് കാരുണ്യ പ്രവർത്തികളിലൂടെ നമ്മുടെ ഉപവാസവും, നോമ്പാചരണവും വിശുദ്ധമാക്കി മാറ്റാം. ക്ഷമിക്കുന്ന സ്നേഹത്തിന്റെ ഉദാത്ത മാതൃകയായി മാറുന്നതിന് ഈ നോമ്പുകാലം ഫലദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും, ഉത്ഥാനത്തിരുനാളിന്റെ സർവ്വ മംഗളങ്ങളും ആശംസകളും നേരുന്നു.

**7–ാമത് നോമ്പുകാല പീഡാനുഭവ പദയാത്ര**

SFO ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കലേക്ക് 7–ാം മത് നോമ്പുകാല പീഡാനുഭവ പദയാത്ര നടത്തുന്നു. മാർച്ച് 17–ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് മുട്ടാർ സെന്റ് ജോർജ് വലിയ പള്ളിയിൽ നിന്നും ആരംഭിച്ച് ഉച്ചയ്ക്ക് 12 മണിക്ക് എടത്വാ സെന്റ് ജോർജ് പള്ളിയിലെ ദൈവദാസൻ പുത്തൻ പറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ എത്തിച്ചേരുന്നു. തുടർന്ന് ദിവ്യകാരുണ്യ ആരാധന, വി. കുർബാന കബറിടത്തിങ്കൽ ഒപ്പീസ്, മൺചട്ടിയിലുള്ള ഉച്ചകഞ്ഞി എന്നിവയും ക്രമീകരിച്ചിരിക്കുന്നു. പരിപാടിയുടെ വിശദമായ നോട്ടീസ് നിങ്ങളുടെ കൈയ്യിൽ എത്തിച്ചേരുന്നതായിരിക്കും. പീഡാനുഭവ പദയാത്രയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിനായി മുഴുവൻ SFO അംഗങ്ങളും അന്നേദിവസം രാവിലെ 8.30–ന് മുട്ടാർ സെന്റ് ജോർജ് വലിയപള്ളിയിൽ എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

**നിര്യാതരായി**

SFO യുടെ സീനിയർ മോസ്റ്റ് അംഗവും കാഞ്ഞിരപള്ളി രൂപതാ അംഗവും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചനും ഫ്രാൻസിസ്ക്കൻ മൂന്നാം സഭയും എന്ന പുസ്തകത്തിന്റെ രചയിതാവും SFO യുടെ മുൻ സംസ്ഥാന സെക്രട്ടറിയും കാഞ്ഞിരപ്പള്ളി രൂപതാ മുൻ പ്രസിഡണ്ടുമായ സി. ഡി. ജോസഫ് ചെരിവുപുറം (98) കാവാലം സെന്റ് തോമസ് ഭ്രാതൃത്വാംഗമായ പെണ്ണമ്മ ദേവസ്യ കൊന്നയ്ക്കൽ (99), എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും സംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ.

ഏവർക്കും നോമ്പുകാല ചൈതന്യം നേരുന്നതോടൊപ്പം സമാഗതമാകുന്ന ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

---

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 2018 മാർച്ച് മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| മാർച്ച് 5-7 | : | വിവാഹഒരുക്കധ്യാനം |
| ,, 9-11 | : | എക്ലോസിയ - സിസ്റ്റേഴ്സിനുള്ള ധ്യാനം |
| ,, 14 | : | നിശാരാധന (6:00 പി. എം. - 10:00 എ. എം.) |
| ,, 16-18 | : | വിവാഹ ഒരുക്കധ്യാനം |
| ,, 20 | : | കരിസ്മാറ്റിക് സോണൽ സേവന സമിതി മീറ്റിംഗ് (2:00 പി. എം. - 6:00 പി. എം.) |
| ,, 22 | : | അഖണ്ഡ ജപമാല (10:00 എ.എം. - 2:00 പി.എം.) |
| ,, 23 | : | ജാഗരണ പ്രാർത്ഥന |
| ,, 25-29 | : | വിശ്വാസാനുഭവധ്യാനം (സെഹിയോൻ ടീം) |

* *ബഹു. അച്ചന്മാരുടെ ശ്രദ്ധയ്ക്ക്:* നോമ്പുകാലത്തേയും മറ്റുമായി ഇടവക ധ്യാനങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

(സെഹിയോൻ ടീം)

**ഫാ. മാത്യു താന്നിയത്ത്**
9446903631

# ദീപിക ഫ്രണ്ട്സ്

ചങ്ങനാശ്ശേരി അതിരൂപതാ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംങ്ങ് 18.2.2018-ൽ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുകയുണ്ടായി. ദീപികയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന കോപ്പി നിലവാരത്തിൽ എത്തിക്കുവാൻ ഡിഎഫ്സിയുടെ പ്രവർത്തനങ്ങൾ ഏറെ സഹായകരമായിട്ടുണ്ടെന്ന് ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ തന്റെ മാർഗ്ഗനിർദേശക സന്ദേശത്തിൽ പറഞ്ഞു.

DFC യുടെ യൂണിറ്റ്തല പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുവാനും ഡ്രീംലൈൻ പദ്ധതിയിലൂടെ പുതിയ വരിക്കാരെ കണ്ടെത്തുവാനും വരിസംഖ്യാ പുതുക്കുന്നതിനും സഹായകരമായ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു.

DFC യൂണിറ്റ്-ഫൊറോന തലങ്ങളിൽ മീറ്റിംങ്ങുകൾ ക്രമമായി നടത്തി റിപ്പോർട്ടുകൾ മേൽഘടകങ്ങളിലേക്ക് നൽകുക. പുതിയ വാർഷിക വരിക്കാരെ കണ്ടെത്തുന്നതിനും, വാർഷിക വരിസംഖ്യാ പുതുക്കുന്നതിനുള്ള ഡ്രീംലൈൻ പദ്ധതി DFC പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തുക.

വിതരണങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളും വെല്ലുവിളികളും ഇടവക തലത്തിൽ DFC മുൻകൈയെടുത്ത് പരിഹരിക്കുക. പത്രവിതരണത്തിൽ പാളിച്ചകലുണ്ടാകുന്ന സ്ഥലങ്ങളിൽ DFC യുടെ നേതൃത്വത്തിൽ ഏജൻസികൾ ആരംഭിക്കുക. പരസ്യവരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ആരംഭിച്ചിരിക്കുന്ന അഡ്വൈടെസ്മെന്റ് സ്റ്റാൾ സ്കീം ഇടവകയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെ കടകളിൽ ആരംഭിക്കുന്നതിനുള്ള സഹായം ചെയ്യുക. ദീപികയുടെ പരസ്യ ബോർഡുകൾ പ്രധാനസ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ സ്പോൺസർമാരെ കണ്ടെത്തുവാൻ സഹായിക്കുക പിഎഫ്ഇ ക്യാമ്പുകൾ ഇനിയും സംഘടിപ്പിക്കാത്ത ഫൊറോനകളിൽ നടത്തുക. ഡിഎഫ്സി യുടെ സംസ്ഥാന കൺവൻഷൻ മെയ് 26-ാം തീയതി പാലായിൽ വച്ച് നടത്തുവാനുള്ള സംസ്ഥാന കമ്മറ്റിയുടെ തീരുമാനത്തെ അതിരൂപതാ സമിതി സ്വാഗതം ചെയ്തു. ഇതു സംബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപതയിൽ വിശദമായ പദ്ധതി തയ്യാറാക്കുവാൻ എല്ലാ ഫൊറോന കമ്മറ്റി മീറ്റിംഗുകൾ ഫെബ്രുവരിമാസം 28-ാം തീയതിക്കകം വിളിച്ചു ചേർക്കുകടി യോഗങ്ങളിൽ അതിരൂപതാ ഭാരവാഹികളും, ഡ.യറക്ടർ അച്ചനും പങ്കെടുക്കുവാൻ തീരുമാനിച്ചു.

**ബാബു വള്ളപ്പുര**
(സെക്രട്ടറി) 4387020111

## Bible Study Forum for Priests

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 13th March 2018. The course will begin at 9:30 a. m. and come to a close at 4:00 p. m.

**Fr Mathew Vellanickal**

# അതിരൂപതയുടെ 19 –ാമത് ബൈബിൾ കൺവൻഷൻ റിപ്പോർട്ട്

അമ്പത് നോമ്പ് ആചരണത്തിന് ഉചിതമായ ഒരുക്കമായി നോമ്പ് കാലത്തിന്റെ ആദ്യ ആഴ്ചയിലാണ് അതിരൂപതയുടെ ബൈബിൾ കൺവൻഷൻ എല്ലാവർഷവും ക്രമീകരിച്ചിരിക്കുന്നത്. 2018 ഫെബ്രുവരി 13 മുതൽ 17 വരെ, രാവിലെ 9 മുതൽ വൈകുന്നേരം 4 വരെയും രണ്ടാമത്തെ സെഷൻ 4:30 മുതൽ 9 വരെയും കൺവൻഷൻ ശുശ്രൂഷകൾ ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.

ദൈവവചനത്തെ മാംസം ധരിപ്പിച്ച് ലോകത്തിന്റെ രക്ഷകനും സർവ്വജനത്തിനും സദ്വാർത്തയുമായി ഈശോയെ നൽകിയ കാരുണ്യത്തിന്റെ അമ്മയുടെ നാമത്തിലുള്ള പാറേൽപ്പള്ളി മൈതാനിയിൽ മനോഹരമായി സജ്ജമാക്കിയ കൺവൻഷൻ വേദിയിലേക്ക് ആയിരങ്ങൾ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്ന്യസ്തരും ദൈവജനവും ദൈവാരാധനയും വിശുദ്ധ കുർബാന അർപ്പണവും ദൈവവചന പ്രഘോഷണവും യാമപ്രാർത്ഥനകളും സ്നേഹവിരുന്നും സ്തോത്രക്കാഴ്ചയും വോളന്റിയേഴ്സിന്റെ ശുശ്രൂഷകളും എല്ലാം ഒത്തുചേർന്നപ്പോൾ അത് സഭാ കൂട്ടായ്മയുടെ പ്രകാശനമായിത്തീർന്നു.

സീറോ–മലബാർ സഭയ്ക്ക് ഭാരതം മുഴുവൻ പ്രേഷിതപ്രവർത്തനത്തിന് സ്വാതന്ത്ര്യവും അവസരവും പരിശുദ്ധ ഫ്രാൻസീസ് മാർപ്പാപ്പ അനുവദിച്ചിരിക്കുന്ന വേളയിൽ ഈ വർഷത്തെ കൺവൻഷന്റെ മുഖ്യവിഷയം “വിശ്വാസജീവിതവും പ്രേഷിത സാക്ഷ്യവും” എന്നതായിരുന്നു. ഈശോയുടെ പ്രേഷിത കൽപ്പനയായ “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മാർക്കോസ് 16:15) എന്ന തിരുവചനമാണ് കൺവൻഷന്റെ ആദർശ വാക്യമായി സ്വീകരിച്ചത്. ആയതിനാൽ വിശ്വാസവളർച്ചയ്ക്കും പ്രേഷിത ശുശ്രൂഷയ്ക്കും വേണ്ടിയുള്ള അഞ്ച് പ്രാർത്ഥനാ ദിനങ്ങളായിരുന്നു കൺവൻഷൻ ദിവസങ്ങൾ.

അഭിവന്ദ്യ പെരുന്തോട്ടം പിതാവ് കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. ഈശോയുടെ ജീവനുള്ള സുവിശേഷം ഹൃദയത്തിൽ സ്വീകരിച്ച് സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും സന്ദേശവാഹകരാകുവാൻ ക്രൈസ്തവർക്ക് കഴിയണം. കരുണയുടെ ദൈവത്തെ ലോകത്തിൽ പ്രകാശിതമാക്കാൻ നമുക്ക് കഴിയണം. ദൈവവചനം തെറ്റുകൂടാതെ വ്യാഖ്യാനിക്കാനുള്ള അധികാരം സഭയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സഭയോട് ചേർന്ന് സഭയുടെ ആധികാരിക പഠനങ്ങൾ സഭാമക്കൾ സ്വന്തമാക്കണം. എല്ലാ മതങ്ങളെയും ബഹുമാനിക്കാനും സമഭാവനയോടെ കാണാനും കഴിയണമെന്നും അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു. സമാപനദിനത്തിലും അഭിവന്ദ്യപിതാവ് സന്ദേശവും ആശീർവ്വാദവും നൽകുവാൻ എത്തിയിരുന്നു.

അഭിവന്ദ്യ പവ്വത്തിൽ പിതാവ് രണ്ട് പ്രാവശ്യം വരികയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ദൈവവചനം പ്രഘോഷിക്കുന്നതും

ശ്രവിക്കുന്നതും സഭയോട് ചേർന്നാകണം. വിശ്വാസം വൈകാരികനു ഭവമല്ലെന്നും വചനസ്വീകരണത്തിലൂടെ മനസ്സിനെ ക്രമപ്പെടുത്തുന്നതോടൊപ്പം ചിന്തകളെയും പ്രവർത്തികളെയും ദൈവഹിതപ്രകാരം ക്രമീകരിക്കണമെന്നും അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി.

കൺവൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തവേ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ഉദ്ബോധിപ്പിച്ചു. വചനത്തിൽ നിന്നും ദൈവത്തെ അറിഞ്ഞ് നമ്മൾ ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് വരണം. ദൈവത്തെ അറിയാത്തവർ തെറ്റുകളുടെയും പ്രലോഭനങ്ങളുടെയും ഇരുട്ടിലാണ് കഴിയുന്നത്. തിരുത്താനും നവീകരിക്കാനും ശ്രമിക്കാത്ത ജീവിതം നിരർത്ഥകമാണെന്നും പിതാവ് ഓർമ്മപ്പെടുത്തി. തന്നിലേയ്ക്ക്തന്നെ ചുരുങ്ങുന്ന പ്രാർത്ഥനയുടെ മനുഷ്യരാകാതെ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കുന്നവരാകണം. അപ്പോഴാണ് നമ്മൾ പ്രേഷിതരാകുന്നത്.

ബൈബിൾ അപ്പസ്തോലേറ്റ് ചെയർമാൻ വെരി. റവ. ഡോ. മാണി പുതിയിടം അച്ചൻ വിഷയാവതരണ പ്രസംഗം നടത്തുകയും ചെയ്തു.

വിശ്വാസികളെ ഭിന്നിപ്പിക്കുന്ന വിധത്തിൽ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന തെറ്റായ വാർത്തകളെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്തു.

അനുഗ്രഹീത വചനപ്രഘോഷകരായ ബഹു. ഫാ. ജോസഫ് പുത്തൻപുരം OFM Cap. റവ. ഫാ. ഡേവീസ് ചിറമേൽ, റവ. ഫാ. ജോമോൻ കൊച്ചുകണിയാൻപറമ്പിൽ MCBS റവ. ഫാ. ആദർശ് കുമ്പളത്ത്, റവ. ഫാ. ബോസ്കോ ഞള്ളിയത്ത്, റവ. ഡോ. തോമസ് വലിയാനിപ്പുറം, റവ. ഫാ. ഷാർലോ ഏഴാനിക്കാട് CST Rev. Dr. Cyriac വലിയകുന്നുംപുറം റവ. ഫാ. ജേക്കബ് ചക്കാത്ര, അൽമായരായ റ്റി. സി. ജോർജ്, മാർട്ടിൻ പോരുമാലിൽ എന്നിവർ വചനപ്രഘോഷണം നടത്തി.

പെരിയ ബഹുമാനപ്പെട്ട വികാരി ജനറാളന്മാർ ജെയിംസ് പാലയ്ക്കൽ, ഫിലിപ്സ് വടക്കേക്കളം, മല്പാൻ മാത്യൂ വെള്ളാനിക്കൽ, ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, കുറമ്പനാടം ഫൊറോനകളിലെ ബഹുമാനപ്പെട്ട വൈദികരും വിവിധ ദിവസങ്ങളിൽ സമൂഹബലി അർപ്പിച്ചു. ജപമാലയും, കരുണക്കൊന്തയും സ്ലീവാപാതയും ദിവ്യകാരുണ്യ ആരാധനയും നടത്തി ലോകം മുഴുവനുവേണ്ടിയും സഭയുടെ വിവിധങ്ങളായ പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും ദൈവവിളിക്കുവേണ്ടിയും വൈദിക-സമർപ്പിതർക്കുവേണ്ടിയും രോഗികൾക്കുവേണ്ടിയും പാറേൽ മരിയൻ തീർത്ഥാടനദൈവാലയ നിർമ്മാണത്തിനുവേണ്ടിയും നിരന്തരം പ്രാർത്ഥനകൾ നടത്തി. നടത്തി.
വൈദികരുടെ കാർമ്മികത്വത്തിൽ 9 മണിക്ക് ഖുത്ത പ്രാർത്ഥനയും ഉച്ചയ്ക്ക് എന്താന പ്രാർത്ഥനയും സീറോ മലബാർ സഭയ്ക്കുവേണ്ടിയുള്ള പ്രേഷിത പ്രാർത്ഥനയും എല്ലാ ദിവസവും ഉണ്ടായിരുന്നു. കൺവൻഷന്റെ നാലാം ദിവസം അനുരഞ്ജന ഉപവാസ ദിനമായി ആചരിച്ചു. 40 ഓളം വൈദികർ കുമ്പസാരത്തിന് സഹായിച്ചു. വന്ദ്യവൈദികർക്കു നന്ദി. എടത്വാകാരൻ ബ്രദർ എഡ്വിൻ നേതൃത്വം കൊടുത്ത പതിനഞ്ച് അംഗഗായകസംഘം കൺവൻഷൻ ശുശ്രൂഷകളെ ഭക്തിസാന്ദ്രമാക്കിത്തീർത്തു.

2018 യുവജനവർഷമായി സഭയിൽ ആചരിക്കുന്നതിനാൽ രണ്ടായിരത്തിൽപരം യുവജനങ്ങൾ പങ്കെടുത്ത യുവജന കൺവൻഷൻ ഈ വർഷത്തെ കൺവൻഷന്റെ വലിയ നേട്ടമായിരുന്നു. അതിരൂപത യുവദീപ്തിയാണ്

നേതൃത്വം കൊടുത്തത്. അറുപതിനായിരത്തിൽപരം ആളുകൾ വിദൂരങ്ങളിലിരുന്ന് ഫെയ്സ്ബുക്കിലും, യൂ-റ്റ്യൂബിലും അതിരൂപത കൺവൻഷനിൽ പങ്കെടുത്തു. പുന്നപ്ര ഐഎംഎസ് ധ്യാനകേന്ദ്രത്തിന്റെ സാന്താമരിയ മീഡിയ മിനിസ്ട്രിയാണ് ഈ സൗകര്യം ഒരുക്കിയത്.

കൺവൻഷന്റെ ഏഴാം ദിവസം സീനിയർ സിറ്റിസൺസ് സംഗമവും ക്രമീകരിച്ചു. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. പെരിയ ബഹുമാനപ്പെട്ട വികാരി ജനറാൾ ജോസഫ് മുണ്ടകത്തിലച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. 93 വയസ്സ് പ്രായമുള്ളവർവരെ പങ്കെടുത്തു. അവർക്ക് യോഗാക്ലാസ്സും, ധ്യാനചിന്തകളും പൊട്ടിച്ചിരിക്കാനുള്ള അവസരവും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു. 300 ലേറെ വന്ദ്യവയോധികർ പങ്കെടുത്തു. പ്രായമായവർക്കായി തീർത്ഥാടനവും ഒരുക്കിയിട്ടുണ്ട്.

പത്ത് ലക്ഷത്തിലേറെ ചെലവ് വരുന്ന കൺവൻഷന്റെ എല്ലാ ചെലവുകളും നിറവേറ്റുന്നത് കൺവൻഷനിൽ പങ്കെടുക്കുന്ന ദൈവജനം സമർപ്പിക്കുന്ന സ്തോത്രക്കാഴ്ചയും ഉദാരമതികളുടെ സംഭാവനകൾ കൊണ്ടുമാണ്. കൺവൻഷൻ വേളയിൽ കൊടുത്തുവിടുന്ന വചനകുടുക്കവഴി ലഭിച്ച രണ്ട് ലക്ഷം രൂപ ഈ വർഷം വലിയ സഹായമായി. വരവ് ചെലവ് കണക്കുകൾ അച്ചടിച്ച് കൺവൻഷൻ കമ്മറ്റിയിൽ അവതരിപ്പിക്കുകയും മിച്ചമുണ്ടെങ്കിൽ പ്രൊക്കുറേറ്റർ അച്ചന്റെയും വികാരി ജനറാളച്ചന്റെയും ജോയിന്റ് അക്കൗണ്ടിലുള്ള കൺവൻഷൻ ഫണ്ടിൽ അടയ്ക്കുകയും ചെയ്തുവരുന്നു.

പാറേൽ വികാരി ബഹു. ജേക്കബ് വാരീക്കാട്ട് അച്ചനും കൈക്കാരന്മാരും കമ്മിറ്റി അംഗങ്ങളും ഇടവകജനവും നൽകുന്ന ത്യാഗനിർഭരമായ നേതൃത്വവും സേവനവുമാണ് അതിരൂപത ബൈബിൾ കൺവൻഷന്റെ കരുത്ത്. വിവിധ കമ്മിറ്റികളുടെ കൺവീനർമാരും നൂറിലേറെ വരുന്ന വോളന്റിയേഴ്സും നൽകിയ നിസ്വാർത്ഥവും ആത്മാർത്ഥവുമായ സേവനങ്ങളും കൺവൻഷൻ അനേകർക്ക് അനുഗ്രഹമാക്കിത്തീർക്കുന്നു. ആയിരങ്ങൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതും നമ്മുടെ കൺവൻഷന്റെ പ്രത്യേകതയാണ്. സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് ആവശ്യമായിടത്തോളം നോട്ടീസ് സൗജന്യമായി അച്ചടിച്ചു നൽകി. റേഡിയോ മീഡിയാ കൺവൻഷൻ വാർത്തകൾ ജനങ്ങളിൽ എത്തിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ പാട്ട് പുസ്തകം അടിക്കാൻ സാമ്പത്തിക സഹായം നൽകി.

വിശ്വാസത്തിൻ അഭിഷേകത്താൽ എന്നെ നയിക്കണമെ... നാഥാനിൻ സുവിശേഷത്തിൽ സാക്ഷിയായി എന്നെ അയക്കണമെ... എന്ന പ്രാർത്ഥനയോടെ ഈശോയുടെ ആർദ്ര സ്നേഹത്തിന്റെ പ്രേഷിതരായിത്തീരാം എന്ന ശക്തമായ ആഹ്വാനവുമായ് കൺവൻഷൻ അനുഗ്രഹപ്രദമായി സമാപിച്ചു. അഭിവന്ദ്യ പിതാക്കന്മാർക്കും വികാരി ജനറാൾ അച്ചന്മാർക്കും ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ബഹു. ജെന്നി കായംങ്കുളത്തുശ്ശേരി അച്ചനും, ബഹു. പീലിപ്പോസ് കാപ്പിത്തോട്ടം അച്ചനും ഇടവകജനത്തെ പറഞ്ഞുവിട്ട ബഹു.വികാരിയച്ചന്മാർക്കും ബഹു. സിസ്റ്റേഴ്സിനും കമ്മിറ്റി കൺവീനർമാർക്കും വോളന്റിയേഴ്സിനും കൺവൻഷനുവേണ്ടി ഏതെങ്കിലും വിധത്തിൽ സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദിയും പ്രാർത്ഥനകളും...

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(കൺവൻഷൻ കോ-ഓർഡിനേറ്റർ)

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ചങ്ങനാശ്ശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ ഫെബ്രുവരി സമ്മേളനം 11.02.2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാറേൽ ലീജിയൻ ഹാളിൽ വച്ച് കമ്മീസിയം പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്രയുടെ അദ്ധ്യക്ഷതയിൽ നടന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല ഇവയ്ക്കുശേഷം പ്രസിഡന്റ് നിയമഗ്രന്ഥത്തിൽ നിന്നും ജ്ഞാനവായന നടത്തി. അദ്ധ്യായം 19..“പ്രതിവാര സമ്മേളനവും സാമാജികനും. ഓരോ സൈനികനും പരിശുദ്ധ ദൈവമാതാവിനോടു ചേർന്ന് ദൈവത്തിനായുള്ള സുവിശേഷ വേലയിൽ പങ്കെടുക്കുന്ന ഉയർന്ന ആദ്ധ്യാത്മികതയുള്ളവരുടെ ഒരു സൈനികനിരയാണ് മീറ്റിംഗിൽ സംബന്ധിക്കുന്നത് എന്ന തിരിച്ചറിവ് ഉണ്ടായിരിക്കണം.

സെക്രട്ടറി ലീവായിരുന്നതിനാൽ ജോ. സെക്രട്ടറി ബ്ര. ഐസക് ആന്റണി കരിങ്ങണാമറ്റം റിപ്പോർട്ടു സമർപ്പിച്ചു പാസ്സാക്കി. കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് ഫാ. ജോജോ പുതുവേലിൽ, പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്ര, വൈസ് പ്രസിഡന്റ് സിസ്റ്റർ വത്സമ്മ ജോസ് കൂട്ടുമ്മേൽ, ഖജാൻജി സിസ്റ്റർ എത്സമ്മ തോമസ് കോട്ടപ്പുറം, ജോ. സെക്രട്ടറി ഐസക് ആന്റണി കരിങ്ങണാമറ്റം, അതിരമ്പുഴക്കൂരിയ പ്രസിഡന്റ്, കുത്രപ്പള്ളിക്കൂരിയ പ്രസിഡന്റ്, കമ്മീസിയത്തിലെ 17 പ്രസീദിയങ്ങളിൽനിന്നുള്ള ഭാരവാഹികൾ ഉൾപ്പെടെ ആകെ 40 മരിയൻ സൈനികർ ഈ മീറ്റിംഗിൽ പങ്കെടുത്തു. വൈസ് പ്രസിഡന്റ് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ എല്ലാവർക്കും സ്വാഗതം അർപ്പിച്ചു.

പ്രസിഡന്റ് വേദപ്രചാര മദ്ധ്യസ്ഥനിലെ ലീജിയൻ റിപ്പോർട്ടും, സെനാത്തൂസിൽനിന്നും ലഭിച്ച കത്തും വായിച്ചു. ജപമാല പ്രാർത്ഥനയുടെ മഹത്വവും, അതിന്റെ പ്രചരണം ഇന്നിന്റെ ആവശ്യവുമാണെന്ന് മരിയൻ സൈനികരെ ഓർമ്മിപ്പിക്കുന്നതായിരുന്നു കത്തിന്റെ ഉള്ളടക്കം.

സൈനിക ജപ ശൃംഖല ചൊല്ലി.

കമ്മീസിയത്തിന്റെ വരവു-ചെലവു കണക്ക് എഴുതിക്കൊണ്ടിരിക്കുന്ന രീതി പലർക്കും മനസ്സിലാക്കാൻ ബുദ്ധിമുട്ടായതുകൊണ്ട് ലളിതമായ രീതിയിൽ വരവിനങ്ങളും ചെലവിനങ്ങളും വെവ്വേറെ കാണിച്ച് കണക്കെഴുതാൻ ഡയറക്ടർ അച്ചൻ നിർദ്ദേശിച്ചു. കൂനന്താനം ജപമാല രാജ്ഞി പ്രസീദിയത്തിലെ സിസ്റ്റർ ജെസ്സി കുറ്റിയ്ക്കൽ “ലീജിയന്റെ പ്രതിവാരസമ്മേളനം” എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ലഘു പ്രഭാഷണം നടത്തി.

മാർച്ചുമാസത്തെ പ്രധാന വാർഷികചടങ്ങായ “ആച്ചിയെസ്സ്” അഥവാ സൈനിക പ്രകടനം രണ്ടാം ഞായറാഴ്ച 11.03.2018 ന് ഉച്ച കഴിഞ്ഞ് 1.30 ന് പാറേൽപള്ളിയിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു. ഇന്നു മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഭാരവാഹികളും തങ്ങളുടെ പ്രസീദിയ അംഗങ്ങളെ അറിയിക്കണമെന്നും സ്ത്രീകൾ അവരുടെ യൂണിഫോമിലും, പുരുഷന്മാർ ഇളംനിറമുള്ള ഡ്രസ്സിലും ആച്ചിയെസ്സിന് എത്തിച്ചേരണമെന്നും പ്രസിഡന്റ് ഉദ്ബോധിപ്പിച്ചു. എല്ലാ പ്രവർത്തകാംഗങ്ങളും, സഹായകാംഗങ്ങളും പങ്കെടുക്കണം. ആച്ചിയെസ്സിൽ പങ്കെടുക്കാതിരുന്നാൽ അവർ ലീജിയനോടുള്ള തങ്ങളുടെ മനോഭാവമാണ് പ്രദർശിപ്പിക്കുന്നത് എന്ന് നിയമഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളത് പ്രസിഡന്റ് സഭയെ ഓർമ്മിപ്പിച്ചു.

സമാപനപ്രാർത്ഥന, മരിയ സൈന്യസ്ഥാപകനായ ദൈവദാസൻ ഫ്രാങ്ക് ഡഫിന്റെ നാമകരണത്തിനുള്ള പ്രാർത്ഥന ഇവയ്ക്കുശേഷം ഡയറക്ടർ അച്ചൻ ആശീർവ്വാദം നൽകി. സമ്മേളനം 4-15 ന് സമംഗളം പര്യവസാനിച്ചു.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
(ആദ്ധ്യാത്മിക നിയന്താവ്)

**ബ്ര. തോമസ് ഫിലിപ്പ് പാലാത്ര.**
(പ്രസിഡന്റ്)

127

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: സഭയുടെ മനുഷ്യൻ

(തിരുവചനഭാഗം: ശ്ലീഹ 1:1-26)

സുവിശേഷങ്ങൾ ഈശോയുടെ ഇഹലോകജീവിതവും പ്രബോധനങ്ങളും പ്രവർത്തനങ്ങളും അവതരിപ്പിക്കുന്നെങ്കിൽ ശ്ലീഹന്മാരുടെ നടപടിപുസ്തകം ഈശോയുടെ സഭാത്മകജീവിതവും പ്രവർത്തനങ്ങളുമാണ് അവതരിപ്പിക്കുന്നത്. ഉത്ഥിതനായ മിശിഹാതന്നെയാണ് സഭയിലൂടെ തന്റെ രക്ഷാകര പ്രവർത്തനം തുടരുന്നത്. സഭയെ 'മിശിഹായുടെ ശരീര'മായി വി. പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (1 കൊറി 12) സഭയിലുള്ള മിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവും തിരിച്ചറിഞ്ഞതുകൊണ്ടാണല്ലോ (ശ്ലീഹ 9:1-9). മർക്കോസിന്റെ സുവിശേഷത്തിന്റെ ചില കയ്യെഴുത്തു പ്രതികളിൽ, 16-ാം അദ്ധ്യായം 8-ാം വാക്യത്തിനുശേഷം ഇപ്രകാരം പറയുന്നു: "അതിനുശേഷം ഈശോതന്നെ നിത്യരക്ഷയുടെ പരിശുദ്ധവും അനശ്വരവുമായ പ്രഖ്യാപനം അവർ (ശ്ലീഹന്മാർ) മുഖേന കിഴക്കുമുതൽ പടിഞ്ഞാറുവരെ എത്തിച്ചു". അതുകൊണ്ട് ഈശോയുടെ സുവിശേഷത്തിന്റെ രണ്ടാം ഭാഗമായി ശ്ലീഹന്മാരുടെ നടപടിയെ നാം മനസ്സിലാക്കണം. സഭയിൽ ജീവിക്കുന്ന ഈശോയുടെ പ്രവർത്തനങ്ങൾ ധ്യാനവിഷയമാക്കി സഭയുടെ മനുഷ്യനായി വർത്തിക്കുവാൻ പുരോഹിതനു കഴിയണം.

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിലെ ഒന്നാം അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം. 1. പരിശുദ്ധാത്മാവിന്റെ വാഗ്ദാനം (1:1-5); 2. ഈശോയുടെ സ്വർഗാരോഹണം (1:6-11); 3. സെനക്കിളിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന സഭ (1:12-14); 4. യൂദാസ് സ്കറിയോത്തായുടെ വീഴ്ച (1:15-19); 5. മത്തിയാസിന്റെ തിരഞ്ഞെടുപ്പ് (1:20-26).

### 1. പുരോഹിതൻ: പരിശുദ്ധാരൂപിയാൽ അഭിഷിക്തൻ

"*അവൻ അവരോടൊത്തു ഭക്ഷണത്തിനിരിക്കുമ്പോൾ കല്പിച്ചു: നിങ്ങൾ ജറുസലേംവിട്ടു പോകരുത്. എന്നിൽനിന്നു നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം നല്കി; നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും*" (1:4-5).

ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരെ ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഭാഗമാണ് ഇത്. "നാല്പതു ദിവസത്തേയ്ക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു"(1:3). ഉത്ഥാനത്തിനുശേഷം നാല്പതുദിവസം കഴിഞ്ഞാണ് സ്വർഗ്ഗാരോഹണം നടന്നത്. നാല്പതിന്റെ പ്രാധാന്യം ശ്രദ്ധേയമാണ്. പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ഈശോ നാല്പതുദിവസം വിജനസ്ഥലത്ത് ഉപവാസം അനുഷ്ഠിച്ചു (ലൂക്കാ. 4:2). മോശ ദൈവത്തിൽനിന്ന് നിയമം ആലേഖനം ചെയ്ത കല്പലകകൾ ഏറ്റുവാങ്ങു

വാൻ ഉപവാസപൂർവം നാല്പതു ദിവസങ്ങൾ സീനായ് പർവതത്തിൽ കഴിഞ്ഞു (പുറ 34:28). ഏലിയാ പ്രവാചകനും നാല്പതുദിവസത്തെ നോമ്പാചരിച്ചു (1 രാജാ 19:8). വാഗ്ദാനനാട് കൈവശമാക്കുന്നതിനുമുമ്പ് ഇസ്രായേൽക്കാർ നാല്പതുവർഷം മരുഭൂമിയിൽ കഴിഞ്ഞു (ശ്ലീഹ 13:18). ഈശോ ഉയിർത്തെഴുന്നേറ്റു മഹത്ത്വീകൃതനായി എന്ന സത്യം ശ്ലീഹന്മാർക്ക് അനുഭവവേദ്യമാക്കുകയും, അവിടുത്തെ സുവിശേഷം ലോകത്തിൽ ഉദ്ഘോഷിക്കുവാൻ അവരെ പരിശുദ്ധാത്മാവുവഴി ഒരുക്കുകയും ചെയ്യുന്ന ഘട്ടമായിരുന്നു ഈ നാല്പതു ദിവസം. മിശിഹായുടെ ഉത്ഥാനാനുഭവവും പരിശുദ്ധാത്മാഭിഷേകവുമാണ് ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിനുള്ള ആധികാരികത നല്കുന്നത്.

ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെടുക മാത്രമല്ല, ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും ചെയ്തു. ഈശോയുടെ ദൗത്യം ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമായിരുന്നല്ലോ (മർക്കോ 1:14-15). അതുതന്നെയാണ് ശ്ലീഹന്മാരുടെയും സഭയുടെയും ദൗത്യം. അതിനുള്ള ഒരുക്കമായിരുന്നു ഈ നാല്പതുദിവസം നടന്നത്. ഈ പ്രബോധനം അരൂപിയിലുള്ള പ്രബോധനമായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. 'അരൂപിയിലൂടെ കല്പന നല്കി' എന്നാണല്ലോ പറയുന്നത് (1:1). മിശിഹാ ഉത്ഥാനത്തിലൂടെ ജീവദാതാവായ ആത്മാവായിത്തീർന്നു (1 കൊറി 15:45). പരിശുദ്ധാത്മാവ് 'പാറക്ക്ലേത്താ' എന്ന നിലയിൽ മിശിഹായുടെ ആത്മാവാണ്. 'സത്യാത്മാവ്' എന്നാണ് യോഹന്നാൻ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത് (യോഹ 14:17). സത്യം മിശിഹായുമാണ് (യോഹ 14:6). അവൻ എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14:26) എന്ന വാഗ്ദാനം ഈശോ ശിഷ്യർക്കു നല്കിയിട്ടുണ്ട്. ഇപ്രകാരം അരൂപിയിലുള്ള മിശിഹായുടെ പ്രബോധനമായിട്ടാണ് ഈ പ്രബോധനത്തെ നാം മനസ്സിലാക്കേണ്ടത്. പുരോഹിതൻ അരൂപിയാൽ അഭിഷിക്തനായിവേണം തന്റെ സുവിശേഷപ്രഘോഷണദൗത്യം നിർവഹിക്കുവാൻ. അത് ശരിയായവിധം നിർവഹിക്കണമെങ്കിൽ മിശിഹായുടെ അരൂപിയുടെ പ്രബോധനം സ്വീകരിക്കണം. അരൂപിയോടുള്ള തുറവിയോടുകൂടി വിശുദ്ധഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയും സഭയുടെ ഔദ്യോഗികപ്രബോധനങ്ങളിലൂടെയും ലഭിക്കുന്ന വചനം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യണം. അപ്രകാരം അരൂപിയാൽ അഭിഷിക്തനായി, സുവിശേഷപ്രഘോഷണത്തിനായി, പുരോഹിതൻ ഒരുങ്ങണം.

## 2. പുരോഹിതൻ: മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്നവൻ

"*അവൻ പറഞ്ഞു: പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമില്ല. എന്നാൽ, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും*" (1:7-8).

ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട നാല്പതു ദിവസകാലയളവിൽ, അവർ തങ്ങളുടെ ഒരു സംശയം തീർക്കുവാൻ ശ്രമിക്കുന്നു." അങ്ങ് മഹത്ത്വീകരണം പ്രഖ്യാപിച്ചുവല്ലോ. അതിനോടു ചേർന്ന് ഇസ്രായേലിനു ലഭ്യമാകേണ്ട രാജ്യം ഇനി എന്നായിരിക്കും സാക്ഷാത്കൃതമാകുക?" അതിന് ഈശോ കൊടുക്കുന്ന മറുപടി ശ്രദ്ധേയമാണ്: "പിതാവ് തന്റെ സ്വന്ത അധികാരത്തിൽ മാത്രം സൂക്ഷിക്കുന്ന സത്യം ആസ്പദമാക്കിയുള്ളതാണ് നിങ്ങളുടെ ചോദ്യം. അത് അറിയാൻ ശ്രമിക്കാതെ നിങ്ങൾ ചെയ്യുവാനുള്ളതു ചെയ്യുവിൻ" (1:6-8). ലോകാവ

സാനത്തെക്കുറിച്ചുള്ള ജിജ്ഞാസ എപ്പോഴും എല്ലാവർക്കും സ്വാഭാവികമായി ഉള്ളതാണ്. ആദിമസഭയിൽ പൊതുവേ മിശിഹായുടെ രണ്ടാം ആഗമനത്തെക്കുറിച്ചുള്ള ആകാംക്ഷ വളരെ ശക്തമായിട്ടുണ്ടായിരുന്നു (മർക്കോ 9:1; ലൂക്കാ 21:23; 1 തെസ 4:15). അത് ദൈവപിതാവിന്റെ രഹസ്യമാണെന്നും അതേപ്പറ്റി ആകുലപ്പെടാതെ സഭയുടെ കാലഘട്ടത്തെപ്പറ്റി ചിന്തിക്കണമെന്നും ഈശോ അവരെ ഓർമ്മിപ്പിക്കുകയാണ്. സഭയുടെ കാലഘട്ടം സാർവത്രികമായ സുവിശേഷപ്രഘോഷണത്തിന്റെ കാലഘട്ടമായിട്ടാണ് ഇവിടെ അവതരിപ്പിക്കുക. "ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1:8). സഭയുടെ സാർവത്രിക സുവിശേഷപ്രഘോഷണദൗത്യം നടപടിഗ്രന്ഥത്തിൽ പടിപടിയായി യാഥാർത്ഥ്യമാകുന്നതിനെ ഇതു സൂചിപ്പിക്കുന്നുണ്ട്. നടപടിഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത്, ജറുസലേമിലും യൂദയായിലുമാണ് സഭ രൂപംകൊള്ളുന്നതെങ്കിൽ (1:1–5,42), പിന്നീട് സഭ ജറുസലേമിൽനിന്നും അന്ത്യോക്യായിലേക്കും മറ്റു നഗരങ്ങളിലേക്കും വ്യാപിക്കുന്നുണ്ട് (6:1–12,25).

സഭയുടെ കാലഘട്ടം സുവിശേഷപ്രഘോഷണത്തിന്റെ കാലഘട്ടമായിട്ടാണ് ഈശോ ഇവിടെ അവതരിപ്പിക്കുന്നത്. സുവിശേഷപ്രഘോഷണവും സഭയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. സുവിശേഷപ്രഘോഷണത്തിലൂടെയാണ് സഭ രൂപംകൊള്ളുന്നത്. നടപടിഗ്രന്ഥത്തിൽ ആദിമക്രൈസ്തവസമൂഹം രൂപംകൊള്ളുന്നത് മറ്റു പതിനൊന്നു പേരോടുമൊപ്പമുള്ള പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണ് (2:14–42). സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യവും സുവിശേഷപ്രഘോഷണമാണ്. സഭയുടെ വളർച്ച സുവിശേഷപ്രഘോഷണത്തിന്റെ വളർച്ചയാണ്: "ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു" (6:7). സുവിശേഷപ്രഘോഷണത്തിന്റെ നിയതരൂപം മിശിഹായ്ക്ക് സാക്ഷ്യം വഹിക്കലാണെന്നും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ഈശോയുടെ പ്രബോധനങ്ങളും കല്പനകളും പഠിക്കുകയും പഠിപ്പിക്കുകയുംമാത്രം ചെയ്താൽ പോരാ. ഈശോതന്നെയാവണം സുവിശേഷപ്രഘോഷണവിഷയം. ഈശോയുടെ ജീവിതം, പ്രവർത്തനങ്ങൾ, പീഡാനുഭവം, മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നിവയെല്ലാമാണ് സുവിശേഷപ്രഘോഷണവിഷയം. മറ്റു വാക്കുകളിൽ, ഈശോയുടെ പെസഹാനുഭവത്തിൽ പങ്കുചേർന്നുകൊണ്ടുള്ള ജീവിതം നയിച്ച് ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു സുവിശേഷപ്രഘോഷണമാണ് സഭ നിർവഹിക്കേണ്ടത്. അതുകൊണ്ട് സഭാശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതന്റെയും പ്രഥമദൗത്യം മിശിഹായോടൊപ്പം പെസഹാനുഭവം ജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നതാണ്.

### 3. പുരോഹിതൻ: സഭാത്മക പ്രാർത്ഥനയുടെ മനുഷ്യൻ

*"അവർ പട്ടണത്തിലെത്തി, തങ്ങൾ താമസിച്ചിരുന്ന വീടിന്റെ മുകളിലത്തെ നിലയിലുള്ള മുറിയിൽ ചെന്നു. അവർ, പത്രോസ്, യോഹന്നാൻ, യാക്കോബ്, അന്ത്രയോസ്, പീലിപ്പോസ്, തോമസ്, ബർത്തലോമിയോ, മത്തായി, ഹൽപൈയുടെ പുത്രനായ യാക്കോബ്, തീവ്രവാദിയായ ശിമയോൻ, യാക്കോബിന്റെ പുത്രനായ യൂദാസ് എന്നിവരായിരുന്നു. ഇവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു"* (1:13–14).

ജറുസലേമിനു കിഴക്ക് സാബത്തിൽ ഒരു യഹൂദന് യാത്ര ചെയ്യുവാൻ അനുവാദമുണ്ടായിരുന്ന ദൂരത്തിൽ സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ കുന്നാണ്

ഒലിവുമല. അവിടെനിന്നുമായിരുന്നു ഈശോ സ്വർഗ്ഗാരോഹണം ചെയ്തത്. പെസഹാഭക്ഷണം കഴിഞ്ഞ് സ്തോത്രഗാനങ്ങൾ പാടിയശേഷം ഈശോ ശിഷ്യരുമായി പോയതും അവിടേയ്ക്കാണ്. സ്വർഗ്ഗാരോഹണശേഷം ശിഷ്യന്മാരും കൂടെയുള്ളവരും ജറുസലേമിലേക്കു നടന്നു. അവിടെ അവർക്ക് ഒരുമിച്ചുകൂടുവാൻ ഒരു ഭവനമുണ്ടായിരുന്നു. അവർ അവിടെ എത്തി. അതിന്റെ രണ്ടാം നിലയിൽ സജ്ജീകൃതമായിരുന്ന ശാലയിൽ പ്രവേശിച്ചു. അവിടെവച്ചായിരുന്നു ഈശോ ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ഭക്ഷിച്ചതും പരിശുദ്ധ കുർബാന സ്ഥാപിച്ചതും (മത്താ 26:17-19). അത് ആദ്യ സഭയുടെ സമ്മേളനസ്ഥലവും ആരാധനാകേന്ദ്രവുമായിത്തീർന്നു. ദുഃഖവെള്ളിയാഴ്ച ശിഷ്യന്മാരെ താല്ക്കാലികമായി നിരാശയിലാഴ്ത്തിയെങ്കിലും, ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള ബോദ്ധ്യം അവർക്കു ധൈര്യം പകർന്നു. അവരെ അത് ഒരുമിച്ചുകൂട്ടി. അവർ കൂടി വന്നത് ഈശോയോടൊന്നിച്ച് അത്താഴം കഴിച്ച അതേ സ്ഥലത്തുതന്നെയായിരുന്നു. മർക്കോസിന്റെ അമ്മയുടെ ഭവനവും അതിന്റെ മാളികയും ആദിമ സഭാസമ്മേളനവേദിയായിരുന്നു (ശ്ലീഹ 12:12-25). യൂദാസ് സ്കറിയോത്ത ഒഴികെയുള്ള പതിനൊന്നു ശ്ലീഹന്മാരും ഈശോയുടെ അമ്മയായ മറിയമുൾപ്പെടെ ശിഷ്യകളായ സ്ത്രീകളും ശിഷ്യന്മാരായ പുരുഷന്മാരുംചേർന്ന് നൂറ്റിയിരുപതോളം പേർ സഭാസമൂഹമായി സെനക്കിളിൽ ഒരുമിച്ചുകൂടി.

ആദിമസഭാസമൂഹം മുഴുവൻ ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്നാണ് ഇവിടെ എടുത്തുപറയുന്നത് (1:14). പരിശുദ്ധാത്മാവിനാൽ സ്നാനമേല്ക്കുമെന്നും (1:5) ഉന്നതത്തിൽനിന്നും ശക്തി ധരിക്കുമെന്നും (ലൂക്കാ 24:49) ഉള്ള ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടായിരിക്കണം അവർ സെനക്കിളിൽ വന്ന് പ്രാർത്ഥനയിൽ മുഴുകിയിരുന്നത്. അരൂപിയോടുള്ള തുറവിയാണ് പ്രാർത്ഥനയുടെ അടിസ്ഥാനപരമായ വ്യവസ്ഥ. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8,26). അതുകൊണ്ട് നന്നായി പ്രാർത്ഥിക്കുവാൻ പരിശുദ്ധാരൂപിയോടു തുറവിവേണം. അതുപോലെ സഭാസമൂഹം ഏകമനസ്സോടെ ഒന്നുചേർന്നാണ് പ്രാർത്ഥനയിൽ മുഴുകിയിരുന്നത്. തന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്ന് ഈശോ ശിഷ്യരെ ഉത്ബോധിപ്പിക്കുന്നുണ്ട് (യോഹ 14:13; 16:23-24). 'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. ക്രിസ്തീയമായ പ്രാർത്ഥന അവശ്യം സഭാത്മകമാണ്. കാരണം, സഭയാണ് മിശിഹായുടെ ശരീരം. അതുകൊണ്ട് പുരോഹിതൻ സഭാത്മകമായി പ്രാർത്ഥിക്കുന്നവനും, അപ്രകാരം പ്രാർത്ഥിക്കുവാൻ സഭാംഗങ്ങളെ പരിശീലിപ്പിക്കുന്നവനുമായിരിക്കണം.

### 4. പുരോഹിതൻ: വിളിയോടു വിശ്വസ്തത പുലർത്തുന്നവൻ

' '*സഹോദരരേ, ഈശോയെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസിനെക്കുറിച്ചു ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു. അവൻ നമ്മിലൊരുവനായി എണ്ണപ്പെടുകയും ഈ ശുശ്രൂഷയിൽ അവനു ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, അവൻ തന്റെ ദുഷ്കർമ്മത്തിന്റെ പ്രതിഫലംകൊണ്ട് ഒരു പറമ്പു വാങ്ങി. അവൻ തലകുത്തി വീണു; ഉദരം പിളർന്ന് അവന്റെ കുടലെല്ലാം പുറത്തുചാടി*" (1:16-18).

പത്രോസ് എഴുന്നേറ്റുനിന്ന് സഭാസമൂഹത്തോടു സംസാരിച്ചു. ശ്ലീഹന്മാരുടെയിടയിലും സഭാസമൂഹത്തിലും പത്രോസ്ശ്ലീഹായ്ക്കുള്ള നേതൃസ്ഥാനമാണ് ഇത് പ്രകാശിപ്പിക്കുന്നത്. പത്രോസിന്റെ പ്രസംഗവിഷയം യൂദാസ് സ്കറിയോത്തായുടെ തിരഞ്ഞെടുപ്പും വീഴ്ചയുമാണ്. "ഈശോയെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസ്" എന്നാണ് പത്രോസ് യൂദാസിനെ വിശേഷിപ്പിക്കുന്നത്. സുവിശേഷങ്ങളെല്ലാം ഒറ്റിക്കൊടുക്കൽ രംഗം രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 14:43-46; ലൂക്കാ 23:47-53; മത്താ 26:47-56). യൂദാസിന്റെ ശ്ലൈഹികവിളിയുടെ ശ്രേഷ്ഠതയും, അത് നഷ്ടപ്പെടാനിടയായ സംഭവവും ആദിമസഭയിൽ ശ്രദ്ധിക്കപ്പെട്ട വസ്തുതകളായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. 'പന്ത്രണ്ടു ശ്ലീഹന്മാരിലൊരുവനായി എണ്ണപ്പെടുക', 'ശ്ലൈഹികശുശ്രൂഷയിൽ ഭാഗഭാഗിത്വം ലഭിക്കുക' എന്നത് ഏറ്റം ശ്രേഷ്ഠമായ ദൈവവിളിയാണ്. ഈ വിളിയാണ് യൂദാസ് സ്കറിയോത്തായ്ക്ക് ലഭിച്ചത്. ശുശ്രൂഷാപൗരോഹിത്യം ശ്ലൈഹിക ശുശ്രൂഷയിലേക്കുള്ള വിളിയും ശ്ലൈഹികശുശ്രൂഷയിലുള്ള ഭാഗഭാഗിത്വവുമാണ്. പൗരോഹിത്യത്തിലേക്കുള്ള നമ്മുടെ ദൈവവിളിയുടെ ശ്രേഷ്ഠതയും, ആ വിളിയോട് വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകതയും ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു.

യൂദാസ് സ്കറിയോത്തായുടെ വീഴ്ചയെ വിശദീകരിക്കുമ്പോൾ അതിന് അടിസ്ഥാനമായി പറയുന്നത്, "ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു" എന്നാണ് (1:16). ദൈവത്തിന്റെ പദ്ധതി ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും പൊതുവായി ഉദ്ദേശിച്ചിട്ടുള്ളതാണ്. യൂദാസിന്റെ വീഴ്ച അതിന്റെ ഭാഗമായി സംഭവിച്ചതാണ്. അതുകൊണ്ട് യൂദാസിന്റെ ഒറ്റിക്കൊടുക്കൽ കുറ്റകരമല്ലായിരുന്നെന്നോ, യൂദാസിന് അതിൽ ഉത്തരവാദിത്വമില്ലായിരുന്നെന്നോ അർത്ഥമാക്കേണ്ടതില്ല. യൂദാസിന്റെ വീഴ്ച ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായിരുന്നു എന്നു മാത്രമാണ് അതു സൂചിപ്പിക്കുന്നത്. യൂദാസിന്റെ വീഴ്ചയ്ക്കു കാരണമായത് അയാളുടെ ഉത്തരവാദിത്വമില്ലായ്മതന്നെയാണ്. ഇത് ഈശോതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തെത്തുടർന്ന് ശിഷ്യന്മാർ പിറുപിറുത്തപ്പോൾ ഈശോ പറഞ്ഞു: "എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6:64). യൂദാസ് തന്റെ വിളിയുടെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹത്തിലും തിരഞ്ഞെടുപ്പിലും വിശ്വസിക്കാതെ കൂടെനടന്നയാളാണ്. പിന്നീട് "നിങ്ങളിലൊരുവൻ പിശാചാണ്" എന്നുവരെ ഈശോ യൂദാസിനെപ്പറ്റി പറയുകയുണ്ടായി (യോഹ 6:70-71). തൈലാഭിഷേകസന്ദർഭത്തിൽ യൂദാസ് പണക്കൊതിയനും കള്ളനുമായിരുന്നെന്ന് യോഹന്നാൻ പറയുന്നുണ്ട് (യോഹ 12:6). യൂദാസിനെപ്പോലെ ഉത്തരവാദിത്വബോധമില്ലാത്തവനായി മാറാതെ, തന്റെ വിളിയുടെ ശ്രേഷ്ഠത മനസ്സിലാക്കി, അതിന്റെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ച് അതിന് പ്രത്യുത്തരിച്ചുകൊണ്ട് ജീവിക്കുവാൻ പുരോഹിതനു കഴിയണം.

### 5. പുരോഹിതൻ: മിശിഹാനുഭവമുള്ളവൻ

"*അതിനാൽ, കർത്താവായ ഈശോയുടെ പുനരുത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും, നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ*" (1:21-22).

യൂദാസ് സ്കറിയോത്തായുടെ സ്ഥാനത്ത് മറ്റൊരാളെ ശ്ലീഹന്മാരുടെ ഗണത്തിലേയ്ക്ക് എടുക്കുവാനുള്ള തീരുമാനമുണ്ടായതും ദൈവവചനപൂർത്തീകരണത്തിന്റെ ഭാഗമായിട്ടാണ്: "അവന്റെ ഭവനം ശൂന്യമായിത്തീരട്ടെ. ആരും അതിൽ വസിക്കാതിരിക്കട്ടെ എന്നും അവന്റെ ശുശ്രൂഷയുടെ സ്ഥാനം മറ്റൊരുവൻ ഏറ്റെടുക്കട്ടെ എന്നും സങ്കീർത്തനപ്പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (1:20). സങ്കീർത്തനം 69:25 ഉം 109:8 ഉം ആണ് ഇവിടെ പത്രോസ്ശ്ലീഹാ ഉദ്ധരിക്കുന്നത്. പഴയനിയമസങ്കീർത്തനങ്ങളിൽ നേരിട്ടു പരാമർശിക്കുന്നത് ഇക്കാര്യമല്ലെങ്കിലും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പഴയനിയമത്തെ ഇപ്രകാരം വ്യാഖ്യാനിക്കുവാനുള്ള അധികാരം സഭയ്ക്കുണ്ട്. വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "മുമ്പ് എഴുതപ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനുവേണ്ടിയാണ് - സ്ഥൈര്യത്താലും വിശുദ്ധ ലിഖിതങ്ങളിൽനിന്നു ലഭിക്കുന്ന സമാശ്വാസത്താലും നമുക്കു പ്രത്യാശയുളവാക്കുവാൻവേണ്ടി" (റോമാ 15:4). പഴയനിയമം വായിക്കുമ്പോൾ മനസ്സിൽ കിടക്കുന്ന മൂടുപടം കർത്താവിലേക്കു തിരിയുമ്പോൾ നീക്കപ്പെടുന്നുവെന്നും ശ്ലീഹാ പറയുന്നുണ്ട് (2 കൊറി 3:13-16). അതുകൊണ്ട് ഈ പഴയനിയമസങ്കീർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, യൂദാസ് സ്കറിയോത്താ നഷ്ടപ്പെടുത്തിയ ശ്ലൈഹികസ്ഥാനം മറ്റൊരാൾ ഏറ്റെടുക്കണമെന്ന്, പത്രോസ്ശ്ലീഹാ തീരുമാനിക്കുകയാണ്.

ശ്ലീഹന്മാരുടെ ഗണത്തിൽ എണ്ണപ്പെടുവാനുള്ള വ്യക്തിയുടെ സവിശേഷത എന്തായിരിക്കണമെന്ന് പത്രോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ പരസ്യജീവിത പ്രവേശനംമുതൽ സ്വർഗ്ഗാരോഹണംവരെ ശ്ലീഹന്മാരോടൊപ്പം ഉണ്ടായിരുന്ന ഒരുവനായിരിക്കണം അയാൾ (1:22). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് അവർക്ക് മിശിഹായുടെ സാക്ഷികളാകുവാനുള്ള ആധികാരികത നല്കുന്നത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ആമുഖമായി പറയുന്ന വാക്കുകൾ ഇതു സൂചിപ്പിക്കുന്നതാണ്. ശ്ലൈഹികകൂട്ടായ്മയിലുള്ള തന്റെ മിശിഹാനുഭവത്തിൽ അധിഷ്ഠിതമായിട്ടാണ് താൻ ഈ ലേഖനം എഴുതുന്നതെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു (1 യോഹ 1:1-3). തിരഞ്ഞെടുപ്പ് ദൈവത്തിന്റേതാണെന്ന് അവരുടെ പ്രാർത്ഥന വ്യക്തമാക്കുന്നുണ്ട്: "ശ്ലൈഹികസ്ഥാനവും ശുശ്രൂഷാപദവിയും സ്വീകരിക്കുവാൻ ഈ ഇരുവരിൽ ആരെയാണ് അങ്ങ് തിരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കണമേ" (1:25). ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പാൽ പുരോഹിതശുശ്രൂഷയിലേക്ക് എടുക്കപ്പെട്ട പുരോഹിതന് ആ ശുശ്രൂഷ അർഹമായവിധം നിർവഹിക്കാൻ കഴിയണമെങ്കിൽ സഭാകൂട്ടായ്മയിൽ മിശിഹായോടൊപ്പം ജീവിച്ച് മിശിഹാനുഭവത്തിൽ വളരേണ്ടിയിരിക്കുന്നു.

**ജീവിതസൂചിക**

1. അരൂപിയോടുള്ള തുറവിയിൽ തിരുവചനം പഠിച്ചും ധ്യാനിച്ചും പരിശുദ്ധാത്മാഭിഷേകത്തോടെയാണോ ഞാൻ സഭാശുശ്രൂഷ നിർവഹിക്കുന്നത്?
2. മിശിഹായോടൊപ്പം പെസഹാനുഭവം ജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?
3. സഭയുടെ പ്രാർത്ഥനയിൽ പരിശീലിപ്പിക്കപ്പെടുന്ന ഒരു പ്രാർത്ഥനാജീവിതമാണോ ഞൻ നയിക്കുന്നത്?
4. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയോട് വിശ്വസ്തത പുലർത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. സഭാകൂട്ടായ്മയിൽ മിശിഹായോടൊപ്പം ജീവിച്ച് മിശിഹാനുഭവത്തിൽ വളരാൻ എനിക്കു കഴിയുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജനുവരി 26 – ഫെബ്രുവരി 25**

26 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ മതാദ്ധ്യാപക കൺവൻഷനിൽ സംബന്ധിച്ച് സംസാരിച്ചു. വൈകുന്നേരം കൊടിനാട്ടുകുന്ന് ഇടവകയിൽ തിരുനാൾ കൊടിയുയർത്തി, നവീകരിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് എസ്.ബി. കോളേജിൽ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു.

27 രാവിലെ വി. കുർബാനയ്ക്കുശേഷം റീജൻസി ബ്രദേഴ്സിനെ ഒരുമിച്ചു കണ്ടു സംസാരിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് കത്തീഡ്രൽ ഇടവകയിൽ വിവാഹ വാഗ്ദാനകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം തിരുവനന്തപുരം ഫൊറോനയിൽ വട്ടിയൂർക്കാവ് ഇടവകയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു.

28 പന്തളം ദനഹാ പള്ളി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ജർമ്മനിയിൽനിന്നു എത്തിയ അതിഥികളെ സ്വീകരിച്ചു.

29 എസ്.ബി. കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. മുട്ടാർ സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിന്റെ യാത്രയയപ്പു സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം സ്പർശം ചാരിറ്റബിൾ ട്രസ്റ്റിന്റെ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

30 മാന്നാനം കെ.ഇ. സ്കൂളിൽ സി.എം.ഐ. സന്യാസ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഇന്റർനാഷണൽ സിമ്പോസിയം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോട്ടയം സി.എസ്.ഐ. ആസ്ഥാനത്തു എക്യൂമെനിക്കൽ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ പങ്കെടുത്തു. ഉച്ചയ്ക്ക്, അതിരൂപതയിൽനിന്ന് സ്ഥലം മാറിപ്പോകുന്ന സന്ന്യാസവൈദികർക്കായി നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, മൈനർ സെമിനാരിയിൽ പഠിപ്പിക്കുന്ന അതിരൂപതയിലെ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. നവവൈദികർക്കായി കാനായിൽ നടത്തുന്ന കോഴ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സന്ദേശം നൽകി. തുരുത്തി ഫൊറോനയിലെ വൈദിക സംഗമത്തിൽ (പ്രീസ്റ്റ് കോൺഫറൻസ്) പങ്കെടുത്തു.

31 രാവിലെ വി. കുർബാനയ്ക്കുശേഷം എം.എൽ.എഫ്. സന്ന്യാസ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിലും സുവർണ്ണജൂബിലി ആഘോഷത്തിലും പങ്കെടുത്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് നവവൈദികർക്കായി നടത്തപ്പെടുന്ന കോഴ്സിൽ പങ്കെടുക്കുന്നവരുമായി സംസാരിച്ചു. ഞായറാഴ്ച വൈകുന്നേരം അജപാലനപരിശീലനത്തിന്റെ ഭാഗമായി അതിരൂപതയിലെ വിവിധ ഇടവകകളിൽ, വടവാതൂർ സെമിനാരി, തെള്ളകം കപ്പൂച്ചിൻ ആശ്രമം എന്നിവിടങ്ങളിൽ നിന്നും എത്തുന്ന വൈദികവിദ്യാർത്ഥികളെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

ഫെബ്രു. 1-9 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ നടന്ന സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മറ്റിയിലും ജനറൽ ബോഡി സമ്മേളനത്തിലും പങ്കെടുത്തു.

9 വൈകുന്നേരം ചാരമംഗലം ലൂർദ്ദ് മാതാ ദൈവാലയത്തിൽ തിരുനാളിനു കൊടിയുയർത്തി സന്ദേശം നൽകി.

10 രാവിലെ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. പുളിങ്കുന്ന് ഫൊറോനയിലെ പ്രതിനിധി യോഗാംഗങ്ങളുടെ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് നിരണം സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം തുരുത്തി ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. തുടർന്ന്, വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമേടയുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

11 രാവിലെ മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് പുതുശ്ശേരി-കല്ലൂപ്പാറ ലൂർദ്ദ്മാതാ ഇടവകയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് അർത്തുങ്കൽ പള്ളിയിൽ പിൻതുടർച്ചാവകാശമുള്ള ആലപ്പുഴ രൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജെയിംസ് റാഫേൽ ആനാപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു. വൈകുന്നേരം കോട്ടയം നാഗമ്പടം സെന്റ് ആന്റണീസ് ഗ്രൗണ്ടിൽ നടന്ന കോട്ടയം കൺവൻഷനിൽ സമാപന സന്ദേശം നൽകി.

12 രാവിലെ പാറേൽ ഇടവകയിൽ വി. കുർബാനയർപ്പിച്ച് വിഭൂതികർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. രോഗീദിനത്തോടനുബന്ധിച്ച് ചെത്തിപ്പുഴ ആശുപത്രിയിലെ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ഏതാനും രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന്, മീഡിയാ വില്ലേജിൽ പുതുതായി നിർമ്മിച്ച സ്റ്റുഡിയോയുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ

സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഭവനത്തിൽ സി. റെജീസ് പാറപ്പുറം എസ്.ഡി. യുടെ മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് കർമ്മങ്ങൾക്ക് കാർമ്മികത്വം നേതൃത്വം വഹിച്ചു.

13 രാവിലെ ചങ്ങനാശേരി അൽഫോൻസാ ബാലികാഭവനിലെ കുട്ടികൾക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാറേൽ പള്ളി മൈതാനിയിൽ നടന്ന അതിരൂപതാ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. പൊടിപ്പാറ ഇടവകയിൽ ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി നിർമ്മിച്ചു നൽകുന്ന വീടുകളുടെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. പള്ളിക്കുട്ടുമ്മ ഇടവകയിൽ പുനർനിർമ്മിച്ച സി.എം.സി. മഠത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. തുടർന്ന് പാലായിൽ പുല്ലുകാട്ട് ബഹു. ആന്റണി അച്ചന്റെ സഹോദരന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹ ഒരുക്ക കോഴ്സിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ദലിത് നാടാർ പ്രസ്ഥാനങ്ങളുടെ നേതാക്കളുടെ സംഗമത്തിൽ പങ്കെടുത്തു.

15 സീനിയർ സിസ്റ്റേഴ്സിനായി നടത്തിയ (എക്ലേസിയ) സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തോട്ടയ്ക്കാട് ഇടവകയിൽ രോഗിയെ സന്ദർശിച്ച് പ്രാർത്ഥിച്ചു. കോട്ടയത്ത് ഹോട്ടൽ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. വൈകുന്നേരം എടത്വാ എസ്.എ.ബി.എസ്. മഠത്തിൽ സി. ജെരാർദ്ര എസ്.എ.ബി.എസ്.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂരിയ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപത മതബോധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മീഡിയ ക്യാമ്പിൽ പങ്കെടുത്തു. വൈകുന്നേരം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന 'എക്ലേസിയ' സന്ന്യാസിനികളുടെ സഭാത്മക പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

17 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ എക്ലേസിയിൽ വി.കുർബാനയർപ്പിച്ചു. തുടർന്ന് ളായിക്കാട് ആരംഭിച്ച Esaf-small finance bank-ന്റെ പുതിയ ശാഖയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് തുരുത്തി ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ അതിരൂപതാ പി.ആർ.-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പഠന ശിബിരം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും പഠനശിബിരത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സന്ദേശനിലയത്തിൽ നടന്ന ജീവകാരുണ്യ പ്രസ്ഥാനങ്ങൾ - അതിരൂപതയിലെ കെയർ

ഹോംസ് ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാ പി.ആർ.-ജാഗ്രതാസമിതി, CFCA, മാരിയോസ് (Marios) എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പുതിയ ഓഫീസുകൾ ആശീർവ്വദിച്ചു. വൈകുന്നേരം ഭരണങ്ങാനം എം.എസ്.റ്റി. ആസ്ഥാനഭവനത്തിൽ, സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന സ്നേഹസംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

18 മണിമല ഫൊറോനയിലെ കുളത്തൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19 അതിരൂപത ബൈബിൾ കൺവൻഷന്റെ ഭാഗമായി നടന്ന വയോജന കൺവൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ നടന്ന പഞ്ചവത്സര അജപാലന പദ്ധതിയുടെ ആലോചനയോഗത്തിൽ പങ്കെടുത്തു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു.

20 അതിരൂപതാകേന്ദ്രത്തിൽ കൂരിയാ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ചു അവരുമായി സംസാരിച്ചു.

21 രാവിലെ വടവാതൂർ സെമിനാരിയിൽ പൗരസ്ത്യവിദ്യാപീഠവും ആലപ്പുഴ ദനഹാലയയും സംയുക്തമായി സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ സംബന്ധിച്ചു.

22 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ വി.കുർബാനയർപ്പിച്ചു. എസ്.ബി. കോളേജിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം റേഡിയോ മീഡിയാ വില്ലേജിൽ, 6-ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

23 കൂരിയാ സമ്മേളനത്തിനുശേഷം ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്ത പ്രാർത്ഥനാദിനാചരണത്തിന്റെ ഭാഗമായി നടന്ന ശുശ്രൂഷകളിൽ പങ്കെടുത്തവർക്ക് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

24 MARIOS- ന്റെ ആഭിമുഖ്യത്തിൽ നടന്ന 3-ാമത് സിമ്പോസിയത്തിൽ 'All India Jurisdiction - prospects, promises and challenges' ആദ്യാന്തം പങ്കെടുത്തു. വൈകുന്നേരം വിദ്യാനികേതന്റെ ഭാഗമായുള്ള സാംസ്കാരികവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന കലാസാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

25 ആര്യാട് ലിറ്റിൽ ഫ്ളവർ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

# മാർ തോമസ് തറയിൽ

**ജനുവരി 2018**

25 തിരുനാളിനോടനുബന്ധിച്ച് സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. തൊടുപുഴ വണ്ടമറ്റം പള്ളിയിൽ തിരുനാൾ കുർബാനയർപ്പിച്ചു.

26 മണിമലയിൽ പടിയറ കുടുംബയോഗത്തിൽ പങ്കെടുത്തു. ഇടവകദിനത്തോടനുബന്ധിച്ച് തെക്കേക്കര ഇടവകദൈവാലയത്തിൽ സന്ദേശം നൽകി. കാവുകാട്ട് ഹാളിൽ മതദ്ധ്യാപക കൺവൻഷൻ 'കെരിഗ്മ'യിൽ പങ്കെടുത്തു. ഇടവകതിരുനാളിനോടനുബന്ധിച്ച് ചക്കാലക്കുന്ന് സെന്റ് ജോസഫ് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനവർഷോദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു മല്ലികശേരിയിൽ അഡോർണോ ഫാദേഴ്സിന്റെ ജൂബിലി സംഗമത്തിൽ പങ്കെടുത്തു.

28 ആയൂർ ചെറിയവെളിനല്ലൂർ ദൈവാലയത്തിൽ സന്ദേശം നല്കി. തിരുനാളിനോടനുബന്ധിച്ച് മുഹമ്മ സെന്റ് ജോർജ് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 മാമ്മൂട് ഡി.എസ്.എഫ്. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കോരാനല്ലൂർ തൂവനിസയിൽ കോട്ടയം അതിരൂപതയിലെ വൈദികർക്ക് ക്ലാസെടുത്തു.

30 വാർഷികധ്യാനത്തോടനുബന്ധിച്ച് പായിപ്പാട് ലൂർദ്ദ്മാതാ പള്ളിയിൽ സന്ദേശം നൽകി. പൗരോഹിത്യത്തിന്റെ 50ഉം 25ഉം വാർഷികമാഘോഷിക്കുന്ന വൈദികരെ ആദരിച്ചു. മിത്രക്കരി സെന്റ് സേവിയേഴ്സ് ഹൈസ്കൂളിൽ അധ്യാപകരുടെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

31 തിരുവനന്തപുരം വെട്ടിക്കാട് ദൈവമാതാ ദൈവാലയത്തിന്റെ കൂദാശയിൽ പങ്കെടുത്തു.

**ഫെബ്രുവരി 2018**

1 തുരുത്തി കാനായിൽ നടന്ന നവ-വൈദികരുടെ കോഴ്സിൽ പങ്കെടുത്തു സംസാരിച്ചു. കൈനടി സ്കൂളിന്റെ വാർഷികത്തോടനുബന്ധിച്ച് സന്ദേശം നൽകി.

2 കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു. നിരണം മാർത്തോമാശ്ലീഹാസെമിനാരിയിൽ വൈദികാർത്ഥികൾക്ക് ക്ലാസെടുത്തു.

3 തെള്ളകം ഒ.എം.എം.ഐ. കോൺവെന്റിൽ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ലൂർദ്ദ്മാതാ കെയർ സെന്ററിന്റെ ധനശേഖരണാർത്ഥം തിരുവനന്തപുരത്തു നടന്ന സ്റ്റേജ് ഷോയിൽ പങ്കെടുത്തു.

4-16 ഇംഗ്ലണ്ടിലെ സീറോമലബാർ രൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു. ഡാർലിംഗ്ടണിലെ വിൻസെൻഷ്യൻ ധ്യാനകേന്ദ്രത്തിൽ വിമിൻസ്ഫോറം അംഗങ്ങൾക്ക് ക്ലാസ് നയിച്ചു. കേംബ്രിഡ്ജ് സീറോമലബാർ സമൂഹാംഗങ്ങൾക്ക് ധ്യാനം പ്രസംഗിച്ചു.

17 19-ാമത് അതിരൂപതാ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. സന്ദേശനിലയത്തിൽ നടന്ന കെയർ ഹോംസ് ജനറൽബോഡി മീറ്റിംഗിൽ പങ്കെടുത്തു. കുന്നന്താനം സെഹിയോനിൽ എക്ലേസിയായിൽ ബഹു. സിസ്റ്റേഴ്സിന് സന്ദേശം നൽകി.

18 അതിരൂപതാ യൂത്ത് കൺവൻഷൻ 'എഫ്ഫാത്ത' യിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ പഞ്ചവത്സര അജപാലനപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

19 കൊല്ലം-ആയൂർ ഫൊറോന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു

21-22 വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നടന്ന ഇന്റെർനാഷൺ സെമിനാറിൽ പങ്കെടുത്തു പ്രബന്ധം അവതരിപ്പിച്ചു.

22 MST സുവർണ്ണ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു.

23 കാഞ്ഞിരപ്പള്ളി കോർപ്പറേറ്റ് മാനേജ്മെന്റ് അധ്യാപക സംഗമത്തിൽ പ്രഭാഷണം നടത്തി. പാറേൽ പള്ളിയിൽ കെയർ ഹോംസ് സന്നദ്ധപ്രവർത്തകരുടെ പ്രാർത്ഥനാ കൂട്ടായ്മയിൽ സംബന്ധിച്ചു.

24 നാലുകോടി സെന്റ് റീത്താസ് പോസ്പിറ്റലിൽ സൈക്യാട്രി വാർഡിന്റെ ഉദ്ഘാടനത്തിൽ സംബന്ധിച്ചു.അസംപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ MARIOS- ന്റെ ആഭിമുഖ്യത്തിൽ നടന്ന 3-ാമത് സിമ്പോസിയത്തിൽ പങ്കെടുത്തു.

25 മണ്ണന്തല റാണിഗിരി ഇടവകയിൽ ഇടയനടുത്ത അജപാലന സന്ദർശനം നടത്തി.

തിരുവന്തപുരം ലൂർദ്ദ് ഫൊറോന ഇടവകയിൽ യുവദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

തിരുവന്തപുരം ലൂർദ്ദ് മാതാ കെയറിലെ അന്തേവാസികളെ സന്ദർശിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

**2018 ജനുവരി**

25 കുറമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

26 എസ്. ബി. കോളേജിൽ നടന്ന Alumni സമ്മേളനത്തിൽ പങ്കെടുത്തു.

27 കുറിച്ചി MLF Convent ന്റെ Golden Jubilee ആഘോഷത്തിൽ പങ്കെടുത്തു. അവിടെ നടന്ന ബ. സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിൽ കാർമ്മികത്വം വഹിച്ചു. സന്ദേശനിലയത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. അമല തിയളോജിക്കൽ കോളേജിന്റെ Home Day ൽ പങ്കെടുത്തു.

28 കൂലിപ്പുര ലൂർദ്ദ്മാത ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നൽകി.

31 കാനാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന നവവൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. സന്ദേശനിലയത്തിൽ നടന്ന വടവാതൂർ സെമിനാരിയിലെ വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫെബ്രുവരി 2018**

01 കോട്ടയം ലൂർദ്ദ് ദൈവാലയത്തിൽ ഇടവകദിനത്തിനോടനുബന്ധിച്ച് സന്ദേശം നൽകി.

04 പുതുക്കരി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിന്റെ ജൂബിലി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

09 കാനാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന നവവൈദികരുടെ സമ്മേളനത്തിൽ ക്ലാസെടുത്തു.

10 SB കോളേജിലെ സെന്റ് ജോസഫ് ഹോസ്റ്റലിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

14 പാറേൽ പള്ളിയിൽ നടന്ന അതിരൂപതാ ബൈബിൾ കൺവൻഷനിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

15 സന്ദേശനിലയത്തിൽ നടന്ന എക്ലേസിയയിൽ സന്ദേശം നൽകി. പാറേൽ പള്ളിയിൽ നടന്ന അതിരൂപതാ ബൈബിൾ കൺവൻഷനിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

17 കാഞ്ഞിരപ്പള്ളി കപ്പാട് Holly Cross ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

18 കുന്നന്താനത്തു നടന്ന എക്ലേസിയയിൽ പങ്കെടുത്തു. പാറേൽ പള്ളിയിൽ നടന്ന അതിരൂപതാ യുവജന കൺവൻഷനിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

19 SB സ്കൂളിൽ നടന്ന അദ്ധ്യാപകരുടെ Send-off Gatheringൽ പങ്കെടുത്തു.

20 കുറിച്ചി മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

22 SB കോളേജിൽ അദ്ധ്യാപകരുടെ Send-off Meeting ൽ പങ്കെടുത്തു.

24 Assumption College ഓഡിറ്റോറിയത്തിൽ നടന്ന സിറോ മലബാർ സഭയുടെ അഖിലേന്ത്യ അജപാലനാധികാരം സംബന്ധിച്ചുള്ള സിമ്പോസിയത്തിൽ പങ്കെടുത്തു.

# ENGAGEMENTS

**2018 MARCH**

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

**1.** **02.45 p.m.–03.30 p.m.** Visitors' Time

**2.** **05.00 p.m.** Conference with Final Year Minor Seminarians @ Niranam Seminary

**3.** **10.00 a.m.** Forane Council Meet *'Pithavinodothu'* of Alappuzha Forane @ Thathampally

4. Pastoral Visit @ Koilmuk, Edathua

**04.30 p.m.** Receptin to Chrisostom Metropolitan @ Kottayam

**5.** **03.00 p.m.** Assumption College Board Meeting @ Archbishop's House

6. Engaged

**7.** **02.45-04.00 p.m.** Visitors' Time

**8.** **11.00 a.m.** ChanganacherryForane AKCC Meet @ Assumption College

**9.** **02.30 p.m.** Gathering @ Kurichy Minor Seminary

**07.00 p.m.** Ecclesia–Ongoing Formation for Sisters @ Sehion Retreat Centre, Kunnamthanam

**10.** **06.30 a.m.** *Qurbana* @ Kunnamthanam

**10.00 a.m.** ForaneParish Council Members Meet @ Nedumkunnam

**11.30 a.m.**Yuvadeepthi-SMYM ArcheparchialProject Year Inauguration

**0.3.00 p.m.** Jubilee Celebration of St Francis Assisi Special School @ Poonthope

**07.45 p.m.** Ecclesia @ Kunnamthanam

11. **6.30 a.m.** Pastoral Visit @ Punnamada

12. 0**3.00 p.m.** Engaged

13. **06.30 a.m.** *Qurbana* @ ASMI Convent, Cheeranchira

**10.30 a.m.** Farewell Gathering @ Assumption College, Changanacherry

14.0 **02.45-04.00 p.m.** Visitors' Time

15. 0**6.00 p.m.** Inter Departmental Meeting

16. **07.00 p.m.** 'Athmeeyasahavasam'- Orientation programme of AKCC @ Mannanam

17. **10.00 a.m.** Orientation Programme for the Junior Lecturers @ SB College
**10.30 a.m.** Catholic Teacher's Guild State Convention @ SB College
**02.15 p.m.** *Palliqudasa* @ Purakkad
18 0**6.30 a.m.** Pastoral Visit @ Fathimapuram
19 0**9.30 a.m.-11.30 a.m.** Visitors' Time
0**2.45 p.m.–4.00 p.m.** Visitors' Time
20 **03.30 p.m. Engaged**
21 **02.30 p.m. Finance Council**
0**6.00 p.m.** Monthly Recollection @ Archbishop's House
22 **11.30 a.m.** Blessing 'Sevanikethan'– Special School @ Parel
23 **02.30 p.m.** Kurisumala Pilgrimage @ Karuvallikkadu
24 0**6.30 a.m.** Diaconate Ordination @ Cathedral
**10.00 a.m.** Farewell Gathering, Corporate Management Staff @ SBHSS
**04.00 p.m.** Pro-Life Day Celebration @ Cathedral
25 **Palm Sunday**
29 **Maundy Thursday**
30 **Good Friday**
31 Engaged

# ENGAGEMENTS

## 2018 MARCH

**Mar Thomas Tharayil**
**Auxiliary Bishop**

1 **08.30 a.m.** Curia
**09.00 a.m.** Recollection for Priests @ Thiruvalla
**11.30 a.m.** Annual Day @ KottackackapuramAnugraha Special School
**03.00 p.m.** *Navathy* Meet @ Mathematics Department, SB College
2 **05.00 p.m.** *Qurbana* @ Sakthikulangara
3 **04.30 p.m.** Senior Citizens Meet @ TVM
4 **10.00 a.m.** Catechism TeachersTraining Programme @ Edakunnu, Angamaly
**02.00 p.m.** SABS Generalate, Aluva
5 **10.30 a.m.** Anniversary and Send off @ Edathua St Alosious
**03.00 p.m.** Assumption College Managing Board @ Aramana
6 **11.30 a.m.** Kottayam Forane Conference @ Kattachira
**07.00 p.m.** Vocation CommissionSeminar @ Mount St Thomas
7 **08.30 a.m.** Curia
**02.30 p.m.** Visitors' Time
**05.00 p.m.** Kurumpanadam LP School
**05.30 p.m.** Pastoral Council Executive
**06.30 p.m.** Staff Meeting @ Kurichy Minor Seminary
8 **09.30 a.m.** Recollection for Priests @ TVM Malankara Archdiocese
**02.30 p.m.** CIMR @ TVM
9 **08.30 a.m.** Curia
**09.00 a.m.** Snehaveedu Inauguration @ Nalukody
**03.00 p.m.** Anniversary @ Ashabhavan
**07.00 p.m.** P.V.P. Vadavathoor
10 **04.00 p.m.** Forane Council @ TVM
**07.00 p.m.** Priest Conference @ TVM
11 **08.00 a.m.** *Qurbana* @ St Mary's Church, Thekkupara
**02.30 p.m.** Visitors'Time @ TVM
12 **09.30 a.m.** On-going Formation for Priests @ Thuckalay
13 Engaged
14 **08.30 a.m.** Curia
**02.00 p.m.** Annual day @ Pazhavangady School
**06.00 p.m.** Convocation @ Danahalaya
15 Engaged
16 **08.30 a.m.** Curia
**03.30 p.m.** Staff Meeting @ Abp's House
**05.00 p.m.** Holy Qurbana @ Pastoral Centre
17 **10.00 a.m.** Pro- Life Sunday School Teachers Meeting
**10.30 a.m.** Higher Education Meeting
**02.00 p.m.** Special School Annivesary @ Thathampally
**04.00 p.m.** *Qurbana* @ Purakkadu Filial Church

18 **08.00 a.m.** St. Joseph Feast @ TVM Lourdes
**04.00 p.m.** *Qurbana* @ ThekkanKurisumalaVellarada
19 **09.00 a.m.** Qurbana @ Kalavoor
**07.30 p.m.** Festal Celebrations @ Abp' House
20 **03.00 p.m.** On-going Formation for Priests @ Thuvanisa, Kothanalloor
**07.00 p.m.** Care Homes Prayer Meeting @ Parel
21 **08.30 a.m.** Curia
**02.30 p.m.** Visitors' Time
22 **10.30 a.m.** Annual day*Jeevodaya* Special School @ Kurumpanadam
**02.30 p.m.** Anniversary @ Parel Special School
**03.00 p.m.** Family Apostolate
23 **08.30 a.m.** Curia
**02.30 p.m.** Visitors' Time
24 **06.30 a.m.** Diaconate Ordination @ Cathedral
**12.00 p.m.** Send off @ SB High School
**03.00 p.m.** Pro-life Seminar @ Parel
25 Palm Sunday @ Aryankavu
**02.30 p.m.** Visitors'Time @ TVM
26 Engaged
27 Prayer Day
28 **08.30 a.m.** Curia
**02.30 p.m.** Visitors' Time
**06.00 p.m.** Nedumkunnam
29 **10.00 a.m.** Forane Priests' Conference @ Amboori
**03.00 p.m.** Pesaha @ St. George ForaneAmboori
30 Good Friday @ TVM
31 **03.30 p.m. - 06.30 p.m.** Visitors' time, TVM

## ENGAGEMENTS 2018 MARCH

**Mar Joseph Powathil**
**Archbishop Emeritus**

01 **02.30 p.m.** M. P. Paul-Foundation Meeting @ S.B. College
03 **10.30 a.m**. Benedictory Speech @ Teacher Training Institute Vazhappally
05 **11.00 a.m.** Artistic Camp @ Media Village
11 **9.00 a.m.** Eccalasia at Kunnamthanam
17 **10.00 a.m**. Teacher's Seminar @ S. B. College
**11.00 a.m.** Teacher's Guild State Convention
24 **6.30. a.m**. Diaconate Ordination @ Cathedral
25 **7.00 a.m.** Palm Sunday @ Thottackad
**03.00 p.m.** Yuvadeepthi Project Inauguration @Vadakkekkara M
29 **03.30 p.m.** Maundy Thursday @ Mavelikkara